മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മാധ്യമം

# മലങ്കരസഭ

## M A L A N K A R A   S A B H A

:: ജൂൺ 2012 :: Rs : 15 :: READ ONLINE » www.malankarasabha.in

- പരിസ്ഥിതി പഠനം : ഹരിതസംവർദ്ധനം
- കനൽ വഴികൾ : പൊതുജന താൽപര്യാർത്ഥം
- അകത്തളം : പള്ളികളുടെ പദവി നിർണ്ണയം



# B~~P~~AN MASALA..!




CONTENTS

# MAR BASELIOS CHRISTIAN COLLEGE OF ENGINEERING & TECHNOLOGY

MBC

Kuttikkanam,Pallikunnu P.O. Peermade, Idukki Dist, Kerala 685 531

Email: mbc@mbcpeermade.com; Web: www.mbcpeermade.com

Phone: 04869 - 233571/233572/233573/327775, Fax: 04868-233574

*Owned and Managed by Malankara Orthodox Syrian Church*

*(Approved by AICTE & Affiliated to MG University, Kottayam)*



| Sl No | Courses Offered | Intake |
|---|---|---|
| 1. | B.Tech - Electronics & Communication Engineering | - 120 |
| 2. | B.Tech - Computer Science & Engineering | - 60 |
| 3. | B.Tech - Electrical & Electronics Engineering | - 60 |
| 4. | B.Tech - Mechanical Engineering | - 60 |
| 5. | B.Tech - Applied Electronics & Instrumentation | - 60 |
| 6. | B.Tech - Civil Engineering | - 60 |

## WANTED

*Applications are invited for the following positions from eligible candidates*

**Professors, Associate professors & Asst. Professors**
in CE, ME, EEE,ECE, CSE and Applied Electronics & Instrumentation. (Candidates with minimum M.Tech degree need apply)

**Lecturer in Physical Education and Mathematics** - Qualifications as per AICTE norms

**Library Assistants** - Diploma/Certificate course in library science

**Lab Assistants in Civil Engineering** - Diploma in Civil Engg

**Hostel Manager** - Ex-service men with minimum +2


Apply within15 days to the Administrative Office, Devalokam

*For Admission and Other Information, Please contact*

The Principal
MBC College of Engineering & Technology
Kuttikkanam, Peermade, Idukki Dist., Kerala
Phone: 04869 - 233571, 233578
Email: principal@mbcpeermade.com
www.mbcpeermade.com

The Director
MBC College of Engineering & Technology
Administrative Office, Catholicate Palace
Devalokam, Kottayam
Phone: 0481 - 2574522, 2578500 (Ext-201)
Email: aramana@mbcpeermade.com

**(MBCCET- A Minority Educational Institution as per Section 2(g) of the National Commission for Minority Educational Institutions Act 2004.)**



# മലങ്കരസഭ

ലക്കം 6,
പുസ്തകം 69
ജൂൺ 2012

ദേവലോകം, കോട്ടയം -04. ഫോൺ: 0481 - 2573234
Fax : +91 481 2573234

5 മഹാപുരോഹിത സന്ദേശം

10 സഭാകാര്യം
എന്റെ പ്രവർത്തനം സഭയിലൽ
- എം.ജി. ജോർജ് മുത്തൂറ്റ്

12 പഠനം
വിദ്യാഭ്യാസ നിയമങ്ങൾ
- അഡ്വ. ഫാ. ജോൺകുട്ടി കെ.

16 അകത്തളം
പള്ളികളുടെ പദവി നിർണ്ണയം
- ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

19 ആരോഗ്യം
കളരിപ്പയറ്റും മർമ്മ...
- പി.എ. ജോയി ഗുരുക്കൾ

22 വേദച്ചുരുൾ
നേർച്ച
- പി.ഇ. സ്ക്കറിയ

30 കഥ
ആധുനികം
- സാജൻ പാളയം

8 പരിസ്ഥിതി
ഹരിത സമ്പദ് ദർശനം
- ഡോ. ജോസഫ് മാർ ദീവന്നാസ്യോസ്

6 എഡിറ്റോറിയൽ
വൈറസുകളുടെ മുഖപുസ്തകം
- ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

25 ഗസ്റ്റ്
ശെമവോന്റെ സങ്കീർത്തനം
- അനിൽ പനച്ചൂരാൻ

26 കനൽ വഴികൾ
പൊതുജന താൽപര്യാർത്ഥം
- സത്യവാൻ കൊട്ടാരക്കര

***സ്ഥിരം പംക്തികൾ***

ധ്യാനപംക്തി, വനിതാസഭ, ആയൂർദർശനം, പിൻമൊഴി, സമ്യഗ് ദർശനം, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ, കത്തുകൾ




CONTENTS

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മാധ്യമം

# മലങ്കരസഭ

## EDITORIAL BOARD

*പ്രസിഡന്റ്*
ഡോ. സഖറിയാസ് മാർ അപ്രേം
Phone: 0481- 2578500, 2578499

*ചീഫ് എഡിറ്റർ*
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

*മാനേജിംഗ് എഡിറ്റർ*
ഫാ. തോമസ് പി. മുകളിൽ
Mob:- 9447421948

*സബ് എഡിറ്റർ*
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

*അംഗങ്ങൾ*
ഫാ. ഡോ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം
ഡോ. ജോർജ്ജ് ജോസഫ്
(അസ്സോസിയേഷൻ സെക്രട്ടറി)
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പ്രൊഫ. മേരി കുര്യൻ
പ്രൊഫ. മേരി മാത്യു

*Graphic Designing:-*
Jinto Kurichy at
Malankara Sabha, Devalokam.

*Cover:-*
Father&Mayer
Innovative Concepts

### വരിസംഖ്യ

| | |
|---|---|
| *ഇന്ത്യയിൽ* | |
| *ഒറ്റപ്രതി* | *: 15 രൂപ* |
| *ഒരു വർഷം* | *: 150 രൂപ* |
| *3 വർഷം* | *: 450 രൂപ* |
| *വിദേശത്തേക്ക്* | |
| *ഒരു വർഷം* | *: 2000 രൂപ* |





**ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം**

# സമ്യഗ് ദർശനം

"ഭാഷ" എല്ലാ ആശയവിനിമയങ്ങൾക്കുമുള്ള മൂലധനമാണ് . വിനിമയങ്ങൾക്കിടയിലെ എല്ലാ ഭാഷ നഷ്ടപ്പെടലും ദുരന്തങ്ങളാണ് സമ്മാനിക്കുക. ഭാഷ നഷ്ടപ്പെടലിന് ആശയവിനിമയ അകലം (Communication gap) എന്ന് ലളിതമായി ഉപയോഗിക്കുന്നവരാണ് നമ്മൾ. ഭാഷ നഷ്ടപ്പെട്ട് തുടങ്ങുമ്പോൾ 'ബാബേൽ' ഒരു ദുരന്തമായി അവ സാനിക്കുകയാണ്. നാം കെട്ടിപ്പൊക്കിയ എത്ര ബാബേലുകൾ ഭാഷ നഷ്ടപ്പെട്ടതിന്റെ പേരിൽ ഇടിഞ്ഞമരുവാൻ വ്യഗ്രതപ്പെടുന്നുണ്ടാവും. ഭാഷ നഷ്ടപ്പെട്ട് തുടങ്ങുമ്പോഴാണ് ഞങ്ങൾ ഒന്നാണ് എന്ന് നിനച്ച് ഒരുമിച്ചവർ വിവാഹബന്ധവിശ്ഛേദനത്തിന് (Divorce) ഒരുങ്ങുന്നത്. ഇനി അവരെ ഒരുമിപ്പിക്കാൻ മറ്റൊരു ഭാഷയില്ലെന്ന് വരുന്നു.

ജപ്പാനീസ് ഭാഷയിലെ "Mokusatsu" എന്ന വാക്കിന് 'അവഗണിക്കുക' അഭിപ്രായം തത്ക്കാലം പറയാതിരിക്കുക, 'അഭിപ്രായമില്ല' എന്ന അർത്ഥങ്ങളുണ്ട്. ഹിരോഷിമയിലും നാഗസാക്കിയിലും ആറ്റംബോംബ് ഇടുന്നതിന് മുമ്പ് അമേരിക്കൻ ഗവൺമെന്റ് ജപ്പാനീസ് ഗവൺമെന്റിന് മുന്നറിയിപ്പ് നൽകി തങ്ങളുടെ കൈയ്യിൽ മാരകായുധമുണ്ടെന്നും അത് ഉപയോഗിച്ചാൽ പട്ടണങ്ങൾ മരുഭൂമികളായി മാറുമെന്നും അതുകൊണ്ട് കീഴടങ്ങുകയാണ് വേണ്ടതെന്നും അമേരിക്ക അറിയിച്ചു. ക്യാബിനറ്റ് ഡിസ്കഷൻ നടത്തിക്കൊണ്ടിരിക്കുന്ന ആ സന്ദർഭത്തിൽ 'Kusatsu' പരിപാലിക്കുകയാണ് തങ്ങളെന്ന് ജപ്പാനീസ് സർക്കാർ മറുപടി കൊടുത്തു. ഭാഗ്യക്കേട് കൊണ്ട് അവഗണിക്കുന്നു (ignore) എന്ന് തർജ്ജമ ചെയ്യപ്പെട്ടു. അഭിപ്രായം പിന്നീട് പറയാം എന്നാണ് അവർ ഉദ്ദേശിച്ചത്. തർജ്ജമ കേട്ട അമേരിക്കൻ സർക്കാർ ആറ്റം ബോംബ് ഇട്ടു. ഭാഷ നഷ്ടപ്പെട്ടിടത്ത് ഒരു ജനതയ്ക്ക് മുഴുവൻ ദുരന്തമുണ്ടായി. എല്ലാ ആക്രമണങ്ങൾക്ക് പിന്നിലും, പിടിച്ചടക്കലുകൾക്ക് പിന്നിലും അധികാര പ്രയോഗങ്ങൾക്ക് പിന്നിലും ഒരു ഭാഷ നഷ്ടപ്പെടൽ ഉണ്ട്.

കുടുംബത്തിൽ ഭാഷ നഷ്ടപ്പെട്ട് പോകുന്നത് കൊണ്ടാണ് മക്കൾ മുതിരുമ്പോൾ മാതാപിതാക്കളുടെ ഭാഷ മനസ്സിലാകാതെ പോകുന്നത്. അവർക്കൊരു മൂലകാട്ടിക്കൊടുത്ത് അവിടെ അടങ്ങിയിരിക്കാൻ പറയുക. കുടുംബ സ്വത്തുക്കൾ 'ഡിസ്പോസ്' ചെയ്ത് അവർക്ക് വൃദ്ധസദനത്തിൽ മുറിയൊരുക്കുക. അതുമല്ലെങ്കിൽ വീട്ടിൽ ഒരു ഹോം നഴ്സിനപ്പുറം ആഡംബരം ഒന്നും അവർക്കാവശ്യമില്ല എന്ന് ചിന്തിക്കാനാവുക.

ബുദ്ധൻ ജനസമൂഹത്തോട് സംസാരിക്കുമ്പോൾ ഒരാൾ കോപപ്പെട്ട് മുഖത്ത് തുപ്പി തന്റെ ശിഷ്യന്മാർ അയാളെ ആക്രമിക്കുവാൻ മുതിർന്നു ബുദ്ധൻ അവരെ വിലക്കി അവരോട് പറഞ്ഞു. "അയാൾക്ക് എന്തോ പറയാനുണ്ടായിരുന്നു. പക്ഷെ അയാൾക്ക് ഭാഷ നഷ്ടപ്പെട്ടു." ബുദ്ധൻ പറയുന്നത് ഭാഷ നഷ്ടപ്പെടുമ്പോഴാണ് പ്രാകൃത പ്രവൃത്തികൾ ചെയ്യുന്നത് എന്നാണ്. എല്ലാ വ്യക്തി സാഹിത്യകൾക്ക് പിന്നിലും ഒരു ഭാഷ നഷ്ടപ്പെടൽ ഉണ്ട്. മറ്റുള്ളവരെ വിധിക്കുന്നതിന് പിന്നിലും ഈ ഭാഷ നഷ്ടപ്പെടൽ ആണ് ഉള്ളത്. ഒരാളെ ദാരുണമായി വധിക്കാൻ തീരുമാനിക്കുന്നതിന് പിന്നിലും ഭാഷ നഷ്ടപ്പെടൽ ആണ്. ദൈവത്തോടുള്ള ഭാഷ നഷ്ടപ്പെടൽ ആണ് ദൈവത്തിൽ നിന്ന് മനുഷ്യൻ ആണ് അകന്ന് പോകുന്നത്.

*"ഭാഷ നഷ്ടപ്പെടൽ ജീവൻ നഷ്ടപ്പെടൽ ആണ്"*



# മഹാപുരോഹിത സന്ദേശം



കേരളത്തിന്റെ ധാർമ്മിക മനസ്സാക്ഷി ഞെട്ടി വിറങ്ങലിച്ചുനിൽക്കുന്ന ഒരവസരത്തിലാണ് നാം ഇത് എഴുതുന്നത്. മനുഷ്യർക്ക് സമാധാനപരമായി ജീവിക്കുവാൻ സാധ്യമാവാത്തവിധം നമ്മുടെ നാടിന്റെ രാഷ്ട്രീയ സാമൂഹ്യ അന്തരീക്ഷം വല്ലാതെ മലീമസമാക്കപ്പെട്ടിരിക്കുന്നു എന്ന് ആനുകാലിക സംഭവങ്ങൾ ദൃഷ്ടാന്തീകരിക്കുന്നു. "ആദർശശുദ്ധിയില്ലാത്ത രാഷ്ട്രീയം" എന്ന മഹാപാപം തീവ്രമായി ഗ്രസിച്ചിരിക്കുന്ന ഈ നാട്ടിൽ ഈവിധമായ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുവാൻ മനുഷ്യ മന:സാക്ഷി ഉണരേണ്ടിയിരിക്കുന്നു. വ്യക്തി സ്വാതന്ത്ര്യവും രാഷ്ട്രീയ സ്വാതന്ത്ര്യവും നിലനിൽക്കുന്ന ഒരു രാഷ്ട്രത്തിൽ പൗരന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഭരണകൂടം അതിൽ പരാജയപ്പെടുന്ന കാഴ്ച ദയനീയമാണ്. മലങ്കര സഭാ കേസുകളുടെ പശ്ചാത്തലത്തിൽനിന്നും മാറി ചിന്തിച്ചാൽപോലും മലങ്കര വർഗീസ് കൊലപാതക കേസിൽ ഉൾപ്പെട്ട ഉന്നതരെ നിയമത്തിനുകീഴിൽ കൊണ്ടുവരുവാൻ സാധിക്കാത്ത അവസ്ഥ ഇതുമായി ചേർത്ത് നാം വായിക്കേണ്ടതുണ്ട്. ഏറ്റവും ഒടുവിൽ മാമലശ്ശേരി പള്ളിയിൽ നമ്മുടെ വൈദിക ട്രസ്റ്റി ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിന് നേരെ നടന്ന വധശ്രമവും മലങ്കര സഭയുടെ വിവിധ പള്ളികളിൽ വിഘടിത വിഭാഗം നടത്തിക്കൊണ്ടിരിക്കുന്ന അതിക്രമങ്ങളും ഗുണ്ടായിസവും ഗൗരവത്തോടെ ഭരണകൂടം കാണുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് മലങ്കര സഭ ആവശ്യപ്പെടുന്നത് അതുകൊണ്ടാണ്. ക്രമസമാധാനം തകർക്കുവാനും മനുഷ്യരെ മൃഗീയമായി കൊലപ്പെടുത്തുവാനും സജ്ജരായ ഗുണ്ടാസംഘങ്ങളെ വളർത്തുന്നവർ രാഷ്ട്രീയ രംഗത്തുള്ളവരായാലും ആത്മീയ രംഗത്തുള്ളവരായാലും ശിക്ഷിക്കപ്പെടുക തന്നെ വേണം. ദൈവത്തിന്റെ സ്വന്തം നാട്ടിൽ ഇവിടുത്തെ മക്കൾക്ക് ഭീതികൂടാതെ ജീവിക്കുവാനും ആരാധിക്കുവാനും പ്രവർത്തിക്കുവാനുമുള്ള അവകാശം സംരക്ഷിക്കുവാൻ തക്കവണ്ണം ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർ എത്ര ഉന്നതരായാലും അവർക്കെതിരെ മാതൃകാപരമായ ശിക്ഷണ നടപടികൾ സ്വീകരിക്കുവാനും സമാധാനം നിലനിർത്തുവാനുമുള്ള സാഹചര്യം സൃഷ്ടിക്കുവാനും സാമൂഹിക പ്രതിബദ്ധതയുള്ള ഗവൺമെന്റ് തയ്യാറാകണം.

ജീവിക്കുന്ന ചുറ്റുപാടുകൾ ഈവിധം പൊള്ളുന്ന യാഥാർത്ഥ്യങ്ങളാൽ ദുസ്സഹമാകുമ്പോൾ സമൂഹം പ്രതീക്ഷയോടെ നോക്കുന്നത് പ. സഭയിലേക്കാണ്. അവരുടെ പ്രതീക്ഷകൾക്കൊത്ത് ഉയരുവാൻ പ. സഭയ്ക്ക് സാധിക്കുന്നുണ്ടോ എന്ന് ഒരു ആത്മപരിശോധന നാമും നടത്തേണ്ടിയിരിക്കുന്നു. ഈ ലോകത്തെ ആനന്ദിപ്പിക്കുന്ന പുതുവീഞ്ഞായി പ. സഭയ്ക്ക് എങ്ങനെ വർത്തിക്കുവാൻ കഴിയും എന്ന ഗൗരവമായ ഒരു അന്വേഷണം, നമുക്ക് പുതിയ പ്രവർത്തന മേഖലകളെ തിരിച്ചറിയുവാനും കാര്യക്ഷമമായ പദ്ധതികളിലൂടെ അവ നടപ്പിൽ വരുത്തുവാനും മുഖാന്തിരമായിത്തീരും എന്ന് നാം ആശിക്കുന്നു. പ. സഭയിലെ ഒരു കുഞ്ഞുപോലും നഷ്ടമായിപ്പോകാതെ പ.സഭാ ജീവിതത്തിൽ അടിയുറച്ച് അവർ വളർന്നുവരുന്നതിന് ആവശ്യമായ നടപടികൾ കൂടുതൽ ഊർജ്ജസ്വലതയോടെ നടപ്പിൽ വരുത്തുന്നതിന് നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കുടുംബഭദ്രതാ പദ്ധതി, ക്രിസ്തീയ രക്ഷാകർതൃപദ്ധതി തുടങ്ങിയ പ്രോഗ്രാമുകളിലൂടെ നമ്മുടെ കുടുംബബന്ധങ്ങൾ കൂടുതൽ ശക്തമായി നിലനിർത്തുന്നതിന് സഭാമക്കളെ പ്രബുദ്ധരാക്കുവാൻ സാധിച്ചു എന്നതിൽ നമുക്ക് ഏറെ സന്തോഷമുണ്ട്. എന്നാൽ നമ്മുടെ ഭവനങ്ങളിൽ ഏറ്റം മാനസികവും ശാരീരികവുമായ പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ട് ഏകാന്തതയിൽ കഴിയുന്ന നിരവധി വൃദ്ധമാതാപിതാക്കളുടെ പ്രശ്നങ്ങളെ ഗൗരവപൂർവ്വം കാണുന്നതിനും അവരെ സഹായിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും പ. സഭയ്ക്ക് സാധിക്കേണ്ടിയിരിക്കുന്നു. ഈ വർഷം അപ്രകാരമുള്ള ഒരു പഠനപദ്ധതിയും അതിന്റെ തുടർച്ചയായ പ്രവർത്തനങ്ങളും നമ്മുടെ മാനവവിഭവശേഷി വകുപ്പിന്റെ നേതൃത്വത്തിൽ ഈ മേഖലയിൽ ചെയ്യണമെന്ന് നാം ആഗ്രഹിക്കുന്നു. പരിസ്ഥിതി ദിനമായി ആചരിക്കുന്ന ഈ നാളുകളിൽ പ. സഭ മുഴുവനായും സമസ്ത പ്രപഞ്ചത്തിന്റെയും സംരക്ഷണത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥനകൾ നടത്തുകയും, പരിസ്ഥിതി സംരക്ഷണത്തിനുള്ള വിവിധ കർമ്മ പരിപാടികളിൽ ഉത്സാഹപൂർവ്വം പങ്കുകാരാവുകയും ചെയ്യണം.

**ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ**

EDITORIAL

# വൈറസ്സുകളുടെ 'മുഖപുസ്തകം'



FACE VIRUS

ഇന്റർനെറ്റ് സൃഷ്ടിച്ച 'മായിക ലോക'ത്തെ സജീവ സാന്നിധ്യമാണ് ഫെയ്സ് ബുക്ക്. അമേരിക്കയിൽ 2004-ൽ ആരംഭിച്ച സ്വകാര്യ സോഷ്യൽ നെറ്റ് വർക്കിംഗ് വെബ് സൈറ്റായ ഫെയ്സ് ബുക്കിന് ഇപ്പോൾ 80 കോടി ഉപയോക്താക്കൾ ഉണ്ട്. സ്വകാര്യ സന്ദേശങ്ങളും ശബ്ദ-ദൃശ്യങ്ങളും സുഹൃത്തുക്കൾക്ക് പങ്കിടുന്ന ഫെയ്സ് ബുക്ക് ഹിന്ദി, പഞ്ചാബി, ബംഗാളി, തെലുങ്ക്, തമിഴ്, മലയാളം ഭാഷകളിലും ലഭ്യമാണ്. ലോകത്തെ പ്രമുഖ ഭാഷകളിലെല്ലാം ഫെയ്സ് ബുക്ക് സംവേദനത്തിനുള്ള സംവിധാനം ഉടൻ ഉണ്ടാകും.

നവ സാങ്കേതികതയിൽ വളരുന്ന സമൂഹത്തിന് ആഗോളതലത്തിൽ സൗഹൃദങ്ങൾ സൃഷ്ടിക്കുന്നതിനും സംവേദിക്കുന്നതിനും ഫെയ്സ് ബുക്ക് സേവനം അതുല്യമാണ്. ഫെയ്സ് ബുക്കിലൂടെ പ്രായഭേദമെന്യേ ഏവർക്കും സംവേദിക്കുവാൻ കഴിയുന്നതിനാൽ 'വിവര സമൂഹത്തെ' അതി ശീഘ്രം സ്വാധീനിക്കുന്നു. എന്തും ഏതു നേരത്തും എവിടെവച്ചും ഫെയ്സ് ബുക്കിലേക്ക് ഉൾക്കൊള്ളിക്കുവാനും സ്വീകരിക്കുവാനും കഴിയുന്നു. അതിനാൽ ലോകത്തെ ഏറ്റവും സ്വാധീന ശേഷിയുള്ള നെറ്റ് വർക്കായി ഫെയ്സ് ബുക്ക്. ഇതിൽ അംഗമാകുന്നവർ അജ്ഞാതരായ അനേകരുടെ സുഹൃത്തുക്കളാകുന്നു. ആഗോളതലത്തിൽ സൗഹൃദങ്ങൾ സൃഷ്ടിക്കുന്ന ഫെയ്സ്ബുക്ക് വൻകിട ബിസിനസിന്റെയും പരസ്യത്തിന്റെയും കേന്ദ്രസ്ഥാനവുമാണ്.

യുവജന സാമൂഹിക മാധ്യമമായ (Social Media) ഫെയ്സ് ബുക്കിന്റെ 2012 -ലെ 'കൺസ്യൂമർ റിപ്പോർട്ടി'ലെ സർവ്വേ പ്രകാരം ഇന്ത്യയിൽ 60% ഉപയോക്താക്കളും 13-നും 14-നും മധ്യേ പ്രായമുള്ളവരാണ്. ഫെയ്സ് ബുക്ക് പ്രായം 13 ആണെങ്കിലും തെറ്റായ വിവരങ്ങൾ നൽകി ചെറുകുട്ടികൾ പോലും ഇതിൽ പങ്കാളികളാകുന്നു. മൊബൈൽ ഫോൺ വഴി ഇവർ ഫെയ്സ് ബുക്കിലെത്തുന്നു.

ഇന്ത്യൻ നഗരങ്ങളിലെ 123000 ഹൈസ്കൂൾ വിദ്യാർത്ഥികളിൽ 'ടാറ്റ കൺസൾട്ടൻസി' 2012 -ൽ നടത്തിയ പഠനത്തിൽ 85% സ്കൂൾ വിദ്യാർത്ഥികൾക്കും ഫെയ്സ് ബുക്ക് ഉണ്ട്. ഇവരിൽ 79% ത്തിനും സ്വന്തമായി മൊബൈൽ

ഫോൺ ഉണ്ട്. ഫെയ്സ് ബുക്ക് കൂട്ടായ്മയിലേക്ക് തള്ളിക്കയറുന്നവരിൽ 65% വും ഹൈസ്കൂളിലെ ആൺകുട്ടികളാണ്. (www.tcs.com/genysurvey; May 2012). മദ്യ മയക്കുമരുന്നുകൾ പോലെ ഫെയ്സ് ബുക്ക് സംസ്കാരം വിദ്യാർത്ഥി സമൂഹത്തെ ഗ്രസിച്ചു കഴിഞ്ഞു.

അനവധി സത്ഗുണങ്ങൾ ഫെയ്സ് ബുക്ക് വിളംബരം ചെയ്യുന്നുണ്ടെങ്കിലും ഇവ ഉയർത്തുന്ന ധാർമ്മികവും സാമൂഹികവുമായ വെല്ലുവിളികൾ അനവധിയാണ്. മതവിശ്വാസത്തെയും നേതാക്കന്മാരെയും ഫെയ്സ് ബുക്കിലൂടെ ആക്രമിക്കുമ്പോൾ പരമ്പരാഗതമായ വിശ്വാസപ്രമാണങ്ങളും പൈതൃകങ്ങളും ചോദ്യം ചെയ്യപ്പെടുകയും ദുർവ്യാഖ്യാനം ചെയ്ത് പ്രചരിപ്പിക്കപ്പെടുകയും ചെയ്യുന്നു. സഭയിലും സമൂഹത്തിലും അഭിപ്രായങ്ങൾ പങ്കിടുവാൻ വേദികൾ നഷ്ടപ്പെട്ടപ്പോൾ ലഭ്യമായ പൊതുവേദിയാണ് (Public Sphere) ഫെയ്സ് ബുക്ക്. വിവര വിജ്ഞാനങ്ങൾ വക്രീകരിച്ച് പ്രചരിപ്പിക്കുന്നതിൽ വിവിധ തലത്തിലുള്ള സംഘടിത ശ്രമങ്ങൾ വ്യാപകമാണ്. സൈബർ നിയമത്തിന്റെ വഴികൾ ദുർബലമായതിനാൽ അറിവിന്റെ ചൂഷണവും ദുരുപയോഗവും വർദ്ധിക്കുകയാണ്. ചിലർ ശബ്ദവും ദൃശ്യവും സ്വയം ചിത്രീകരിച്ച് ജീവിതം പർവ്വതീകരിക്കുവാനുള്ള ശ്രമത്തിലുമാണ്.

ഫെയ്സ് ബുക്ക് വിദ്യാർത്ഥികളിൽ ശാരീരികവും മാനസികവും ബുദ്ധിപരവുമായ നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. നവസാങ്കേതികതയുടെ അതിരറ്റ ഉപഭോഗം, ഉത്കണ്ഠ, മാനസിക സമ്മർദ്ദം, സ്വഭാവവൈകൃതങ്ങൾ തുടങ്ങിയ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പഠനം, വായന, എഴുത്ത്, ധ്യാനം, മനനം തുടങ്ങിയ ജ്ഞാന മാർഗ്ഗങ്ങളിൽ നിന്നും പിന്തിരിഞ്ഞ് 'ഒറ്റപ്പെട്ട ലോക'ത്തേക്ക് എത്തുന്നു. ഫെയ്സ് ബുക്കിന്റെ അമിത ഉപയോഗമുള്ളവർ തല, നടുവ്, കണ്ണ് തുടങ്ങി വിവിധങ്ങളായ ശാരീരിക വേദനകൾക്ക് അടിമപ്പെടുന്നു. ഇങ്ങനെ ഫെയ്സ് ബുക്കിൽനിന്നും ജീവിതത്തിലേക്ക് പടർന്നു കയറുന്ന 'വൈറസുകൾ' വിദ്യാർത്ഥി സമൂഹത്തെ മാനസികമായും ശാരീരികമായും തകർക്കുന്നു. ഇപ്പോൾ സഭ്യതയുടെ അതിർവരമ്പുകൾ ലംഘിക്കുന്ന ഫെയ്സ് ബുക്ക് (Face Book), ഫെയ്ക്ക് ബുക്കായി (Fake Book) തീർന്നു.

പുതുസമൂഹത്തെ അയഥാർത്ഥ സാമൂഹികതയിലേക്ക് ഫെയ്സ് ബുക്ക് നയിക്കുകയാണ്. ഇവർക്ക് ആരോഗ്യപരമായ വ്യക്തിബന്ധങ്ങളും സാമൂഹിക ഇടപെടലുകളും സാധിക്കുന്നില്ല. ഫലപ്രദമായ സംവേദന നൈപുണ്യവും തകരുന്നു. 'ഫെയ്സ് ബുക്ക് ഭാഷയും സംസ്കാരവും' സ്കൂൾ വിദ്യാഭ്യാസത്തിലേക്ക് അതിശക്തമായി സംക്രമിക്കുന്നതിനാൽ സ്ഥല-കാല-ബോധവും സാമൂഹിക കുടുംബബന്ധങ്ങളും വിദ്യാർത്ഥികൾ വിസ്മരിക്കുന്നു. ഫെയ്സ് ബുക്ക് സൃഷ്ടിക്കുന്ന 'ഫാന്റസി ലാന്റിൽ' ലഭ്യമാകുന്നത് തികച്ചും മായികാനുഭവങ്ങളായിരിക്കും.

ഉന്നതമൂല്യങ്ങൾ പരിരക്ഷിക്കുന്ന ഇന്ത്യയിലെ മികച്ച സ്കൂളുകൾ കുട്ടികൾക്ക് ഫെയ്സ് ബുക്ക് അക്കൗണ്ട് നിഷേധിച്ചിരിക്കുകയാണ്. മായിക ജീവിതത്തിൽനിന്നും വിദ്യാർത്ഥി സമൂഹത്തെ രക്ഷിക്കുവാൻ സ്കൂൾ അധികൃതരും രക്ഷിതാക്കളും ചേർന്ന് സ്വീകരിച്ച നടപടിയിൽ വിദ്യാർത്ഥികൾക്ക് പ്രതിഷേധവും ഇല്ല.

നീതിപൂർവ്വം ധാർമ്മികബോധത്തോടെ ഈ സാമൂഹിക മാധ്യമത്തെ ആഗോളതലത്തിൽ പ്രയോജനപ്പെടുത്തുവാൻ കഴിയണം. നന്മയും തിന്മയും തിരിച്ചറിയുവാനുള്ള സർഗ്ഗാത്മകത ബോധനപ്രക്രിയയിൽ വിദ്യാർത്ഥി സമൂഹം സ്വയം ആർജ്ജിക്കണം. അജ്ഞാത സൗഹൃദങ്ങളിലൂടെ ഫെയ്സ് ബുക്കിന് ഇരകളാകുന്ന വിദ്യാർത്ഥികളെ വീണ്ടെടുക്കുവാൻ അദ്ധ്യാപക-രക്ഷാകർത്താക്കളും മതനേതാക്കളും പ്രതിജ്ഞാബദ്ധരാകണം. ഫെയ്സ് ബുക്കിന്റെ രാഷ്ട്രീയ-സാമൂഹിക-വിപണി സിദ്ധാന്തങ്ങളുടെ 'മുഖപുസ്തകം' വായിച്ചറിയുവാൻ കഴിയണം.

> " ഇപ്പോൾ സഭ്യതയുടെ അതിർവരമ്പുകൾ
> ലംഘിക്കുന്ന ഫെയ്സ് ബുക്ക് (Face Book),
> ഫെയ്ക്ക് ബുക്കായി (Fake Book) തീർന്നു. "

**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**
ചീഫ് എഡിറ്റർ
karingattilachan@gmail.com

ഡോ. ജോസഫ് മാർ ദിവന്നാസിയോസ്
മെത്രാപ്പോലീത്ത
(സഭാ പരിസ്ഥിതി കമ്മീഷൻ ഉപാദ്ധ്യക്ഷൻ)



പരിസ്ഥിതി

# വേണം നമുക്കൊരു ഹരിതസമ്പദ് ദർശനം

ഹരിതസമ്പദ്‌വ്യവസ്ഥയുടെ ഭാഗമാകുവാൻ ആഹ്വാനം ചെയ്തുകൊണ്ട് മറ്റൊരു പരിസ്ഥിതി ദിനംകൂടി ജൂൺ 5ന് ആഗോളതലത്തിൽ ആഘോഷിക്കപ്പെടുന്നു. ‘പൊൻമുട്ടയിടുന്ന താറാവെ’ന്ന ഈസോപ്പു കഥയിലെ കൃഷിക്കാരനെ അനുസ്മരിപ്പിക്കും വിധം മനുഷ്യൻ ആർജ്ജന ഉപഭോഗ– ആഡംബര ജീവിതക്രമത്താൽ പരിസ്ഥിതിയെ മരണാസന്നമാക്കിയിരിക്കുന്നു. അതീവ ആശങ്കാജനകമായ ഈ ദുരവസ്ഥ അടിയന്തരമായി തിരുത്തപ്പെടേണ്ടതാണ്. സുസ്ഥിര വികസനത്തിനും, ദാരിദ്രനിർമ്മാർജ്ജനത്തിനും ഊന്നൽ നല്കുന്ന സാമ്പത്തികക്രമവും, ജീവിത ശൈലിയും അനുവർത്തിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന തിരിച്ചറിവും അതിനുപയുക്തമായ തിരുത്തലുകളും ഈ വർഷത്തെ പരിസ്ഥിതിദിനാഘോഷത്തെ ഹരിതാഭമാക്കും.


മനുഷ്യരാശിയുടെ സാമൂഹിക സമത്വത്തിലൂന്നിയ ഉന്നമനവും ആവാസവ്യവസ്ഥയിൽ രൂപപ്പെട്ട ന്യൂനതകളുടെയും പരിസ്ഥിതി പ്രശ്നങ്ങളുടെയും പരിഹാരം കാണലുമാണ് ഹരിത സമ്പദ്‌വ്യവസ്ഥ ലക്ഷ്യമിടുന്നത്. കാർബൺ അടിസ്ഥാനമായ ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗം കുറയ്ക്കുന്നതും, മനുഷ്യന്റെ സാമൂഹികവും സാമ്പത്തികവുമായ ഭദ്രതയോടൊപ്പം സൃഷ്ടിക്രമങ്ങളുടെ സമൃദ്ധമായ ജീവനും പാരസ്പര്യതയും പാലിക്കുന്നതുമായ ദർശനമാണ് ഹരിതസാമ്പത്തിക നയം. സുസ്ഥിര നേട്ടങ്ങൾക്കൊപ്പം മലിനീകരണം കുറയ്ക്കുന്നതിനും, ഉപയോഗ നൈപുണ്യത്താൽ (Utilization efficiency) സ്രോതസ്സുകളുടെ ലഭ്യത വരുംതലമുറകൾക്കും സുലഭമാക്കുവാനും ഈ നയം ഉപയുക്തമാകും. പരിസ്ഥിതി സൗഹൃദ നിക്ഷേപങ്ങളിലൂടെ മാത്രമേ മനുഷ്യരാശിയുടെ സ്ഥായിയായ നിലനില്പും, ക്ഷേമവും, പുരോഗമനവും സാധ്യമാവുകയുള്ളൂ. ഈ തിരിച്ചറിവിന്റെ പ്രയോഗമാണ് ഹരിത സാമ്പത്തിക നയം.

ത്വരിതഗതിയിലുള്ളതും, പരിസ്ഥിതി ചൂഷണപരവുമായ അസ്ഥിര വികസന മാതൃകകൾ നേട്ടങ്ങളേക്കാളുപരി വെല്ലുവിളികൾ സംഭാവന ചെയ്യുന്ന സാഹചര്യത്തിലും, അപ്രകാരമുള്ള വികസന സങ്കൽപ്പങ്ങൾക്ക് സാമ്പത്തിക മാന്ദ്യത്തിലൂടെയുണ്ടായ തിരിച്ചടിയുടെ പശ്ചാത്തലത്തിലും, പരിസ്ഥിതി സൗഹൃദപരമായ വികസന മാതൃകകളുടെ ഗുണകരമായ സ്വാധീനത്തെക്കുറിച്ചുള്ള അവബോധത്തിന്റെ വെളിച്ചത്തിലുമാണ് ‘ഹരിതസമ്പദ്‌വ്യവസ്ഥ’യെന്ന സങ്കൽപ്പം ഉരുത്തിരിഞ്ഞത്. സുസ്ഥിര വികസനം എന്ന സങ്കൽപ്പ



ത്തിൽ നിന്ന് ഹരിതസാമ്പത്തിക നയത്തിലേക്കുള്ള പുതിയ കാൽവെയ്പ്പ് പരിണാമപരവും, സാമ്പത്തിക-സാമൂഹികപരവും പരിസ്ഥിതിപരവുമായ നീതീകരണം (Justification) പേറുന്നു.

കൃഷി, മത്സ്യബന്ധനം, ജലം, വനം തുടങ്ങി പ്രകൃതി വിഭവങ്ങൾക്ക് പ്രാധാന്യം നല്കിക്കൊണ്ടും,പുനരുപയോഗ്യമായഊർജ്ജം,മാലിന്യ നിർമ്മാർജ്ജനം, കെട്ടിട നിർമ്മാണം, ഗതാഗതം, നഗരവികസനം, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിൽ ഹരിതസമ്പദ്‌വ്യവസ്ഥയിൽ അടിസ്ഥാനമാക്കി മൂലധനം നിക്ഷേപിക്കുവാനും ഈ വർഷത്തെ




പരിസ്ഥിതി ദിനം ആഹ്വാനം ചെയ്യുന്നു.

***പരിസ്ഥിതി ശോഷണപരമായ ജീവിതവ്യവസ്ഥക്കെതിരെയുള്ള പ്രവർത്തനങ്ങളും, പ്രബോധനവും വ്യാപിപ്പിക്കേണ്ടത് ഓരോ സഭാവിശ്വാസിയുടെയും കർത്തവ്യമാണ്.***

സൃഷ്ടിക്രമങ്ങളുടെ താളാത്മകബന്ധവും, ജീവന്റെ സമഗ്രതയും, സമൃദ്ധിയും എല്ലാ മതങ്ങളുടെയും മൗലിക പ്രമാണമാണെങ്കിലും, കർമ്മപഥത്തിൽ കാര്യമാത്രപ്രസ്ക്തമായി തിരുത്തൽ ശക്തികളാക്കുവാൻ അവയ്ക്ക് കഴിയുന്നില്ല. “എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ” (വി. മർക്കോസ് 16:15) എന്ന കർതൃ ആഹ്വാനത്തിന്റെ കാലിക പ്രസക്തിയും വിളിയും നാം ഉൾക്കൊള്ളേണ്ടതുണ്ട്. ഹബക്കൂക്ക് പ്രവാചകൻ തന്റെ പുസ്തകത്തിൽ ‘ആർജ്ജന- ഉപഭോഗ- ആഡംബര’ ജീവിതക്രമത്തിന്റെ തിന്മകൾ വിവരിക്കുന്നുണ്ട്. ഇവ പരിസ്ഥിതി ശോഷണത്തിന്റെ കാലികപശ്ചാത്തലത്തിൽ ഏറെ പ്രസക്തമാണ്. ഒടുങ്ങാത്ത ആർത്തി (2:5-8), ആർഭാട ഭരിതമായ നിർമ്മാണ പ്രവർത്തനങ്ങൾ (2:9-11), നഗരവത്കരണവും അതിലെ കച്ചവട കേന്ദ്രീകരണവും (2:12-14), വർദ്ധിച്ചു വരുന്ന മദ്യ- മാഫിയ സംസ്കാരങ്ങൾ (2:15-17), വിഗ്രഹാരാധന (2:18-20) എന്നീ തിന്മകളെ പ്രവാചകൻ ശക്തിയായി അപലപിക്കുന്നു. തന്റേതല്ലാത്ത പണം ഏതു വിധേനയും ആർജ്ജിച്ച് വർദ്ധിപ്പിക്കുന്ന പ്രവണത ഇന്ന് വ്യാപകമായിരിക്കുന്നു. ആവാസത്തിനുവേണ്ടി നിർമ്മിച്ചിരുന്ന വീടുകൾ ഇന്ന് ആഘോഷങ്ങളുടെ മുഖമുദ്രയാകുംവിധം ആർഭാടത്തിനായി നിർമ്മിക്കപ്പെടുന്നു. മദ്യമാഫിയയ്ക്കൊപ്പം, മണൽ മാഫിയ, ജലമാഫിയ തുടങ്ങിയവ വ്യവസായങ്ങളായി മാറിയിരിക്കുന്നു. ദൈവത്തിനു പകരം ലൗകികമായ പലതിനും പ്രഥമ സ്ഥാനം നല്കി ജീവിതം ക്രമീകരിക്കുന്നു. നഗരങ്ങളുടെ എണ്ണവും, നഗരവത്കരണവും, ഷോപ്പിങ്ങ് മാളുകളും, ഇന്ന് വികസനത്തിന്റെ അടയാളങ്ങളായിരിക്കുന്നു. വർത്തമാന കാല സമൂഹത്തിൽ ഏറെ പ്രസ്ക്തമായ സാമൂഹിക വീക്ഷണവും, ഹരിത സാമ്പത്തിക ക്രമത്തിലേക്ക് നയിക്കുന്ന മൂല്യബോധവും ഈ വേദഭാഗത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

ആധുനിക പരിസ്ഥിതി ശാസ്ത്രത്തിൽ പ്രകൃതി ഇന്ന് ‘ദരിദ്ര’ യാണ്. ദരിദ്രരോടും, പീഡ അനുഭവിക്കുന്നവരോടുമുള്ള ഐക്യപ്പെടലാണ് ക്രിസ്ത്യാനിയുടെ മുഖമുദ്ര. “നമ്മുടെ ആവശ്യകതകളെ നിയന്ത്രിച്ച് പരിമിതപ്പെടുത്തി ലളിതജീവിതത്തിലൂടെ പ്രകൃതിയെയും, പ്രകൃതി വിഭവങ്ങളെയും നശിപ്പിക്കാതെ അവയെ പരിരക്ഷിച്ച് അടുത്ത തലമുറയ്ക്ക് കൈമാറുന്നതാണ് യഥാർത്ഥ പ്രകൃതി സംരക്ഷണം” എന്ന് ‘ഹിന്ദ് സ്വരാജി’ൽ ഗാന്ധിജി എഴുതിയതും ഭാരതീയ സഭയുടെ മക്കൾക്ക് പ്രചോദനമാകണം. പരിസ്ഥിതി ശോഷണപരമായ ജീവിതവ്യവസ്ഥക്കെതിരെയുള്ള പ്രവർത്തനങ്ങളും, പ്രബോധനവും വ്യാപിപ്പിക്കേണ്ടത് ഓരോ സഭാവിശ്വാസിയുടെയും കർത്തവ്യമാണ്. സഭയുടെ ആരാധനയിലും, വിശ്വാസത്തിലും, പാരമ്പര്യത്തിലും, പിതാക്കന്മാരുടെ പഠിപ്പിക്കലുകളിലും നിറഞ്ഞു നില്ക്കുന്ന പരിസ്ഥിതി ബോധവും, സ്രഷ്ടാവിനോടുള്ള വിധേയത്വവും മനനം ചെയ്ത് പ്രവർത്തിക്കുവാൻ നാം പ്രതിജ്ഞാബദ്ധരാകണം.

■





# എന്റെ പ്രവർത്തനം സഭയിൽ

***ഭവനമില്ലാത്തവർ, പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചുവിടുവാൻ സാമ്പത്തിക ബുദ്ധിമുട്ടുള്ളവർ, അങ്ങനെയാരും ഇനിയും ഈ സഭയിൽ ഉണ്ടാകാൻ പാടില്ല.***

കറപറ്റാത്ത നിസ്വാർത്ഥമായ ദൈവസ്നേഹത്താൽ നിറഞ്ഞ പ്രവർത്തനം, തികഞ്ഞ സഭാസ്നേഹിയായ ഒരു ക്രിസ്ത്യാനി, ദൈവഭക്തിയുള്ള ഒരു വിശ്വാസി, ഇതൊക്കെയാണ് സഭ എന്നിൽ നിന്നും പ്രതീക്ഷിക്കുന്നത്.

പ. ബാവ തിരുമേനിക്കും പ. സുന്നഹദോസിനും വിധേയപ്പെട്ട് മാനേജിംഗ് കമ്മറ്റിയംഗങ്ങളോട് ചേർന്നുനിന്ന് പ്രവർത്തിക്കുകയാണ് അത്മായ ട്രസ്റ്റി ചെയ്യേണ്ടത്. ഭരണഘടന അനുശാസിക്കുന്ന അധികാര പരിധി വിട്ട് സഭാഭരണനിർവ്വഹണത്തിൽ കൈകടത്തേണ്ട കാര്യമുണ്ട് എന്ന് കരുതുന്നില്ല. അതിന് മുതിർന്നിട്ടുമില്ല.

എന്റെ സ്ഥാപനമായ മുത്തൂറ്റ് ഗ്രൂപ്പിന് വേണ്ടി ചിലവഴിച്ചതിലേറെ സമയം എന്റെ സഭയ്ക്കായി ഞാൻ മാറ്റിവച്ചു. അത്മായ ട്രസ്റ്റി പദവിയെ സഭയ്ക്കും സമൂഹത്തിനും ഒരുപോലെ പ്രയോജനപ്പെടുത്തുവാനും ആ രീതിയിൽ മാറ്റിയെടുക്കുവാനും സാധിച്ചു. സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുത്തു. എല്ലാ ഭദ്രാസനങ്ങളും സന്ദർശിച്ചു. കാതോലിക്കാദിന പിരിവ് 91 ലക്ഷം രൂപ ആയിരുന്നത് ഇന്ന് 5 കോടി രൂപയിൽ ഏറെയായി. മലങ്കര സഭാചരിത്രത്തിൽ ആദ്യമായി സഭാ ട്രസ്റ്റിക്ക് ഒരു ഓഫീസ് സംവിധാനം നിലവിൽവന്നു. വൈദീക ക്ഷേമനിധി ഉൾപ്പെടെ അനേകം വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ സാധിച്ചു. ഇടവകകൾക്കും, ഭദ്രാസനങ്ങൾക്കും, വ്യക്തികൾക്കും, ആശ്രമങ്ങൾക്കും, കാരുണ്യസ്ഥാപനങ്ങൾക്കും, എല്ലാം എന്നാൽ കഴിയുന്ന എളിയ സഹായങ്ങൾ ചെയ്യുവാൻ ഞാൻ എന്നും ശ്രമിച്ചിട്ടുണ്ട്. യുവജനപ്രസ്ഥാനം, വിദ്യാർത്ഥിപ്രസ്ഥാനം, ബാലസമാജം, ബാലികാസമാജം, മർത്തമറിയം സമാജം ഈ ആത്മിക സംഘടനകളിലാണ് സഭയുടെ ഭാവി നിക്ഷിപ്തമായിരിക്കുന്നത്. അതിനാൽ ആത്മീയ പ്രസ്ഥാനങ്ങളെ പരിപോഷിപ്പിക്കുവാനും അവർക്ക് പ്രചോദനം കൊടുക്കുവവാനും എന്റെ കഴിവിനപ്പുറം പരിശ്രമിച്ചിട്ടുണ്ട്.

സുപ്രീംകോടതി വിധിയുടെ എക്സിക്യൂഷൻ നടപടികൾ ഹൈക്കോടതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ അനുകൂല വിധി ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കോതമംഗലം ചെറിയപള്ളി കേസിൽ എക്സിക്യൂഷൻ നടപടികളുടെ ഭാഗമായിട്ടുള്ള നമ്മുടെ അപ്പീൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ കോടതി പരിഗണിക്കുന്നതാണ്. 1934-ലെ സഭാഭരണഘടന അനുസരിച്ച് ഇടവകപള്ളികൾ ഭരിക്കപ്പെടണം എന്നുള്ള സുപ്രീംകോടതി വിധി മലങ്കരസഭയിൽ ഉടനീളം നടപ്പിലാക്കേണ്ടതാണ്.

സഭയുടെനേരെ മുഖം തിരിഞ്ഞു നിൽക്കുന്നവരാകാതെ സഭാംഗമായതിൽ അഭിമാനം കൊള്ളുന്നവരാകണം. പ്രതിസന്ധികളിൽ സഭയേയും നേതൃത്വത്തേയും വിമർശിക്കാതെ എനിക്ക് ഈ അവസരത്തിൽ സഭയെ എങ്ങനെ സഹായിക്കാനാകും എന്ന് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം. ദരിദ്രരോട് കരുണകാണിക്കുക, അവർക്ക് പരമാവധി സഹായം നൽകുക എന്നത് ദൈവം നമ്മിൽനിന്ന് ആഗ്രഹിക്കുന്ന കാര്യമാണ്. മാലാഖി 3:8 ൽ പറയുന്നതുപോലെ ദശാംശവും വഴിപാടും ദൈവത്തിന് മുടങ്ങാതെ നൽകുക. കർത്തൃശിഷ്യനായ മാർത്തോമ്മശ്ലീഹായുടെ യശ്ശസ് ഉയർത്തുവാനും ആ കാൽപാടുകൾ പിന്തുടരുവാൻ സഭാംഗങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

മലങ്കരസഭയിൽ സമാധാനത്തിന് ശാശ്വത പരിഹാരം ഉണ്ടാകണം. മലങ്കരസഭാംഗങ്ങളുടെ കൃത്യമായ കണക്കെടുപ്പ് നടത്തണം. മിഷൻ പ്രവർത്തനങ്ങൾക്കായി കൂടുതൽ ഭദ്രാസനങ്ങൾ രൂപം കൊള്ളണം. മാർത്തോമ്മൻ പൈതൃക സ്ഥലങ്ങളുടെ നവീകരണം. പരുമല പള്ളിയുടെ വികസനം, വൈദികരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി കൂടുതൽ പദ്ധതികൾ, ആശ്രമപ്രസ്ഥാനങ്ങൾ ശക്തിപ്രാപിക്കണം, ചാരിറ്റി പ്രവർത്തനങ്ങൾ വിപുലീകരിക്കണം, സഭാംഗങ്ങൾക്ക് സഭാസ്ഥാപനങ്ങൾ തൊഴിൽ ഉറപ്പുവരുത്തണം. സഭയിൽ ഭവനമില്ലാത്തവർ, പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചുവിടുവാൻ സാമ്പത്തിക ബുദ്ധിമുട്ടുള്ളവർ, അങ്ങനെയാരും ഇനിയും ഈ സഭയിൽ ഉണ്ടാകാൻ പാടില്ല. നമ്മുടെ ദരിദ്രരായ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിൽ വരണം.

ദശാംശം കൊടുക്കുക എന്നത് ദൈവകൽപനയാണ്. ദൈവകൽപനകൾ പാലിക്കുവാൻ എല്ലാവരും ബാധ്യസ്ഥരാണ്. അത് അനുഗ്രഹമാണ്. എന്റെ ജീവിതത്തിൽ ഞാൻ അനുഭവിച്ചറിഞ്ഞ കാര്യമാണ്.

കഴിഞ്ഞ വർഷം 22 ലക്ഷം രൂപ. ഈ വർഷം 24 ലക്ഷം രൂപ. മുത്തൂറ്റ് കുടുംബം നൽകിയത് ഇതിലും ഏറെയാണ്. നമ്മുടെ സഭയുടെ വാർഷിക കണക്കുകൾ നിങ്ങൾക്ക് പരിശോധിക്കാവുന്നതാണ്.

വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയരുത്. മുത്തൂറ്റ് ഗ്രൂപ്പിന്റെ എം. ജോർജ് ഫൗണ്ടേഷൻ, മുത്തൂറ്റ് ചാരിറ്റീസ് എന്നീ രണ്ട് ഡിവിഷനുകൾ ചാരിറ്റി പ്രവർത്തനങ്ങൾക്കായി പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ ഇന്ത്യയിലെ പതിനായിരകണക്കിന് ആളുകൾക്ക് ചികിത്സാസഹായം, വിദ്യാഭ്യാസ സഹായം, വിവാഹ സഹായം എന്നിമുടങ്ങാതെ നൽകിവരുന്നു.

മലങ്കരസഭയുടെ വിവിധ ഭദ്രാസനങ്ങളിൽ നിന്നും വൈദികരുടേയും അത്മായരുടേയും നിരന്തരമായ നിർബന്ധം എന്റെ തുടർ പ്രവർത്തനങ്ങൾക്കുണ്ട്. ഞാൻ സഭാഭരണരംഗത്ത് പ്രവർത്തിക്കുവാൻ തുടങ്ങിയിട്ട് 40 വർഷത്തിലേറെയായി. സ്ഥാനം മോഹിച്ച് സഭാപ്രവർത്തരംഗത്ത് എത്തിയതല്ല. സംതൃപ്തി തരുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ കഴിഞ്ഞ അഞ്ച് വർഷകാലം ചെയ്യുവാൻ സാധിച്ചു. ചില കാര്യങ്ങൾ തുടങ്ങി വയ്ക്കുവാനും സാധിച്ചു. അത് പൂർത്തീകരിക്കണം എന്ന് അതിയായി ആഗ്രഹിക്കുന്നു. ■

## മാമലശ്ശേരി പള്ളി

# അക്രമ മാർഗ്ഗം വെടിയണം

**കോ**ടതിവിധികൾ അനുസരിക്കാതെയും ഒത്തുതീർപ്പ് വ്യവസ്ഥ ലംഘിച്ചും ഭരണാധികാരികളുടെ നിർദ്ദേശങ്ങൾ വകവയ്ക്കാതെയും യാക്കോബായ വിഭാഗം അക്രമത്തിന്റെ മാർഗ്ഗം അവലംബിക്കുന്നത് അപകടകരമായ പ്രത്യാഘാതങ്ങൾ ഉളവാക്കുമെന്ന് ഓർത്തഡോക്സ് സഭാ കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. തോമസ് മാർ അത്താനാസിയോസ് പ്രസ്താവിച്ചു.

മനപൂർവ്വം സംഘർഷം സൃഷ്ടിച്ച് പള്ളികൾ പൂട്ടിക്കുന്നതിനായി യാക്കോബായ വിഭാഗം നടത്തുന്ന ശ്രമം നീതിന്യായവ്യവസ്ഥയോടുള്ള വെല്ലുവിളിയാണ്. മാമലശ്ശേരി മാർ മീഖായേൽ പള്ളി പെരുന്നാൾ ദിവസം പതിവിൻ പ്രകാരം വിശുദ്ധ കുർബ്ബാന അർപ്പിക്കാനെത്തിയ വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ടിനു നേരെ വധശ്രമം ഉണ്ടാകുകയും കാർ തകർക്കുകയും പോലീസ് ഉദ്യോഗസ്ഥനെ അക്രമിക്കുകയും ചെയ്തതു. 1995 ലെ സുപ്രീം കോടതിവിധി മാനിച്ച് മാമലശ്ശേരി പള്ളിയിലെ ഇരുവിഭാഗങ്ങളായിരുന്നവർ 1934 ലെ ഭരണഘടന അംഗീകരിച്ച് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭരണസംവിധാനത്തിന് വിധേയപ്പെടുകയായിരുന്നു. ആ ഉടമ്പടി കോടതിയിൽ കൊടുത്ത് ഡിക്രി എടുക്കുകയും ചെയ്തിട്ടുള്ളതാണ്. 2010 ൽ അതിനെതിരെ കോടതിയെ സമീപിച്ചെങ്കിലും ഹൈക്കോടതി ആ അപേക്ഷ തള്ളി ഒത്തുതീർപ്പ് ഉടമ്പടിക്ക് അംഗീകാരം നൽകി. തുടർന്ന് നിയമാനുസൃതം ശുശ്രൂഷ നടത്തിയിരുന്ന ഓർത്തഡോക്സ് വൈദികരെ തടഞ്ഞും സബ് കോടതി നിരോധനം ലംഘിച്ചുമാണ് പള്ളിപ്പടിക്കൽ പ്രക്ഷോഭം ആരംഭിക്കുകയും ആരാധനയ്ക്ക് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നത്. നിയമാനുസൃതം ഭരണം നടന്നുവന്ന അവിടെ തർക്കം ഉന്നയിച്ച് കൊടുത്ത കേസുകളിൽ പരാജയപ്പെട്ടവർ പള്ളിപൂട്ടിക്കുക എന്ന ലക്ഷ്യത്തോടെ പള്ളിപടിക്കൽ അനധികൃതമായി കുടിൽകെട്ടി ക്രമസമാധാന പ്രശ്നമുണ്ടാക്കുകയാണ്.

പ്രതികളെ അറസ്റ്റ് ചെയ്ത് നീതിപീഠത്തിനു മുമ്പിൽ എത്തിക്കുന്നതിന് ശക്തമായ നടപടികൾ എടുക്കുവാൻ സർക്കാർ തയ്യാറാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

**B R I D E   W A N T E D**

Orthodox parents hailing from aristocratic family with high religious and family values invite proposals for their son,B.Tech(26+,177cms,smart)presently working as Project Engineer in an American MNC in India,from parents of good looking Orthodox or Jacobite girls(21 to23 years,160to170 cms)who are Postgraduates or B.Tech/MBA hailing from good families in Kerala having high religious and family values.Contact:9995329837 and e-mail details to varghese_2000@yahoo.com.

# വിദ്യാഭ്യാസ നിയമങ്ങളിലൂടെ

അഡ്വ. ഫാ. ജോൺകുട്ടി. കെ

ഒരു സമൂഹത്തിന്റെ കെട്ടുറപ്പിനും പുരോഗതിക്കും വിദ്യാഭ്യാസം അടിസ്ഥാന ഘടകമാണ്. പ്രാചീന കാലം മുതൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ലിഖിതങ്ങളും അല്ലാത്തതുമായ നിയമങ്ങൾ നിലനിന്നിരുന്നു. പഠനസ്ഥലം,പഠിതാവ്, രക്ഷകർത്താവ് ,ഗുരു, സമൂഹം,അധികാരികൾ,പാഠ്യവസ്തു തുടങ്ങി വിദ്യാഭ്യാസത്തിലെ വിവിധ ഘടകങ്ങളെ സംബന്ധിച്ച് വ്യവസ്ഥകൾ നിലനിന്നു.വൈദികകാലഘട്ടത്തിലും ബ്രാഹ്മണ കാലഘട്ടത്തിലും ബുദ്ധമത കാലഘട്ടത്തിലും ക്രിസ്ത്യൻ,ഇസ്ലാം കാലഘട്ടത്തിലും ഇതുസംബന്ധിച്ച വ്യവസ്ഥകൾ കണ്ടെത്താം.ഗുരുകുലവിദ്യാഭ്യാസംമുതൽ സർവ്വകലാശാല വിദ്യാഭ്യാസം വരെ നിയതമായ ചട്ടക്കൂട്ടിൽ ചിട്ടയായി നടന്നുവന്നു.

ഇന്നത്തെ നിലയിൽ സാർവ്വത്രികമായ വിദ്യാഭ്യാസ നിയമങ്ങളും പ്രവർത്തനങ്ങളും ആരംഭിക്കുന്നത് മിഷണറിമാരുടെ വരവോടെയാണ്. 1813 ൽ പ്രഖ്യാപിച്ച ചാർട്ടർ ആക്ടിൽ ഇന്ത്യയിലെ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി ഒരു വർഷം ഒരു ലക്ഷം രൂപ വിദ്യാഭ്യാസത്തിനുവേണ്ടി ചെലവിടണമെന്ന് നിഷ്കർഷിച്ചു 1835ലെ മെക്കാളെയുടെ മിനിട്ട്സിൽ ഇംഗ്ലീഷുകാരുടെ താൽപര്യങ്ങൾ സംരക്ഷിക്കാനുതകുന്ന ഒരു സമൂഹത്തെ വിദ്യാഭ്യാസത്തിലൂടെ വളർത്തിടെയടുക്കുവാനും അതിനേറ്റവും അനുയോജ്യം ഇംഗ്ലീഷ് വിദ്യാഭ്യാസമാണെന്നും അതുകൊണ്ട് വിദ്യാഭ്യാസത്തിനുവേണ്ടി സർക്കാർ നീക്കിവയ്ക്കുന്ന തുക ഇംഗ്ലീഷുവിദ്യാഭ്യാസത്തിനായി മാറ്റിവയ്ക്കണമെന്നും നിർദ്ദേശിച്ചു.



**ഭാരതത്തിന്റെ പൊതുവായ സ്ഥിതിയും കേരളത്തിലെ സ്ഥിതിയും വ്യത്യസ്തമാണെന്നിരിക്കെ കേരളത്തിലെ വിദ്യാഭ്യാസം ഗുണനിലവാരം മെച്ചപ്പെടുത്താൻ വേണ്ടി സമഗ്രവും സുസ്ഥിരവും ദീർഘവീക്ഷണത്തോടുകൂടിയതുമായ പരിഷ്കാരങ്ങൾക്ക് ശക്തമായ നിയമ നിർമ്മാണം ആവശ്യമാണ്.**

ഈസ്റ്റിന്ത്യാകമ്പനിയുടെ കൺട്രോൾ ബോർഡ് പ്രസിഡന്റായിരുന്ന സർ ചാൾസ് വുഡ്സ് ഡസ്പാച്ച് 1954 -ൽ അവതരിപ്പിച്ച വിദ്യാഭ്യാസ പദ്ധതിയാണ് ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ മാഗ്നാകാർട്ട എന്നറിയപ്പെടുന്ന വുഡ്സ് ഡസ്പാച്ച്. വിവിധ സ്ഥലങ്ങളിൽ വിദ്യാലയങ്ങളും മദ്രാസ്, ബോംബെ, കൽക്കട്ട തുടങ്ങിയ സ്ഥലങ്ങളിൽ സർവ്വകലാശാലകളും ആരംഭിച്ചു. ഹൈസ്ക്കൂളും മിഡിൽ സ്ക്കൂളുകളും നടത്തുന്ന സ്വകാര്യഏജൻസികൾക്ക് ധനസഹായം (Grand In Aid)നടപ്പാക്കി.അധ്യാപക പരിശീലനത്തിന് ഓരോ സംസ്ഥാനത്തും സ്ഥാപനങ്ങൾ ആരംഭിച്ചു. സാർവത്രിക വിദ്യാഭ്യാസത്തിനു



വേണ്ടിയും വിദ്യാലയങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാനും ഉദ്യോഗസ്ഥരെ പ്രത്യേകം നിയോഗിച്ചു.

ഇന്ത്യയിലെ ആദ്യത്തെ വിദ്യാഭ്യാസകമ്മീഷൻ സർ വില്യംഹണ്ടർ ചെയർമാനായിരുന്ന ഹണ്ടർകമ്മീഷൻ(1883)ഹാർത്തോംഗ് കമ്മറ്റി (1929) ഹർട്ടോഗ് കമ്മിറ്റി(1929)സാർജൻറ് റിപ്പോർട്ട്(1944)എന്നിവയുടെ പ്രവർത്തനഫലമായി നിയാമകമായ ഒട്ടേറെ പരിഷ്കാരങ്ങൾ വിദ്യാഭ്യാസരംഗത്ത് ഉണ്ടായി.

സ്വതന്ത്ര ഭാരതത്തിൽ സ്വീകരിക്കേണ്ട വിദ്യാഭ്യാസ പദ്ധതികളെ കുറിച്ചുള്ള ഉൾകാഴ്ച ഇന്ത്യൻ ഭരണഘടന യിൽ തന്നെ കാണാം . ഭരണഘടന യുടെ 41-ാം വകുപ്പ് സാമ്പത്തിക സ്ഥിതിയുടേയും വികസനസാദ്ധ്യതകളുടെയും പരിധിക്കുള്ളിൽ നിന്നുകൊണ്ട് സ്റ്റേറ്റ് എല്ലാപൗരൻമാർക്കും വിദ്യാഭ്യാസസൗകര്യങ്ങൾ ഉറപ്പുചെയ്യുന്നു, 45-ാം വകുപ്പനുസരിച്ച് 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും നിർബന്ധിതവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകണം. വകുപ്പ് 30(1)മതഭാഷാന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവർക്ക് മതപരവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ സവിശേഷതകൾ സംരക്ഷിക്കാനും മാതൃഭാഷയിലൂടെ വിദ്യാഭ്യാസം നേടുന്നതിനുമായി സ്വന്തം നിലയിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിച്ച് ഭരിക്കാനുള്ള അവകാശം നൽകുന്നു. ഭരണഘടന 46,17,378 വകുപ്പുകൾ പട്ടികജാതി, പട്ടിക വർഗ്ഗക്കാർ തുടങ്ങിയ ദുർബല വിഭാഗക്കാരുടെ വിദ്യാഭ്യാസപരവും സാമ്പത്തികവുമായ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധചെലുത്തി സംരക്ഷിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ഭരണഘടന 28(1)ൽ പൂർണമായും സർക്കാർധനമുപയോഗിച്ച് നടത്തപ്പെടുന്ന വിദ്യാലയങ്ങളിൽ മതബോധനം നൽകാൻ പാടില്ല എങ്കിലും വകുപ്പ് 28(2)പ്രകാരം ഇപ്രകാരമുള്ള സ്കൂളുകൾ ഏതെങ്കിലും ട്രസ്റ്റോ, എൻഡോവ്മെന്റോ സ്ഥാപിച്ചിട്ടുള്ളതാണെങ്കിൽ മതബോധനം നൽകാവുന്നതാണ്. വകുപ്പ് 28(3) സർക്കാർ അംഗീകരിച്ചിട്ടുള്ളതോ സർക്കാരിൽനിന്ന് സഹായം ലഭിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിക്കുന്ന കുട്ടികളെ സ്ഥാപനത്തിൽ നൽകുന്ന മതപരമായ ബോധനത്തിലോ ഏതെങ്കിലും മതപരമായ ചടങ്ങിലോ പങ്കെടുക്കുന്നതിന് ആവശ്യപ്പെട്ടുകൂടാ എന്ന് നിഷ്കർഷിക്കുന്നു.

കേരളത്തിലെ വിദ്യാഭ്യാസപ്രവർത്തനങ്ങളെ സമഗ്രമായി ബാധിക്കുന്ന ഒരു നിയമം വരുന്നത് 1959-ലെ കേരളവിദ്യാഭ്യാസചട്ടങ്ങളും നിയമങ്ങളും (KER)ആണ്. ഇതിനെ അധ്യാപകരുടെ മാഗ്നാകാർട്ട എന്നു വിശേഷിപ്പിക്കുന്നു. വിദ്യാലയങ്ങളുടെ സ്ഥാപനം, സംരക്ഷണം, പരിപോഷണം, നടത്തിപ്പ്, ബോധനസംവിധാനം, പഠനപുരോഗതി അവലോകനം, സർക്കാർ, മാനേജർ അദ്ധ്യാപകർ,വിവിധകമ്മിറ്റികൾ, അവയുടെ പൊതുവായ നടപ്പുചട്ടം, എയ്ഡഡ് സ്കൂൾ അധ്യാപകരുടെ സേവനബോധന വേതന യോഗ്യതാ വ്യവസ്ഥകൾ സ്കൂളിലെ കുട്ടികളുടെ പ്രവേശനം, എണ്ണം, മാറ്റം, ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂളിലെ പ്രവേശനം നടത്തിപ്പ് തുടങ്ങി പൊതുവിദ്യാഭ്യാസമേഖലയിലെ മിക്കവാറും എല്ലാകാര്യങ്ങളും കേരളവിദ്യാഭ്യാസനിയമം വ്യവസ്ഥാപിതമായി ചർച്ചചെയ്യുന്നു.

വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 2009-ൽ ഉണ്ടായ കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമം ആധുനിക ഘട്ടത്തിലെ ഈ രംഗത്തെ നാഴികക്കല്ലാണ്. 6-നും 14-നും (വൈകല്യമുള്ള കുട്ടികൾക്ക് 18) ഇടയ്ക്ക് പ്രായമുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം ഈ നിയമം വ്യവസ്ഥ ചെയ്യുന്നു (Std:I to VIII). അപ്രകാരമുള്ള കുട്ടികളെ സ്കൂളിലയക്കണമെന്നത് വളർത്തുന്നതോ (Step Parents)ദത്തെടുത്തതോ (Adoptive)സ്വാഭാവികവുമോ(Natural) ആയ പിതാവിനും മാതാവിനും നിയമപരമായ ബാദ്ധ്യതയാണ്. ഏതെങ്കിലും കാരണത്താൽ കുട്ടിക്ക് താഴെ ക്ലാസ്സിൽ പഠിക്കാൻ ആയില്ലെങ്കിൽ പ്രായത്തിനൊത്ത ക്ലാസിൽ പ്രവേശനം നൽകണം. അത്തരം കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകണം. ഒരു സ്ക്കൂളിൽ നിന്ന് മറ്റൊരു സ്കൂളിലേക്ക് എപ്പോൾ വേണമെങ്കിലും ട്രാൻസ്ഫർ വാങ്ങി പോകാം. കുട്ടികളെ തോൽപ്പിക്കരുത്, ശാരീരികമോ മാനസികവുമായോ ശിക്ഷിക്കരുത്. ഒരു തരത്തിലുള്ള തുമായ പ്രവേശന ഫീസും തലവരിയും (Capitation) ഉണ്ടാവരുത്. കുട്ടിയുടെ താമസസ്ഥലത്തിന്റെ അടുത്ത് അയൽപക്ക പ്രാഥമിക വിദ്യാലയം ഉണ്ടാവണം. 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് പഠിക്കുന്നതിന് പ്രീ സ്കൂൾ സൗകര്യം ഏർപ്പെടുത്തണം. പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിലായിരിക്കണം സ്കൂൾ പ്രവർത്തനം നിയന്ത്രിക്കുന്നത്. സ്കൂൾ മാനേജ്മെന്റ് കമ്മറ്റി ഉണ്ടാവണം, സർക്കാർ, മാനേജർ, അദ്ധ്യാപകർ എന്നിവർ അവരുടെ ഉത്തരവാദിത്തങ്ങൾ പൂർണ്ണമായും നിവർത്തിക്കണം തുടങ്ങി ഒട്ടേറെ വ്യവസ്ഥകൾ ഉൾകൊള്ളിച്ചിരിക്കുന്നു.

കേന്ദ്ര വിദ്യാഭ്യാസ അവകാശത്തിന്റെ നിർദ്ദേശം ഉൾകൊണ്ട് 2011-ഏപ്രിൽ 30-ാം തീയതി കേരള സർക്കാർ വിദ്യാഭ്യാസ അവകാശ നിയമം പ്രഖ്യാപിച്ചു. (ആയത് ഇപ്പോഴും പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല). കേരള നിയമത്തിൽ അയൽപക്ക സ്കൂൾ എന്നത് 1 മുതൽ 5 വരെ ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് ഒരു കിലോ മീറ്ററും 6 മുതൽ 8 വരെ ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് മൂന്ന് കിലോ മീറ്ററും ആണ്. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ ഘടന 750 കുട്ടികൾ വരെ പഠിക്കുന്ന സ്കൂളുകളിൽ 16 അതിനുമുകളിൽ 20 അംഗങ്ങളുമാണ് ആയതിൽ 75% രക്ഷകർത്താക്കളും ബാക്കി 25% ത്തിൽ ഒരു അദ്ധ്യാപക നും വാർഡ് മെമ്പർ, ഒരു പ്രാദേശിക വിദ്യാഭ്യാസ വിദഗ്ദ്ധൻ, സ്കൂൾ ലീഡർ എന്നിവരും ഉൾപ്പെടും ഹെഡ്മാസ്റ്റർ എക്സ് ഓഫീഷ്യോ ആണ്. അൺ എയ്ഡഡ് സ്ക്കൂളുകളിൽ പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ ഫീസും സംവരണവും നൽകണം. ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് സ്കൂളിൽ വരാൻ വാഹന സൗകര്യം ചെയ്യണം, അവരെ ഒരു വിധത്തിലും വേറിട്ട് കാണരുത്. മൂന്ന് വർഷത്തിനുള്ളിൽ എല്ലായിടത്തും പ്രീസ്കൂൾ ആരംഭിക്കണം തുടങ്ങി നിരവധി വ്യവസ്ഥകൾ ഇതിൽ ചേർത്തിരിക്കുന്നു.

വളരെ അവധാനതയോടെ കൈകാര്യം ചെയ്യേണ്ട വിദ്യാഭ്യാസം പലപ്പോഴും രാഷ്ട്രീയവും സ്ഥാപിതവുമായ താൽപര്യത്തോട് ചെയ്യുന്നതിനാൽ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. നിയമം തെറ്റായി വ്യാഖ്യാനിക്കുന്നതും നിയമാജ്ഞതയും പലപ്പോഴും പ്രയാസം സൃഷ്ടിക്കുന്നു. ഭാരതത്തിന്റെ പൊതുവായ സ്ഥിതിയും കേരളത്തിലെ സ്ഥിതിയും വ്യത്യസ്തമാണെന്നിരിക്കെ കേരളത്തിലെ വിദ്യാഭ്യാസം ഗുണനിലവാരം മെച്ചപ്പെടുത്താൻ വേണ്ടി സമഗ്രവും സുസ്ഥിരവും ദീർഘവീക്ഷണത്തോടുകൂടിയതുമായ പരിഷ്കാരങ്ങൾക്ക് ശക്തമായ നിയമ നിർമ്മാണം ആവശ്യമാണ്. ■

കാഴ്ച

**സഖേർ**

# ഒരു വൈദികനെ കൈയ്യേറ്റം ചെയ്യുവാൻ നിങ്ങളോടാവശ്യപ്പെട്ട വിവേക ശൂന്യൻ ആരാണ്?



*"ഇന്നിന്റെ ഓർമ്മയാണ് ഇന്നലെ; നാളെയാകട്ടെ ഇന്നിന്റെ സ്വപ്നവും" -ജിബ്രാൻ*

വി. കുർബ്ബാന അനുഷ്ഠിക്കുവാൻ ദേവാലയത്തിൽ എത്തുന്ന ഒരു വൈദികൻ ആക്രമിക്കപ്പെടുന്നു. അദ്ദേഹത്തിന്റെ വാഹനം തകർക്കപ്പെടുന്നു. ഇങ്ങനെ അത്രയൊന്നും സുഖകരമല്ലാത്ത ഓർമ്മകൾ സൃഷ്ടിക്കുന്ന 'ഇന്നത്തെ പള്ളിപരിസരങ്ങൾ വല്ലാത്തൊരു ആകുലത സമ്മാനിക്കുന്നുണ്ട്. ശാന്തിയുടെ ഒരു പുലരിപോലും സ്വപ്നങ്ങളിൽ കടന്നു വരാതെ എങ്ങനെയാണ് വരുംതലമുറയ്ക്ക് ശുഭകരമായ ഒരു നാളെ നല്കുക. ധാർഷ്ട്യവും ഔദ്ധത്യവും പരനിന്ദയും മുറ്റിയതാവുന്നുണ്ട് ഇന്നിന്റെ ഭാഷണങ്ങൾ. സത്യത്തിൽ, ചിലരുടെ ഭാഷ ഇന്ന് മനുഷ്യർക്കെന്നല്ല, ദൈവത്തിന് പോലും സ്വീകാര്യമല്ല; അറയിൽ വിരിക്കേണ്ട നമസ്ക്കാര പായ് തെരുവിൽ വിരിച്ച് പ്രാർത്ഥനയുടെ റിയാലിറ്റി ഷോ നടത്തുന്നവരോട് യേശു തമ്പുരാൻ മുതൽ കലഹിക്കുന്നുണ്ട്.

'ശരി'കൾക്ക് വേണ്ടിയുള്ള തെറ്റുകൾ വർദ്ധിക്കുന്നു. വിശുദ്ധ സ്ഥലത്തെ കൂടിവരവുകൾ അശുദ്ധമാകുന്നു. ആക്രോശങ്ങളുടെയും തല്ലിതകർക്കലിന്റെയും വധശ്രമങ്ങളുടെയും ഓർമ്മകൾ മാത്രം ഇക്കാലം അവശേഷിപ്പിക്കുന്നുവെങ്കിൽ നിശ്ചയമായും നാം വിചാരണ ചെയ്യപ്പെടും.

ഭാഷയിലുണ്ടാവുന്ന വ്യതിയാനം അതീവ ഗൗരവപരിഗണന ആവശ്യപ്പെടുന്നുണ്ട്. "മനുഷ്യന്റെ നാവ് തീറ്റയെടുക്കുന്ന ജോലിയിൽ നിന്ന് മാറി ഭാഷയുടെ ഇന്ദ്രിയമായിത്തീർന്നുവെന്നതിലാണ് മനുഷ്യന്റെ രാജത്വത്തിന്റെ മർമ്മം "എന്ന് വിശദീകരിച്ചത് നിസായിലെ വി. ഗ്രിഗറിയാണ്. നാവിന്റെ കരുത്തിനെക്കുറിച്ച് തിരുവെഴുത്ത് എത്രയധികമാണ് വാചാലമാകുന്നത്. സാമൂഹ്യശാസ്ത്ര പാഠങ്ങൾ ഓർമ്മപ്പെടുത്തുന്നതുപോലെ, "ഭാഷ എന്നത് ചിന്തയുടെ രൂപമാണ്. സമുദായ വ്യവസ്ഥയുടെയും മനുഷ്യബന്ധങ്ങളുടെയും രൂപമാണ്. ഒരു ഭാഷ എങ്ങനെ രൂപപ്പെടുന്നുവോ അതുപോലെയാണ് സമുദായവും രൂപപ്പെടുക. നാം അറിഞ്ഞോ അറിയാതെയോ ഒരു ഭാഷയിൽ ചിന്തിക്കുകയും സ്വപ്നം കാണുകയും നമ്മുടെ ചരിത്രം നിർമ്മിക്കുകയുമാണ് ചെയ്യുന്നത്."

ഉന്നതമൂല്യങ്ങളിലേയ്ക്കുള്ള ഉണർത്തുപാട്ടാവുന്നതിന് പകരം അധമവൃത്തികൾക്കുള്ള പ്രേരണകളായി നേതൃത്വത്തിന്റെ ഭാഷ മാറുന്നുവെങ്കിൽ അവരാൽ നയിക്കപ്പെടുന്ന സമൂഹത്തെക്കുറിച്ച് ആശങ്കപ്പെടേണ്ടതുണ്ട്. അൻപത്തിയൊന്ന് വെട്ടുകൾകൊണ്ട് ഒരു മുഖം നശിപ്പിക്കപ്പെടുന്നതും അൻപത്തിയൊന്ന് അക്ഷരങ്ങൾകൊണ്ട് ന്യായത്തിന്റെ മുഖമില്ലാതാക്കാൻ ശ്രമിക്കുന്നതും തമ്മിൽ അധിക ദൂരമില്ല. നിയമലംഘനങ്ങൾ കൊണ്ടും നീതിബോധവും നട്ടെല്ലും പണയപ്പെടുത്തിയ രാഷ്ട്രീയ നപുംസകങ്ങളെക്കൊണ്ടും നടത്തുന്ന അവിഹിതമായ ഇടപെടലുകളെ അതേ നാണയത്തിൽ പ്രതിരോധിക്കാനാവാത്തതിന് കാരണങ്ങളുണ്ട്. ദുർവാസനകളുണർത്തുന്ന ഭാഷ സംസാരിക്കുന്ന് ഒരു തലമുറയോട് ചെയ്യുന്ന അപരാധമാണല്ലോ എന്ന വിവേകമുള്ളത്

കൊണ്ടാണ്. ഹിംസയുടെ ഒരു സംസ്ക്കാരം രൂപപ്പെടുത്തുന്നത് പൊതുസമൂഹത്തോടുള്ള അനീതിയാണെന്ന് തിരിച്ചറിവുള്ളതുകൊണ്ടാണ്. എല്ലാത്തിനുമുപരി സ്നേഹത്തിന്റെ ഭാഷ മറന്നുപോകുന്നത് ദൈവത്തോടുള്ള മറുതലിപ്പാകുന്നതുകൊണ്ടുമാണ്. സഹോദരങ്ങളെ, പരസ്പരം മുറിവേല്പിക്കുന്ന ഭാഷയിൽ നമുക്ക് സംസാരിക്കാതിരിക്കാം. നമ്മുടെ കാലത്തെ ചില പൊതുപ്രവർത്തകരും ചില സിനിമകളും വാർത്താവിശകലനക്കാരുമെല്ലാം നടത്തുന്ന കൊലവെറിയുടെ ഭാഷ സഭയിൽ ഉച്ചരിക്കപ്പെടുന്നത് അനുചിതമാണ്. നമ്മുടെ മാധ്യമങ്ങളെങ്കിലും പ്രതിലോമകരമായ ഈ പ്രവണതയെ പ്രതിരോധിക്കേണ്ടതല്ലേ. വ്യക്തിഹത്യകളുടെയും വ്യക്തിപൂജകളുടെയും നവ മാധ്യമ സംസ്ക്കാരത്തോട് ചെറുത്തു നില്ക്കുക ആയാസകരമാണ്. എങ്കിലും വിലകുറഞ്ഞ പബ്ലിസിറ്റികൾക്ക് വേണ്ടി എന്തും പറയുന്നവരാകാതിരിക്കാനുള്ള ബാധ്യത നമുക്കുണ്ട് എന്ന് തിരിച്ചറിയണം. ഹിംസാത്മകമായ ഏതൊരു യുദ്ധത്തിലും വിജയികളും പരാജിതരുമില്ല, മറിച്ച് ശരീരത്തിലും മനസ്സിലും മുറിവേറ്റ കുറെ മനുഷ്യർ മാത്രമാണ് അവേശിഷിക്കുക എന്ന ഇതിഹാസപാഠമോതിയ മഹാഭാരതത്തിലാണ് നാം ജീവിക്കുന്നത്.

നമുക്ക് ചേരാത്തവയെ ഉരിഞ്ഞു കളയാം. അത് ക്രൂരതയുടെ ഭാഷയാണെങ്കിൽ അതിനെ ഒഴിവാക്കാം. രാമായണ കഥകളിലെ ഒരു ഉപാഖ്യാനം വായിച്ചതോർക്കുന്നു. സമാധാന പൂർണ്ണമായിരുന്ന ഒരു ആശ്രമത്തിലേക്ക് വേട്ടയ്ക്കിടയിൽ കൂട്ടം തെറ്റിയ ഒരു രാജാവ് ചെന്നെത്തുന്നു. സ്നേഹവും കരുണയും തുളുമ്പുന്ന ആശ്രമത്തിന്റെ താളം രാജാവിനെ സ്വസ്ഥനാക്കി. അവിടെ ഹിംസ്രജന്തുക്കളും ഇതരജീവികളും തമ്മിൽ ഭേദമില്ല. അനുരഞ്ജനത്തിന്റെ ജീവനകലയാണ് ഉടനീളം. അവിടെ നിന്നും മടങ്ങുമ്പോൾ തന്റെ സന്ദർശനത്തിന്റെ സ്മരണയ്ക്കായി തന്റെ ഉടവാൾ മുനിവര്യന് നല്കി. ഒരു ഉപയോഗവുമില്ലാതെ അത് ഏറെനാൾ ആശ്രമത്തിൽ വെറുതെ കിടന്നു. കുറെക്കഴിഞ്ഞപ്പോൾ മുനിക്കൊരു ആലോചന. ചമതക്കോൽ മുറിക്കാൻ എന്ത്കൊണ്ട് വാൾ ഉപയോഗിച്ചുകൂടാ. അത് നടപ്പാക്കി. ആദ്യമാദ്യം ഉണങ്ങിയ ചമതക്കോലാണ് മുറിച്ചത്. പിന്നെ, അശ്രദ്ധമൂലം ചില പച്ചത്തണ്ടുകളും അറ്റു വീണു. ഇന്നലെ വരെ ഒരു പച്ചതണ്ട് ഒടിഞ്ഞാൽ മുനി വേദന അറിഞ്ഞിരുന്നു. ഇന്നിപ്പോൾ അതില്ല. കുറെക്കഴിഞ്ഞപ്പോൾ ആശ്രമത്തിലെ കാടും പടലും വെട്ടിയകറ്റിയാലെന്ത് എന്ന് നിരൂപിച്ചു. വാളിന് പുതിയ ഉപയോഗങ്ങൾ. ഇലച്ചാർത്തുകൾക്കിടയിൽ ഒരു വെമ്പൽ പോലെ. പിന്നെപ്പിന്നെ അഹിതം ചെയ്യുന്ന മൃഗങ്ങളെ അകറ്റി നിർത്താനും വാൾ ഉപകരിച്ചു തുടങ്ങി. ആശ്രമാന്തരീക്ഷത്തിലെ ചരാചരങ്ങൾക്കിടയിൽ ഭീതി വളർന്നു ശത്രുമിത്രഭേദമുണ്ടായി. കരുണാമൂർത്തിയായിരുന്ന മുനിമുഖത്ത് രൗദ്രം കലർന്നു. മുനിയുടെ മുഖഛായപോലും മാറുന്നു. ചേർക്കാൻ പാടില്ലാത്തത് ചേർക്കുമ്പോഴാണ് ഇങ്ങനെയുണ്ടാവുക. അക്രമത്തിന്റെ പാത നമ്മുടെ യഥാർത്ഥ മുഖം നഷ്ടപ്പെടുത്തും, ഉറപ്പ്, ക്രിസ്തുവിന്റെ മുഖമാണ് നാം നഷ്ടപ്പെടുത്തുന്ന്. പോരാട്ടുവീര്യങ്ങളെയും സമരചരിത്രങ്ങളെയും രക്തസാക്ഷികളെയും വിസ്മരിച്ചിട്ടോ തമസ്ക്കരിച്ചുകൊണ്ടോ അല്ല എഴുതുന്നത്. ഭൂതകാലത്ത് മാത്രം ജീവിക്കുന്ന നേതാക്കന്മാർ രാഷ്ട്രീയത്തിൽ മാത്രമല്ല മതജീവിതത്തിലും പെരുകിയാൽ അത് ശുഭസൂചനയല്ല. ഭാവികാലത്തേക്ക് ആരാണ് നയിക്കേണ്ടത്? ഒരു ഉയിർത്തെഴുന്നേല്പിൽ നമുക്കും പോലും വിശ്വാസമില്ലെന്നുണ്ടോ? ക്രിസ്തുവിന്റെ രണ്ടാം വരവ് നാം നോക്കിപ്പാർക്കുന്നത് പോലെ നമ്മിൽ നിന്നും ഒരു മടങ്ങിവരവ് തമ്പുരാനും പ്രതീക്ഷിക്കുന്നില്ലയോ? അതോ ന്യായവിധി എന്നത് ഓർക്കാനും ഓർമ്മപ്പെടുത്താനും നമുക്ക് താല്പര്യമില്ലെന്നുണ്ടോ?

ആദ്യമെണീല്ക്കുന്നത് അപകടരമാണ്. പരസ്പര വിശ്വാസത്തിലേയ്ക്കാലും പരസ്പര ബഹുമാനത്തിലേയ്ക്കായാലും അങ്ങനെതന്നെ. ഭരദ്വാജിന്റെ യാത്രവിവരണത്തിലേതുപോലെ, "പെട്ടെന്നാണ് നിരത്തിനരികിൽ മരിച്ചുകിടന്ന കാട്ടുമുയലിനെ കണ്ടത്. വസന്തത്തിന്റെ ആഹ്ലാദത്തിൽ പുൽത്തകിടികളിൽ നിന്ന് പുൽത്തകിടികളിലേയ്ക്ക് ഉല്ലസിച്ചോടുമ്പോൾ ഏതോ വാഹനത്തിനടിപ്പെട്ടതാവണം വസന്തത്തിൽ ആദ്യമുണർന്ന ഈ മുയൽ. ചരിത്രത്തിൽ ആദ്യമുണരുന്നവരാണ് എക്കാലത്തും രക്തസാക്ഷികൾ ആകുന്നവരിൽ അധികവും." നവോത്ഥാനത്തിന്റെ ഒരു പുതിയചരിത്രമെഴുതാൻ നമുക്ക് വിളിയുണ്ട്. മരുഭൂമിയിൽ വിളിച്ചുപറയുന്നവനിൽ എല്ലായ്പ്പോഴും ഒരു പുതിയ ചരിത്രത്തിന്റെ തുടക്കമുണ്ട്. ഇത്ര നിർദ്ദാഷിണ്യം പെരുമാറാനും മാത്രം അത്ര മേൽ നാം വെറുക്കപ്പെട്ടവരായതെങ്ങനെ? ഒരുദിനംകൊണ്ട് റോമാപട്ടണം പണിയാമെന്ന വ്യാമോഹമല്ല. നമ്മുടെ ഭാഷ പരസ്പരബഹുമാനത്തിന്റേതാവുന്നതിനുള്ള ഒരു നിർദ്ദേശമെങ്കിലും നല്കാനുള്ള ആർജ്ജവത്വം കാട്ടണം. ചരിത്രം ആദ്ധ്യാത്മിക ഗുരുക്കന്മാരിൽ നിന്നും എക്കാലവും അങ്ങനെയാണ് പ്രതീക്ഷിക്കുന്നത്. ലാവോത്സുവിന്റെ വാക്കോർമ്മിക്കുക, "ഹിംസാപരനായ ഒരു മനുഷ്യന് ഒരു നല്ല അന്ത്യമുണ്ടായി കാണിച്ചാൽ ഞാനയാളെ എന്റെ ഞാനയാളെ എന്റെ ഗുരുവാക്കാം."

വേദമോതുന്നവർ വേദം തന്നെയാണ് ചൊല്ലേണ്ടത്. അവർ ഭേദമോതിയാൽ പോത്തിനെന്നല്ല; മനുഷ്യർക്കും മനസ്സിലാവില്ല. വേദപുസ്തകത്തിലുള്ളത് മനസ്സിലാകാത്തവർ പെരുകുന്നുവെങ്കിൽ സൂക്ഷിക്കുക. ഹോശയാ പ്രവചനം നമ്മെ ഭയപ്പെടുത്തും. "പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു; പരിജ്ഞാനം തൃജിക്കകൊണ്ട് നീ എനിക്ക് പുരോഹിതനായിരിക്കാത വണ്ണം ഞാൻ നിന്നെയും തൃജിക്കും", ആത്മീയ അന്ധതയും ഭോഷത്വവും പെരുകുന്നുവെങ്കിൽ ആരെയാണ് കുറ്റപ്പെടുത്തുക. പഴയൊരു കഥയുണ്ട്. വൈദ്യന്മാർ ജനങ്ങളുടെ രോഗം കൊണ്ട് പുലരുന്നു; ഗുരു രാജാവിനോട് പറഞ്ഞു "വൈദ്യവൃത്തി അടിമുടി അബദ്ധപൂർണ്ണമാകുന്നു''. രാജാവ് ഗുരുവിനോട് ഒരു പരിഹാര മാർഗ്ഗം ചോദിച്ചു. ഗുരു ഇങ്ങനെയാണ് മറുപടി നല്കിയത്, ജനങ്ങളുടെ ആരോഗ്യം നിലനിർത്തുന്നതിന് രാജാവ് വൈദ്യന്മാർക്ക് പ്രതിഫലം നല്കണം. ജനങ്ങൾക്ക് ആരോഗ്യം കുറയുമ്പോൾ, അവർ രോഗികളാകുമ്പോൾ വൈദ്യന്മാരുടെ ശമ്പളം നിഷേധിക്കണം. മറിച്ച്, ജനങ്ങൾ ആരോഗ്യമുള്ളവരായിക്കുമ്പോൾ ശമ്പളം നല്കണം. നമ്മുടെ ഭാഷണങ്ങൾ വഷളത്വത്തെ വർദ്ധിപ്പിക്കുന്നുവോ? എങ്കിൽ തിരുത്തുണ്ടാവണം. പ്രമാണ ലംഘനങ്ങളുടെ ഓർമ്മകൾക്കപ്പുറം വേറിട്ട ചില സ്വപനങ്ങൾ കൂടി ഇന്നിന് സ്വന്തമാവണം. ഒരു പുതിയ ആകാശത്തിനും പുതിയ ഭൂമിക്കും വേണ്ടിയുള്ള ഭാഷയിൽ നമുക്ക് സംസാരിക്കാം. ഒരു വിയറ്റ്നാമീസ് പഴമൊഴി ചേർത്തു നിർത്തട്ടെ

*"ഒരേ തള്ളക്കോഴിയിൽ നിന്നുണ്ടാകുന്ന കുഞ്ഞുങ്ങൾ പരസ്പരം കൊത്തു പിടിക്കാൻ മുഖത്ത് ചായം തേയ്ക്കുന്നതെന്തേ?"* ■

# പള്ളികളുടെ പദവി നിർണ്ണയം



ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

വിശ്വാസികൾക്കു വേദപുസ്തക സംബന്ധമായ പേരുകൾ മാമോദീസായിൽ നൽകുന്നതുപോലെ പള്ളികളുടെ പ്രതിഷ്ഠാസമയത്ത് (കൂദാശ സമയത്ത്) അപ്പോസ്തോലന്മാരുടെയോ, മറ്റ് പരിശുദ്ധന്മാരുടെയോ പേരുകൾ നൽകുന്നു. ആ പരിശുദ്ധന്റെ നാമത്തിൽ അറിയപ്പെടുന്നത് അനുഗ്രഹമായും അഭിമാനമായും ആ ഇടവകാംഗങ്ങൾ കരുതുകയും ചെയ്തുവരുന്നു. പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ വിശ്വാസമില്ലാത്ത മാർത്തോമ്മാക്കാർ ക്രിസ്തുവിനോടു ബന്ധപ്പെട്ട നാമങ്ങൾ പള്ളികൾക്കു നൽകുന്നു. വേദപുസ്തകത്തിലെ ചില സ്ഥല നാമങ്ങളും നൽകാറുണ്ട്. (ഉദാ: ബെഥേൽ, എബനേസർ)

പള്ളിയെപ്പറ്റി ചിന്തിക്കുമ്പോൾ അതിനോടു ബന്ധപ്പെട്ട ചില പദങ്ങളെക്കുറിച്ചും പരാമർശിക്കേണ്ടിയിരിക്കുന്നു. "പാരിഷ്" (Parish) ഈ പദം "പാറൊയ്ക്കിയ" എന്ന ഗ്രീക്കു പദത്തിന്റെ തൽഭവമാണ്. അതിന്റെ അർത്ഥം, പരദേശികളായി പാർക്കുന്നവർ; തീർത്ഥാടക സമൂഹം; ദൈവഭവനത്തോട് അടുത്തവർ എന്നെല്ലാമാണ്. ഈ ലോകത്തിൽ പരദേശികളെപ്പോലെ അഥവാ തീർത്ഥാടകരെപ്പോലെ ജീവിക്കുന്നവരുടെ സമൂഹം എന്നർത്ഥം. പത്രോസ് ശ്ലീഹാ, "പരദേശികൾ" എന്നു സഭാംഗങ്ങളെ സംബോധന ചെയ്യുന്നതായി കാണാം. (1 പത്രോ. 1:2) ഇടവക: "ഇടത്തിലെ വക" എന്നാണ് ഗുണ്ടർട്ട് നൽകിയിട്ടുള്ള അർത്ഥം. "ഇട" എന്നതിനു പ്രഭുഗൃഹം എന്നും "ഇടവകയ്ക്ക് പ്രഭുവിന്റെ ദേശം എന്നും അർത്ഥം നൽകിയിട്ടുണ്ട്. പഴയ കാലത്ത് പ്രഭുക്കന്മാരുടെ ദേശത്തിന് 'ഇടവക' എന്നു പറഞ്ഞിരുന്നു. ബിഷപ്പിന്റെ സ്ഥാനം ഇടപ്രഭുവിന്റേതിനു തുല്യമായതിനാലാണ്. പോർട്ടുഗീസകാരുടെ ആഗമനത്തോടെ "ഇടവക" എന്ന സംജ്ഞ അംഗീകൃതമായി. അത് ആരാധനാലയത്തിന്റെ പേരല്ല, ആരാധക സമൂഹത്തിന്റേതാണ് എന്നോർക്കണം. എന്നാൽ ഇപ്പോൾ "പള്ളിക്ക്" ഇടവക (മഹായിടവക) എന്ന പേരു നൽകുന്നത് മുമ്പെങ്ങും ഇല്ലാത്ത കാര്യമാണ്. ആരാധനാമന്ദിരത്തെ കുറിക്കുവാൻ ആ പേര് അപ്രസക്തമെന്നുവേണം പറയാൻ.

പള്ളി: പാലി ഭാഷയിൽ നിന്നാണ് ഈ പദം. ബുദ്ധമതക്കാർ സംഘം ചേരുന്ന സ്ഥമാണ് പള്ളി. കേരളത്തിൽ ബുദ്ധമതത്തിന്റെ സ്വാധീനം വിളിച്ചോതുന്നതാണ് "പള്ളി" ചേർത്തുള്ള സ്ഥലനാമങ്ങൾ. ബുദ്ധമതത്തിനു ശേഷം കേരളത്തിൽ വന്നെത്തിയ ക്രൈസ്തവരുടെയും മുസ്ലീങ്ങളുടെയും ആരാധനാസ്ഥലത്തിന് 'പള്ളി' എന്ന പേര് ലബ്ധമായി.

ഒരിടവകയുടെ (Congregation or Parish) ദൈവശാസ്ത്രം നിർവചിക്കുമ്പോൾ ഓർക്കാനുള്ളത്, "സാർവ്വത്രിക" സഭയുടെ പ്രാദേശികാവതാരമാണ് ഇടവക" എന്നാണ്. A Parish is a Church in miniature. സാർവ്വത്രികസഭയുടെ ചെറിയ പതിപ്പാണ് പ്രാദേശിക സഭയായ ഇടവക. സഭയുടെ പൊതുവായ സ്വഭാവവും ദൗത്യവും പ്രാദേശിക തലത്തിൽ ഒരിടവക പ്രകടമാക്കുന്നു; പ്രാവർത്തികമാക്കുന്നു എന്നു പറയുന്ന സഭ, ക്രിസ്തുവിന്റെ പൗരോഹിത്യം, പ്രവാചകത്വം, രാജത്വം എന്നിവയിൽ പങ്കുചേരുന്ന ദൈവജനമാണ്. ആ ദൈവജനത്തിന്റെ ചെറിയ ഘടകമാണ് ഇടവക. ക്രിസ്തു, എല്ലാവരാലും, അറിയപ്പെടാനും സ്നേഹിക്കപ്പെടാനും ഇട

**ബിഷപ്പിന്റെ ആസ്ഥാനത്തു സ്ഥിതി ചെയ്യുന്ന പള്ളിക്ക് 'കത്തീഡ്രൽ' എന്ന പേര് പാശ്ചാത്യ സഭകൾ നൽകി. ഒരു ഭദ്രാസനത്തിൽ അങ്ങനെ ഒരു പള്ളി മാത്രമേ ഉണ്ടാവുകയുള്ളൂ. എന്നാൽ ഒരു ഭദ്രാസത്തിൽ തന്നെ നാലോ അഞ്ചോ 'കത്തീഡ്രൽ' പദവിയുള്ള പള്ളികൾ ഉണ്ടാവുക എന്നത് "വിവരക്കേട്" എന്നു മാത്രമേ വിശേഷിപ്പിക്കാനാകൂ.**



വരുത്തുക, അഥവാ ക്രിസ്തു ഓരോരുത്തരിലും ജനിക്കുന്നതിനും, വളർത്തുന്നതിനും വഴിയൊരുക്കുക എന്നതാണ് പ്രാദേശിക സഭയുടെ (ഇടവകയുടെ) ലക്ഷ്യം.

അടുത്ത കാലത്തു വളർന്നുവന്ന പ്രവണതയാണ് പള്ളികൾക്കു പദവി നൽകി പ്രഖ്യാപിക്കുന്നത്. വലിമയും പൊങ്ങച്ചവും ചമയുന്നത് വ്യക്തിജീവിതത്തിൽ അന്യമല്ല. യേശുവിന്റെ കാലത്തു തന്നെ ഉണ്ടായിരുന്നു. പരീശവിഭാഗക്കാർ പൂജനീയ പദവികൾ (honorofic titles) എടുത്തിരുന്നു. "റാബി (വലിയവൻ) എന്നും വിളിക്കുന്നത് അവർക്കു പ്രിയമാകുന്നു" എന്നു കർത്താവു വിമർശിച്ചിട്ടുണ്ട് ഇപ്പോൾ ഈ പ്രവണത വ്യക്തിയിൽ നിന്ന് പള്ളിയിലേക്ക് സംക്രമിച്ചിരിക്കുകയാണ് പരിശുദ്ധന്മാരുടെ നാമത്തിൽ മാത്രം അറിയപ്പെട്ടിരുന്നതു പോരാ, മറ്റു ചില പൂജനീയ വിശേഷങ്ങൾ കൂടി വേണമെന്ന മോഹവും, അതു കല്പിച്ച് ആശീർവദിച്ചുകൊടുക്കുന്ന അവസ്ഥയുമാണ്. 'വലിയ' 'മഹായിടവക' തുടങ്ങിയ പദവികൾ അടുത്ത കാലത്ത് പല പള്ളികൾക്കും കൈ വന്നിരിക്കുന്നു.

"കത്തീഡ്രൽ" പദവിയാണ് മറ്റൊന്ന്. ആ പദത്തിന്റെ അർത്ഥമോ, പ്രസക്തിയോ, മനസ്സിലാക്കാതെ കേൾക്കാൻ ഘനമുള്ള ഒരു നാമമായി കരുതുന്നതാണ് വിചിത്രം. "കത്തീഡ്ര" എന്ന ലത്തീൻ പദത്തിനു കസേര എന്നർത്ഥം ബിഷപ്പിന്റെ കസേര അഥവാ സിംഹാസനം ഇരിക്കുന്ന പള്ളി, അതായത് ബിഷപ്പിന്റെ ആസ്ഥാനത്തു സ്ഥിതി ചെയ്യുന്ന പള്ളിക്ക് 'കത്തീഡ്രൽ' എന്ന പേര് പാശ്ചാത്യ സഭകൾ നൽകി. ഒരു ഭദ്രാസനത്തിൽ അങ്ങനെ ഒരു പള്ളി മാത്രമേ ഉണ്ടാവുകയുള്ളൂ. എന്നാൽ ഒരു ഭദ്രാസത്തിൽ തന്നെ നാലോ അഞ്ചോ 'കത്തീഡ്രൽ' പദവിയുള്ള പള്ളികൾ ഉണ്ടാവുക എന്നത് "വിവരക്കേട്" എന്നു മാത്രമേ വിശേഷിപ്പിക്കാനാകൂ. യാഥാർത്ഥ്യം ജനങ്ങളെ മനസ്സിലാക്കി കൊടുക്കുന്നതിനു പകരം "ആഗ്രഹനിവൃത്തി" വരുത്തും കേന്ദ്രങ്ങളായി ചുമതലപ്പെട്ടവർ മാറിപ്പോകാൻ പാടില്ല.

ഇന്ന് പള്ളികൾക്ക് അഭിനന്ദനത്തിന്റെയും പ്രശംസയുടെയും ലിഖിതങ്ങളും ഫലകങ്ങളും നൽകി ആരംഭിക്കുന്നുണ്ട്. അതിനുള്ള മാനദണ്ഡം സഭാദിനപ്പിരിവിൽ കൂടുതൽ തുക പിരിച്ച് കേന്ദ്രത്തിൽ നൽകുന്നതു മാത്രമാണ്. കേന്ദ്രത്തിൽ നിന്നു നിശ്ചയിച്ച "ടാർജറ്റ്" പിരിച്ചുകൊടുക്കാൻ കഴിയാത്തതിന്റെ പേരിൽ വൈദികക്ഷേമനിധിയിൽ നിന്നുള്ള സഹായം പോലും ചില വൈദികർക്കു നിഷേധിക്കുന്ന വിധത്തിൽ സേവനത്തിന്റെ മാനദണ്ഡം മാമ്മോനിൽ നിക്ഷിപ്തമായിരിക്കുന്നു.

വലിയപള്ളി 'മഹായിടവക' എനനീ പദവികൾ ലഭിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ വിചിത്രമെന്നു തോന്നി. പള്ളിപ്പൊതുയോഗം ചേർന്ന് അപേക്ഷ സമർപ്പിക്കുന്ന നിശ്ചിത കുടുംബ സംഖ്യ ഉണ്ടായിരിക്കുക, ഇടവക മെത്രാപ്പോലീത്തായുടെ ശുപാർശ ലഭിക്കുക- ഇത്രയുമായാൽ കാതോലിക്കായുടെ പ്രഖ്യാപനം ഉണ്ടാകും. ഇടവകയുടെ ആദ്ധ്യാത്മിക നിലവാരത്തെക്കുറിച്ച് ആഗന്തുകമായ ഒരു പരാമർശമല്ലാതെ അതിൽ പ്രധാന്യം നൽകുന്ന ഒന്നായി കാണുന്നില്ല.

വ്യക്തികൾക്കെന്നപോലെ പള്ളികൾക്കും സ്ഥാപനങ്ങൾക്കും അംഗീകാരവും അഭിനന്ദനവും നൽകുന്നത് പ്രോത്സാഹനജനകമാണ്. കൂടുതൽ ഉത്സാഹവും കർമ്മോൽസുകതയും ഉളവാക്കാൻ സഹായിക്കും. എന്നാൽ അംഗീകാരത്തിന്റേതായ പദവികൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും മേൽക്കാണിച്ച വിധത്തിൽ മതിയോ? കാലാകാലങ്ങൾക്ക് ഉന്നതാധികാര സമിതിയിൽ നിന്നും ചില അംഗീകാരവും പുരസ്ക്കാരവും മറ്റും ലഭിക്കാറുണ്ട്. അതിനു നിർദ്ദിഷ്ടവും കർശനവുമായ ചില മാനദണ്ഡങ്ങൾ ഉണ്ട്. അദ്ധ്യാപകരുടെ യോഗ്യതയും കഴിവും, ലബോറട്ടറി സജ്ജീകരണം, അദ്ധ്യയന നിലവാരം, പരീക്ഷകളിലെ വിജയശതമാനം, പാഠ്യേതരവിഷയങ്ങൾക്കുള്ള സംവിധാനം ഇങ്ങനെ ഒട്ടേറെ കാര്യങ്ങളെക്കുറിച്ച്, പ്രത്യേകം നിയോഗിക്കപ്പെടുന്ന സമിതിയുടെ സൂക്ഷ്മവും സരസവുമായ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. അംഗീകാരത്തിന്റെ മാനദണ്ഡം Quality ആണ്. Quantity അല്ല. നിലവാരമാണ് മറ്റു ഘടകങ്ങളല്ല.

ഇടവകകൾക്ക് അംഗീകാരവും അഭിനന്ദനവും പദവികളും നൽകി പ്രോത്സാഹിപ്പിക്കാവുന്നാണ്. പക്ഷേ അതിനുള്ള മാനദണ്ഡം നിശ്ചയമായും ഇടവകയുടെ ആദ്ധ്യാത്മിക പ്രവർത്തനവും ആത്മിക നിലവാരവുമായിരിക്കണം. 'സഭയുടെ കല്പനകൾ' എന്ന പേരിൽ ഏഴു കാര്യങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. എത്ര പേർക്ക് അതറിയാം? അതിൽ ഊന്നൽ നൽകിയിട്ടുള്ളത് ആരാധനയിലുള്ള നിഷ്ഠയും പങ്കാളിത്തവും, നോമ്പ്, ഉപവാസം എന്നിവയുടെ അനുഷ്ഠാനവുമാണ്. അതോടൊപ്പം ദശാംശം നൽകുന്നതും നിഷ്കർഷിച്ചിട്ടുണ്ട്.

ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ പ്രവർത്തനവും ഇടവകാംഗങ്ങളുടെ പങ്കാളിത്തവും, ആത്മികോന്നമനത്തിനായി ധ്യാനയോഗം, സുവിശേഷയോഗം, വേദപഠന ക്ലാസ്സുകൾ, പ്രാർത്ഥനായോഗങ്ങൾ തുടങ്ങിയവ എപ്രകാരം നിർവഹിക്കപ്പെടുന്നു; സാമൂഹിക രംഗത്തും സേവനരംഗത്തുമുള്ള പ്രവർത്തനങ്ങൾ, ഇടവകയുടെ പൊതുസാക്ഷ്യം എന്നിവയെല്ലാം പരിഗണിക്കപ്പെടണം. ദശാംശം നൽകുന്നവരുടെ സംഖ്യ എത്രയെന്നുള്ളതും ശ്രദ്ധിക്കേണ്ടതാണ്. ഇവയിൽ എല്ലാം നല്ല നിലവാരം പുലർത്തുന്ന ഇടവകയും, അവർക്കു നേതൃത്വം നൽകുന്ന വൈദികനും ആദരിക്കപ്പെടണം, അനുമോദിക്കപ്പെടണം. അല്ലാതെ കുടുംബങ്ങളുടെ എണ്ണവും ധനക്കൊഴുപ്പും അല്ല മാനദണ്ഡമാക്കേണ്ടത്.

ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന പദവി പ്രഖ്യാപനങ്ങൾ നിശ്ചയമായും പുനർചിന്തനം ചെയ്യേണ്ട ഒന്നാണ്. ഇടവകയുടെ സർവ്വതോൻമുഖമായ വളർച്ചയ്ക്കും അഭിവൃദ്ധിക്കുംവേണ്ടി അവിശ്രാന്തം പ്രവർത്തിക്കുന്ന പല വൈദികരുണ്ട്. അവരുടെ സേവനവും പ്രവർത്തനവും അംഗീകരിക്കപ്പെടണം. ■

# മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാഇടവക, മസ്ക്കറ്റ്

# "തണൽ"

## Cancer Care for Life പദ്ധതി 2012-13

മസ്ക്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന 'തണൽ' Cancer Care for life പദ്ധതിയിലൂടെ മലങ്കര ഓർത്തഡോക്സ് സഭയിലെ സാമ്പത്തികമായി വളരെ പിന്നോക്കം നില്ക്കുന്ന രോഗികൾക്ക് സഹായം നൽകപ്പെടുന്നു.

സഭയിലെ എല്ലാ ഭദ്രാസനങ്ങളിലും ഉൾപ്പെട്ട Cancer രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇതര സമുദായാംഗങ്ങൾക്കും അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ 2012 നവംബർ 30-ന് മുമ്പ് താഴെ കാണുന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.

## നിബന്ധനകൾ

* അപേക്ഷകൾ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഓർത്തഡോക്സ് സഭാ വിശ്വാസികളായിരിക്കണം.
* അപേക്ഷയോടൊപ്പം ഇടവക വികാരിയുടെ/ഭദ്രാസന മെത്രാപ്പോലീത്തായുടെ ശുപാർശക്കത്തുകൾ ഉണ്ടായിരിക്കണം.
* ഇതര സമുദായാംഗങ്ങൾ അടുത്തുള്ള ഓർത്തഡോക്സ് പള്ളി വികാരിയുടെ സാക്ഷിപത്രം അപേക്ഷയോടൊപ്പം വയ്ക്കണം.
* രോഗിയുടെ രോഗാവസ്ഥ തെളിയിക്കുന്ന രേഖകൾ (eg scan, blood, biopsy report) ചികിൽസിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രം or hospital reports. എന്നിവ അയച്ചുതരണം.
* അപേക്ഷകന്റെ (രോഗിയുടെ) ഒരു ഫോട്ടോഗ്രാഫ്
* സാമ്പത്തീക പിന്നോക്കാവസ്ഥ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (റേഷൻകാർഡ് കോപ്പി) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.
* M.G.O.M.E. മസ്ക്കറ്റ് 'തണൽ' Cancer Care for life സമിതിയുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

*അയയ്ക്കേണ്ട വിലാസം*

**The Vicar**
**Mar Gregorios Orthodox Maha Edavaka**
**P.B. No. 984, P C 100**
**Muscat, Sultanate of Omana**

Ph: 00968-24702606, Mob. 00968-99453470



# കളരിപ്പയറ്റും മർമ്മ ശാസ്ത്രവും

പി. എ. ജോയി ഗുരുക്കൾ

ആർഷഭാരതത്തിന് അമൂല്യമായൊരു തിലകചാർത്താണ് കേരളത്തിന്റെ തനത് ആയോധന കലയായ കളരിപ്പയറ്റും അതിന്റെ പുന്തുടർച്ചയായ മർമ്മശാസ്ത്രവും. കളരിപ്പയറ്റ് തെക്കൻ സമ്പ്രദായമെന്നും, വടക്കൻ സമ്പ്രദായമെന്നും രണ്ട് വിധമുണ്ട്. തെക്കൻ സമ്പ്രദായത്തിന്റെ ആത്മീയ ഗുരു അഗസ്ത്യ മുനിയാണ്.

തെക്കൻ സമ്പ്രദായത്തിലെ പ്രഥമപാഠം ശരീരത്തെ അനായാസം ചലിപ്പിക്കുവാനുള്ള (വ്യായാമ മുറകൾ) മെയ്യഭ്യാസം, ഒറ്റച്ചുവട്, കൂട്ടച്ചുവട് എന്നിവയാണ്. ഇവ സ്വായത്തമാക്കുന്നതിലൂടെ ശരീരത്തിന്റെ എല്ലാ പേശികൾക്കും അയവ് വരികയും, തന്മൂലം രക്തയോട്ടം സുഗമമാക്കുകയും ചെയ്യുന്നതോടൊപ്പം ദുർമേദസ്സ്, നട്ടെല്ല് വേദന, സന്ധികൾതോറുമുള്ള വേദന, കിഡ്നി, പാൻക്രിയാസ് തുടങ്ങിയ അവയവങ്ങളുടെ പ്രവർത്തന ക്ഷമത ഈ അഭ്യാസമുറകളിലൂടെ വർദ്ധിപ്പിക്കുന്നതാണ്. കളരിപ്പയറ്റ് ഗുരുശിഷ്യബന്ധം ദൃഢമാകുന്ന കലയാണ്. അഭ്യാസം ആരംഭിക്കുന്നതിനു മുൻപും പിൻപും ഗുരുപാദങ്ങൾ നമസ്കരിച്ച്, ദൈവത്തെ ധ്യാനിച്ചുകൊണ്ടും, കളരി തറയെ തൊട്ട്തൊഴുമ്പോൾ പ്രകൃതിയെയും മാനിക്കുന്നു.

ഇന്നത്തെ തലമുറയിൽ അന്യംനിന്ന് പോകുന്ന മുതിർന്നവരോടുള്ള ഭയഭക്തി ബഹുമാനം വരുംകാലങ്ങളിലെങ്കിലും ഒരു പരിധിവരെ നിലനിർത്താൻ ഇത് ഉതകുന്നുണ്ട്. മാത്രമല്ല സൃഷ്ടാവും പരിപാലകനുമായ ദൈവത്തെയും ജാതിമതഭേദമെന്യേ ഈ കല അഭ്യസിക്കുന്നതിലൂടെ അഭ്യാസികൾ സ്മരിക്കുന്നു.



തൽഫലമായി വിജ്ഞാനത്തേക്കാൾ ശ്രേഷ്ഠം വിവേകമാണെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കി സഹജീവികളെ ബഹുമാനിക്കുന്നവരും, ഏകാഗ്രതയുള്ളവരും, സത്യസന്ധരും, സ്വയം നശിക്കാതിരിക്കാനും, മറ്റുള്ളവരെ ഉന്മൂലനം ചെയ്യാതിരിക്കാനും സാധിക്കുന്നവരായി തീരുന്നു.

പ്രതിരോധമാണ് തെക്കൻ സമ്പ്രദായത്തിന്റെ മറ്റൊരു സവിശേഷത, മറിച്ച് പ്രത്യാക്രമണമല്ല മെയ്യാഭ്യാസത്തിൽ തുടങ്ങുന്ന കളരിപഠനം അവസാനിക്കുന്നത് മർമ്മശാസ്ത്രത്തിലാണ്.

സഹസ്രാബ്ദങ്ങൾക്കപ്പുറം അഗസ്ത്യമുനി ശിഷ്യന്മാർക്ക് പകർന്നുകൊടുത്ത സ്വയരക്ഷാമാർഗ്ഗങ്ങളാണ് കളരിയുടെ ആദ്യപാഠങ്ങൾ. അവ മർമ്മശാസ്ത്രമായി താളിയോലകളിലും, ചെമ്പ് തകിടുകളിലും കുറിച്ചുവെച്ചിരുന്നു. തെക്കും, വടക്കുമായി പരശുരാമൻ 108 കളരികൾ സ്ഥാപിച്ചു എന്നുമുണ്ട് ഐതിഹ്യം.

ഒവിയംപോൽമൊഴിപേശിതുണയാക
പത്തിരമാന നൂലവർക്കുവെളിവിടാതെ



**ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക. അവൻ വൃദ്ധനായാലും അത് വിട്ടു മാറുകയില്ലാ എന്നുള്ള വേദവചനം കളരിപഠനത്തിന്റെ കാര്യത്തിൽ അർത്ഥവത്താണ്. ബാല്യത്തിലേയുള്ള മാതൃകാപരമായ ശിക്ഷണം ലഭിച്ചാൽ കാലാവസാനം വരെ ചിത്ത നിയന്ത്രണത്തിലും മെയ് വഴക്കത്തിലും നിലനിൽക്കാൻ കഴിയും.**

ശിഷ്യനെന്റ്രു പന്തിരണ്ടുവർഷം കാത്താൽ
അറിവാന പുത്തിയവർക്കിരുന്തതാനാൽ
അപ്പനെ പൊരുൾവാങ്കി നൂലെകൊട്
ഈവതു താനും ആരുക്ക്? ശിവയോഗി

കവിതചൊല്ലി പഠിപ്പിക്കുന്നതുപോലെ ഭദ്രമായ ശാസ്ത്രം, അർഹതയില്ലാത്തവർക്ക് ചൊല്ലിക്കൊടുക്കരുത്. ശിഷ്യനായി പരിചയപ്പെടുന്നവർക്കു ബുദ്ധിശക്തിയുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ പ്രതിഫലം വാങ്ങി അത് പകരാം. അത് തന്നെ ശിവയോഗിക്കുമാത്രം. ഇതു ഗുരുക്കന്മാർക്കുള്ള ആചാര്യോപദേശം.

കളരിപ്പയറ്റ് ശരീരത്തെയും, മനസ്സിനെയും, ആത്മാവിനെയും കൂട്ടിയിണക്കുന്ന ആത്മീയതയുടെ വഴിയിലെ വഴക്കംമാത്രമെന്ന ഓർമ്മപ്പെടുത്തൽ പൂർവ്വ ഗുരുക്കന്മാരുടെ നാരായം കോറിയ ഓരോ താളിയോലയിലുമുണ്ട്. (ഒറ്റച്ചുവട് എന്ന പാഠഭാഗം തുടങ്ങുന്നതുതന്നെ അടി തടഞ്ഞുകൊണ്ടാണ്. അടിച്ചുകൊണ്ടല്ലാ)

"ഒന്റ്രാവത് അടിക്കവന്താർ
ഒരടി ആണ്ടവർ കാപ്പാർ
രണ്ടടി ആടിക്കവന്താർ
മുഴുകെ ആരെന്റ് പാർത്ത്
ഗുരുവിനെ നിനൈത്ത്
ഗുരുവിനെ നിനൈത്ത്
ഇനി എന്ന ശെയ്യലാമെന്റ്
യോസിത്ത് പാർത്ത്
പടുമർമ്മം ശെയ്യാമൽ തൊടുമർമ്മം
അടങ്കൽപോട്ട് മാണ്ട് പോവാർ
ഉനക്കുവസമിരുന്താൽ എഴുമ്പിവിട്
അല്ല വിട്ടാൽ കടന്തുവിട്"

ആദ്യപ്രഹാരം ദൈവം തടയും. പിന്നെയും അടിച്ചാൽ ഗുരുവിനെ നിനച്ച്, ആലോചിച്ച് തൊടുമർമ്മം മാത്രം തൊട്ട് മാരകമായ പടുമർമ്മങ്ങളിൽ പ്രഹരമരുത്. അതാണ് ആയിരത്താണ്ടുകൾ കടന്നെത്തിയ ഗുരുക്കന്മാരുടെ വാക്കുകൾ. കളരിപ്പയറ്റിന്റെ മർമ്മം തൊടുന്നവ, തെക്കൻ, വടക്കൻ, ചിട്ടകൾക്കൊക്കെ ആധാരം. മലയാണ്മയുടെ കളരികൾ അനന്തകോടി ഉരുക്കഴിച്ചു പാലിക്കുന്നവേദ മന്ത്രം.

"ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക. അവൻ വൃദ്ധനായാലും അത് വിട്ടു മാറുകയില്ലാ" എന്നുള്ള വേദവചനം കളരിപഠനത്തിന്റെ കാര്യത്തിൽ അർത്ഥവത്താണ്. ബാല്യത്തിലേയുള്ള മാതൃകാപരമായ ശിക്ഷണം ലഭിച്ചാൽ കാലാവസാനം വരെ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവയിൽ നിന്നും മുക്തി നേടി സ്നേഹം, സന്തോഷം സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നീ സദ്ഗുണങ്ങൾ വാർത്തെടുക്കുവാൻ ആറുവയസ് (ബുദ്ധി വികസിക്കുന്ന) സമയത്ത് തന്നെയുള്ള കളരി അഭ്യാസം സഹായകരമാണ്. ഈ അമൂല്യകലയ്ക്ക് ഗവൺമെന്റ് തലത്തിൽ നൽകുന്ന പ്രോത്സാഹനം പ്രശംസനീയമാണ്. ജില്ലാ ആയോധന പരിശീലന കേന്ദ്രങ്ങൾ അതിന് മകുടോദാഹരണമാണ്. ഗ്രാമ, പഞ്ചായത്തു തലങ്ങളിലും, സ്ക്കൂൾ, കോളേജുകളിലും, ടൂറിസം, പോലീസ് വകുപ്പുകളിലും, ഈ ആയോധനകല അഭ്യസനം വ്യാപിക്കുവാൻ എല്ലാ ആഭ്യുദയകാംഷികളും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരും, കളരി അസോസിയേഷൻ ഭാരവാഹികളും ഒരുമിച്ച് പ്രവർത്തിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്.

സ്ത്രീ പീഡനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സമൂഹത്തിൽ പെൺകുട്ടികൾ നിർബന്ധമായും പഠിച്ചിരികകേണ്ട വിദ്യയാണ് കളരിപ്പയറ്റും, മർമശാസ്ത്രവും. അത് അവർക്ക് ധൈര്യവും, ഏത് പ്രതിസന്ധിയെയും തരണം ചെയ്യാനുള്ള മനക്കരുത്തും, ഏകാഗ്രതയും നൽകുന്നു.

കളരിയിൽ കൈയും, മെയ്യും, മനവും മിഴിയും ഒത്തിണങ്ങണം അഥവാ മെയ്യ് കണ്ണാകണം, ഉടലുടനീളം ഏതനക്കവും കാണുന്ന കണ്ണുകൾ. ഇവയെ ഒന്നിച്ചിണക്കി പ്രവർത്തിക്കുവാൻ കഴിയുന്നവർ നല്ല അഭ്യാസി. ശത്രുക്കൾ ആയിരമെങ്കിലും, ഒരേസമയത്ത് ഒരാളെ മാത്രം കാണും, അല്ലെങ്കിൽ ആയിരം ശത്രുക്കളെ ഒന്നായി കണ്ടിട്ടുള്ള പ്രതിരോധം, അതിനുള്ള ഏകാഗ്രത, കളരിച്ചുവടുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത് ഈ തത്വമനുസരിച്ചാണ്.

"ഒഴിവതിനാൽ ചുവടുതന്നെ മുറയായി ചെയ്യെ
ഒഴിവോട് കൂടിയെ ക്രമപ്രകാരം ചുവടുകൾ വയ്ക്കാവൂ..
ആചാര്യ വചനങ്ങൾ"

ആദ്യം പ്രതിപാദിച്ച മെയ്യഭ്യാസം, ഒറ്റച്ചുവട്, കൂട്ടച്ചുവട്, എന്നീ പാഠങ്ങൾക്ക് ശേഷം കൈപ്പോര് പൂട്ടും പിരിവും, കുറുവടി, നെടുവടി, കഠാര, വാൾപയറ്റ്, ഉറുമിപ്പയറ്റ്, കുന്തപ്പയറ്റ്, വാളും പരിചയും, ചെറുവടി ചെറുമം, വെട്ടുകത്തി, കണ്ഠ കോടാലി (മഴു), വടിവീശ്, പന്തംവീശ്, മുതലായ ആയുധാഭ്യാസങ്ങൾക്ക് ശേഷം മർമ്മശാസ്ത്രം 12 വർഷം പരിശീലിക്കണം.

മേദസ് അലിയാനും ശരീരത്തിനുറപ്പു ലഭിക്കാനും ത്വക്കിന് തെളിവുകിട്ടാനും കഫം നശിക്കാനും ബീജഗുണം വർദ്ധിക്കാനും കൈകൊണ്ടുള്ള തിരുമ്മലും, ഗരുഡനെ കണ്ട പാമ്പിനെപോലെ രോഗങ്ങൾ ഓടിഒളിക്കാൻ ചവിട്ടി തിരുമ്മലും സഹായിക്കുമെന്ന് പ്രസ്തുത ശ്ലോകത്തിൽ വിസ്തരിച്ചിരിക്കുന്നു.

ദീർഘനാളത്തെ ശിക്ഷണംകൊണ്ടു മാത്രമേ ഉഴിച്ചിലിനുവേണ്ട കൈത്തഴക്കവും ശരീരശാസ്ത്രബോധവും താള

ക്രമവും സ്വായത്തമാവൂ. ദൃഢമായ പേശീഭാഗങ്ങൾ പാദം കൊണ്ടും മൃദുവായ മർമ്മഭാഗങ്ങൾ കൈകൊണ്ടും വളരെ ശ്രദ്ധയോടെ ഉഴിഞ്ഞ് ഉണർത്തേണ്ട ചികിത്സയായതിനാൽ വിദഗ്ധ ഹസ്തങ്ങളിലേ ശരീരം ഏല്പിക്കാവൂ. അനുഭവ ജ്ഞാനികളായ പാശ്ചാത്യ ഭിഷഗ്വരന്മാർ ഉഴിച്ചിൽ വരിൽകൊണ്ടുള്ള ശസ്ത്രക്രിയയാമെന്ന് അഭിപ്രായപ്പെടുന്നു. ഹിസ്റ്റീരിയ പോലുള്ള രോഗത്തിനും വിശ്രമ ചികിത്സ (Rest Cure) എന്ന പേരിൽ ഇവർ ഇതിനെ വികസിപ്പിച്ചെടുത്തു.

ആഴ്ചയിലൊരിക്കലെങ്കിലും ഉഴിച്ചിലിനുവിധേയനാകുന്നൊരാളെ വിളർച്ചയോ ക്ഷീണമോ ബാധിക്കുന്നില്ല. സ്വസ്ഥ ശരീരമാണെങ്കിൽ ആര്യസമ്പ്രദായത്തിലെ ലാളനക്രിയയോ താഡനക്രിയയോ മതി. ദ്രാവിഡത്തിലിത് കുരുത്തോല തിരുമ്മലായും പൂത്തിരുമ്മലായും മാറുന്നു. ത്രിശ, ചതുരശ്ര, മിശ്രം എന്നവയാണ് പ്രധാന താളങ്ങൾ. ഇപ്പോൾ ഇത് കുലുക്കൽ, ഉരുട്ടൽ, തിരിക്കൽ, താളം പിടിക്കൽ, ഘർഷണം, കമ്പനം എന്നീ പേരുകളിൽ അറിയുന്നു.

തുടക്കത്തിൽ കളരി അഭ്യാസികളും കഥകളി നടന്മാരും മാത്രമേ ഉഴിച്ചിലിന്റെ പരമസുഖം അനുഭവിച്ചിരുന്നുള്ളു. കളരിയിലെ ചവിട്ടിതിരുമ്മൽകൊണ്ട് മനസ്സിനൊത്ത് പ്രവർത്തിക്കാനുള്ള ശേഷി ശരീരം കൈവരിക്കുന്നു. കുതിരയെപ്പോലെ കുതിച്ചുചാടാനും മയിലിനെപ്പോലെ വളയാനും പാമ്പിനെപ്പോലെ ഒഴുകി നീങ്ങാനും മാർജ്ജാരനെപ്പോലെ പമ്മിനടക്കാനും കുരങ്ങിനെപ്പോലെ ചടുലമായി പ്രവർത്തിക്കാനും ഉഴിഞ്ഞെടുത്ത ശരീരംകൊണ്ടവർക്കു സാധിക്കുന്നു. ശരീരത്തിൽ അടിഞ്ഞുകൂടുന്ന കാർബൺഡയോക്സൈഡ്പോലുള്ള മാലിന്യങ്ങൾ ത്വക്കിലെ സുഷിരങ്ങളിൽക്കൂടി പുറന്തള്ളുവാനും കഴിയുന്നു. ഒപ്പം ശരീരത്തിലെ ഇച്ഛഅനിച്ഛാനുവർത്തികളായ പേശികളുടെ പ്രവർത്തനക്ഷമത ഉയരുന്നു. ഇത് മനസ്സിലാക്കിയ വിദേശിയർ കായിക രംഗത്ത് നേട്ടങ്ങളുടെ സൂചിക ഉയർത്തുന്നതിനായി അവരുടെ കായികതാരങ്ങൾക്ക് ഉഴച്ചിൽ നിർബന്ധമാക്കികഴിഞ്ഞു.

പ്രാണവായുവിനുതുല്യം പ്രാധാന്യം ഉഴിച്ചിലിനും നൽകേണ്ട കാലമായിരിക്കുന്നുവെന്നു പറഞ്ഞാൽ അധികമാവില്ല. മസ്തിഷ്കത്തേയും സുഷുമ്നയേയും പരസ്പരം ബന്ധപ്പെടുത്തുന്ന അപഗാമി ആഗാമിനാഡീവ്യൂഹത്തെ ചൈതന്യവത്താക്കാൻ അത്യന്താധുനിക ഔഷധങ്ങളൊന്നും ഇല്ലാതെ തലയുഴിച്ചിലിലൂടെ സാധിക്കുമെന്നു പ്രഗത്ഭ ഭിഷഗ്വരന്മാർ സമ്മതിക്കുന്നു.

ബ്രഹ്മരന്ധ്രത്തിലും, തലയോട്ടിയും കഴുത്തും ചേരുന്ന ഭാഗത്തും ഉച്ചിമർമ്മത്തിലും എണ്ണവർഷിച്ച ശേഷം ഭൂമധ്യത്തിൽ നിന്നും കഴുത്തിൽ തലയോട്ടി ചേരുന്ന ഭാഗത്തു നിന്നും മുകളിലോട്ട് ഒരേമർദ്ദത്തില് കൈകൾ വ്യാപിപ്പിച്ച ഉഴിഞ്ഞാൽ മുടിയുടെ തലച്ചോറിലെ ഞരമ്പുകളിൽ തലയിൽ ഇറ്റിച്ച എണ്ണവന്നെത്തുന്നു. ഇത് ഹൃദയം, ശ്വാസകോശം, കണ്ണ് എന്നിവയെ ശക്തിപ്പെടുത്തുകയും കുടലിലെ ഗ്യാസിനെ ക്രമപ്പെടുത്തി നാഡിയുടെ പ്രവർത്തന ശേഷി വർദ്ധിപ്പിക്കുകും ചെയ്യും. പുരികം ഉഴിയുന്നതുകൊണ്ട് ശരീരത്തിനാകെ ലഭിക്കുന്ന ഗുണത്തിനുപരി കാഴ്ച ശക്തി കൂടുന്നു. നെറ്റിതടവുന്നതുകൊണ്ട് 'സ്ഥപനി' മർമ്മവും (തിലസക്കാലം), പുരുവക്കാലവും നക്ഷത്രക്കാലവും പ്രസന്നമാവുകയും തന്മൂലം ഏകാഗ്രതയും 'ദർശന സൗഭാഗ്യവും കൈവരുന്നു.'



ഉഴിച്ചിലിനു പ്രായഭേദമോ ലിംഗഭേദമോ ഇല്ല. ഇത് ആരംഭിക്കുംമുൻപ് തന്റെ മുന്നിലെത്തിയവരുടെ മാനസ്സിക ശാരീരികാവസ്ഥകളെ വൈദ്യർ സൂക്ഷ്മമായി വിലയിരുത്തണം. മയക്കുമരുന്നിടമകളായവർക്ക് ഉഴിച്ചിൽ ഫലപ്രദമല്ല. ഓരോ വ്യക്തിയുടേയും ശരീരഘടന അനുസരിച്ച് ഉഴിയണം. 60 വയസ്സുള്ളോരെയും 6 വയസുകാരേയും ഒരേശക്തിയിൽ ഉഴിയരുത്.

"ഉൽപാദനാൽ ഭവേൽ സ്ത്രീണാം
വിശേഷാൽ കാന്തിമദ്വപു"- എന്നാണ് ശുശ്രുത സംഹിതയിൽ കാണുന്നത്. അതനുസരിച്ച് സ്ത്രീകളേയും ചവിട്ടിത്തിരുമ്മണം. അങ്ങനെ ചെയ്താൽ ശരീരത്തിന് സവിശേഷകാന്തി വന്നുചേരും... സാധാരണക്കാരെ 30-45 മിനിറ്റിൽ കൂടുതൽ ഉഴിയരുത്. കായികാഭ്യാസികൾക്കും വൃദ്ധന്മാർക്കും സമയം ആവശ്യം പോലെ ആവാം. രാവിലെയും വൈകുന്നേരവും ഉഴിച്ചിലിനു കൊള്ളാമെങ്കിലും സൂര്യോദയത്തിനു 45 മിനിറ്റ് മുമ്പ് തുടങ്ങി ഉദിച്ച് 9 മണിവരെയുള്ള ചികിത്സയാണ് ഏറെ ഗുണപ്രദം. ശരീരം മുഴുവൻ ഉഴിയുന്നതിലൂടെ കൊഴുപ്പിന്റെ അളവ് നിയന്ത്രിക്കാനും അമിതവണ്ണം കുറയ്ക്കാനും ശരീരപുഷ്ടി, രൂപലാവണ്യം തുടങ്ങിയവ സംരക്ഷിക്കാനും സാധിക്കുന്നു. കൂടെ നിശ്ചയദാർഢ്യവും സഹിഷ്ണുതയും ലഭിക്കുന്നു. കാർബൺഡയോക്സൈഡിന്റെ അളവുകുറയുന്നതുകാരണം വാതരോഗവും ശമിക്കുന്നു.

ഉഴിച്ചിൽ ചെയ്യുന്ന വൈദ്യൻ ആരോഗ്യവാനും ശാന്തശീലനും കരുണയുള്ളവനും ആയിരിക്കണം. രോഗമുള്ളവനാകരുത്. അയാളുടെ ജീവിതം മറ്റുള്ളവർക്ക് മാതൃകയായിരിക്കണം. അതിന്റെ പ്രഭാവം ഉഴിച്ചിലിനു വിധേയനാവുന്ന വ്യക്തിക്കും ലഭിക്കും. ചികിത്സാഫലം ഇരട്ടിയാകും.

ഉഴിച്ചിൽ തുടങ്ങുന്നത് പാദത്തിൽ ഉള്ളംകാലിൽ നിന്നാകണം (ചികിത്സാ സ്ഥാനം: വാഗ്ഭടർ). തലയ്ക്കഭിമുഖമായി ഉഴിഞ്ഞ് മുന്നേറണം. കവുത്ത്, മുഖം, ശിരസ് എന്നിവ ഉഴിയുന്നതിനുമുമ്പ് മുതുകു ഉഴിയണം. മുതുകിനുമുമ്പ് ക്രമമായി മറ്റ് അവയവങ്ങൾ ഉഴിയണം. രോഗിയെ ഉഴിയുമ്പോൾ ശരീരോഷ്മാവിലും കുറഞ്ഞ കൈചൂടാണ് ആവശ്യമെങ്കിൽ ശിരസ്സിൽ തുടങ്ങി പാദത്തിൽ പൂർത്തിയാക്കണം. ഭക്ഷണംകൊണ്ട് നിറഞ്ഞവയർ ഉഴിയരുത്. കഴുത്തിനു മുകളിലോട്ടും തലമുഴുവനായും തിരുമ്മുമ്പോൾ ചമ്രത്തിലോ കാൽനിവർത്തിയോ ഇരുത്തിമാത്രമേ ഉഴിയാവൂ.

ചില വൈദ്യന്മാർ ആരംഭിക്കുന്നത് നാഭിയിൽ നിന്നാണ്. നീഭീദേശം തിരുമ്മിയുണർത്തിയിട്ടേ അവർ മറ്റ് ഭാഗങ്ങൾ തിരുമ്മുകയുള്ളൂ. അഗസ്ത്യമഹർഷിയുടെ മർമ്മസൂത്രമാണ് ഇതിന് ആധാരം.

ഇരുപത്തിയൊന്നു ദിവസത്തെ ഉഴിച്ചിലാണ് ചെയ്യുന്നതെങ്കിൽ ആദ്യദിവസം ഒരു മണിക്കൂർ ഉഴിഞ്ഞ് നിർത്തണം. പിന്നെ ക്രമമായി അഞ്ചുമിനിറ്റ് വീതം കൂട്ടി പത്താം ദിവസം ഒന്നേമുക്കാൽ മണിക്കൂർ ഉഴിയണം. പതിനൊന്നും, പന്ത്രണ്ടും ദിവസങ്ങളിൽ അങ്ങനെതന്നെ മതി. പതിമൂന്നാം ദിവസം മുതൽ അഞ്ചുമിനിറ്റ് വീതം കുറച്ച് ഇരുപത്തി

*ശേഷം 35-ാം പേജിൽ*




സഭാ വിശ്വാസ സത്യങ്ങൾ വേദപുസ്തക വെളിച്ചത്തിൽ പ്രതിപാദിക്കുന്ന പംക്തി

നേരുന്നതും, നിവർത്തിക്കുന്നതും ഒരു ഭക്തന്റെ വിശുദ്ധ മനസ്സിന്റെ ഭാവങ്ങളാണ്. ദൈവത്തിനു മുമ്പിൽ സർവ്വതും സമർപ്പിക്കുന്ന മനസ്സോടെ ഒരാൾ നേർച്ച നേർന്നാൽ, അത് നിറവേറ്റിയാൽ അതും വിശുദ്ധം തന്നെ... നേർച്ച ഒരു ആത്മ സമർപ്പണമാണ്. പിന്നെയൊന്നും സമർപ്പിക്കാനില്ലാത്തവിധം പൂർണ്ണമാണ്.

പഴയനിയമത്തിലും പുതിയ നിയമത്തിലും ദൈവത്തെ പ്രീതിപ്പെടുത്തുന്നതിലേക്ക് നേർച്ചകൾ കഴിക്കുക പതിവായിരുന്നു. എന്നാൽ ഇത് നാം സ്വമേധയ കഴിക്കുന്നു എന്നല്ലാതെ നിർബന്ധമല്ല. ആദ്യമായി വേദപുസ്തകത്തിൽ നേർച്ചകഴിച്ചുകൊണുന്നത്. യാക്കോബാണ് ഏശാവിന്റെ മുമ്പിൽ നിന്നും ഓടിപോകുമ്പോൾ-ബഥേൽ എന്ന സ്ഥലത്തു തുടങ്ങിയതാണ്. ഉല്പ. 28:20-22. യാക്കോബ് നേർച്ച നേർന്നു ദൈവം എന്നോടുകൂടെയിരിക്കയും ഞാൻ പോകുന്നതും യാത്രയിൽ എന്ന കാക്കുകയും ഭക്ഷിപ്പാൻ ആഹാരവും ധരിപ്പാൻ വസ്ത്രവും എനിക്കു തരികയും എന്നെ എന്റെ അപ്പന്റെ വീട്ടിലേക്ക് സൗഖ്യത്തോടെ മടക്കി വരുത്തുകയും ചെയ്യുമെങ്കിൽ യഹോവ എനിക്കു ദൈവമായിരിക്കും. ഞാൻ തൂണാക്കി നിർത്തിയ ഈ കല്ല് ദൈവത്തിന്റെ ആലയമാകും എനിക്കുതരുന്ന സകലത്തിലും ഞാൻ ദശാംശം തരും എന്നു പറഞ്ഞു.

രണ്ടാമതായി കാണുന്നത്. യിപ്താഹിന്റെ നേർച്ചയാണ് ന്യായാധിപന്മാർ 11:30. യിപ്താഹ് യഹോവക്കൊരു നേർച്ച നേർന്നു പറഞ്ഞത്. നീ അമ്മോന്യരെ എന്റെ കയ്യിൽ ഏൽപിക്കുമെങ്കിൽ ഞാൻ അമ്മോന്യരെ ജയിച്ചുമടങ്ങി വരുമ്പോൾ എന്റെ വീട്ടു വാതുക്കൽ നിന്ന് എന്നെ എതിരേറ്റു വരുന്നത് യഹോവക്കുള്ളതാകുന്നു. യാക്കോബും യിഫ്താഹും ജീവിതത്തിന്റെ പ്രതിസന്ധികളെ അതിജീവിക്കാൻ നേർച്ച നേരുന്നു. അത് നിവർത്തിക്കുകയും ചെയ്യുന്നു.

ഹന്നായുടെ പ്രാർത്ഥനയും നേർച്ചയും പുത്രനുവേണ്ടിയാണ്. 1 ശമു. 1:11 - അവൾ ഒരു നേർച്ച നേർന്നു സൈന്യങ്ങളുടെ യഹോവ അടിയന്റെ സങ്കടം നോക്കി അടിയനെ ഓർക്കയും അടിയനെ മറക്കാതെ ഒരു പുരുഷസന്താനത്തെ നൽകുകയും ചെയ്താൽ അടിയൻ അവനെ അവന്റെ ജീവപര്യന്തം യഹോവയ്ക്കു കൊടുക്കും അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടുവിക്കയുമില്ല എന്നു പറഞ്ഞു. നിസീർവ്യതക്കാർ എന്നൊരു കൂട്ടരുണ്ട്. അവർ സ്വമേധയാ ആചരിക്കുന്ന ഒരു വ്യതമാണ്... നിസ്സീർ ഇത് ആയുസ് മുഴുവനോ അല്ലെങ്കിൽ നിശ്ചയിക്കുന്ന അവധി വരെയോ ആചരിക്കും. യഹോവയ്ക്ക് വേണ്ടി വേർതിരിക്കപ്പെട്ട് ജീവിക്കുന്നത് തന്നെ നേർച്ചയാണ്.

സംഖ്യ 30:2 - ആരെങ്കിലും യഹോവക്കൊരു നേർച്ച നേരുകയോ ഒരു പരിവർജ്ജന വ്യതം ദീക്ഷിപ്പാൻ ശപഥം ചെയ്യുകയോ ചെയ്താൽ അവൻ വാക്കിനു ഭംഗം വരുത്താതെ തന്റെ വായിൽ നിന്നും പുറപ്പെട്ടതുപോലെ ഒക്കെയും നിവർത്തിക്കേണം. നേർച്ച നേർന്നോൽ അത് നിവർത്തിപ്പാൻ താമസിക്കരുത്.

ആവർത്തന-23:21-നിന്റെ ദൈവമായ യഹോവക്ക് നേർച്ച നേർന്നാൽ അതു നിവർത്തിപ്പാൻ താമസം വരുത്തരുത്. സ്ത്രീകൾ നേർന്നാൽ ആയത് അപ്പനോ ഭർത്താവോ വിലക്കിയാൽ അവൾ അതിൽ നിന്നും ഒഴിവുള്ളവളാകും.

സംഖ്യ 30:3-15 എല്ലാ നേർച്ചയും അവൾ നിശ്ചയിച്ച എല്ലാപരിവർജ്ജവ്യതത്തേയും കുറിച്ചു കേൾക്കുന്നനാളിൽ അവളോടു വിലക്കിയാൽ അവ സ്ഥിരമായിരിക്കയില്ല. നേർച്ച നേരാൻ

ബദ്ധപ്പെടരുത്. നേർന്നാൽ അത് പെട്ടെന്നു ചെയ്യണം അല്ലെങ്കിൽ അത് ആപത്താണ്.

സദൃശ്യവാക്യം 20-25-ഇത് നിവേദിതം എന്ന് തത്രപ്പെടുനേരുന്നതും- നേർന്ന ശേഷം നിരൂപിക്കുന്നതും മനുഷ്യന് ഒരു കണി. നേർന്ന വസ്തുമാറരുത് ഊനമുള്ളതിനെ നേരരുത്.

മലാഖി 1-14-എന്നാൽ തന്റെ ആട്ടിൻകൂട്ടത്തിൽ ഒരു ആൺ ഉണ്ടായിരിക്കെ കർത്താവിനോടു നേർന്നിട്ട് ഊനമുള്ളോരു തള്ളയെ യാഗം കഴിക്കുന്നവഞ്ചകൻ ശപിക്കപ്പെട്ടവൻ. നേർച്ച ദൈവം ആവശ്യപ്പെടാത്തത് കൊണ്ട്. നേരുന്നതിന് ദൈവം സ്വാതന്ത്ര്യം തന്നിട്ടുണ്ട് എന്നാൽ നിവർത്തിക്കുന്നതിൽ വീഴ്ച വരാൻ പാടില്ല.

**പുതിയ നിയമം**

പുതിയ നിയമത്തിൽ യഹൂദന്മാരുടെ നേർച്ചകളെ കർത്താവു ശാസിക്കുന്നായി കാണാം. കാരണം ആദായത്തിനു വേണ്ടി ചുമതലയിൽ നിന്നും ഒഴിഞ്ഞുമാറാനുള്ള നിയമത്തെയാണ് കർത്താവു ശാസിക്കുന്നത്.

മർക്കോസ് 7:11-12 ഒരു മനുഷ്യൻ. അപ്പനോടൊ അമ്മയോടോ നിനക്ക് എന്നാൽ ഉപകാരമായിവരേണ്ടത്-വഴിപാടു എന്നർത്ഥമുള്ള കുർബ്ബാന എന്നു പറഞ്ഞാൽ മതി എന്നുപറയുന്നു-തന്റെ അപ്പനോ അമ്മക്കോ മേലാൽ ഒന്നും ചെയ്യാൻ സമ്മതിക്കുന്നതുമില്ല.

നടപ്പുകൾ 18-18-പൗലൂസ് പിന്നേയും കുറെനാൾ പാർത്ത ശേഷം സഹോദരന്മാരോടു യാത്രപറഞ്ഞിട്ട് തനിക്കൊരു നേർച്ചയുണ്ടായിരുന്നതിനാൽ കെംക്രയിൽ വച്ച് തലക്ഷൗരം ചെയ്യിച്ചിട്ട് പ്രിസ്കില്ലയോടും അക്വിലാസിനോടും കൂടെ കപ്പൽ കയറി സുറിയാർക്കു പറപ്പെട്ടു.

നടപ്പുകൾ 21-23-നിന്നോടീ പറയുന്നതു ചെയ്ത. നേർച്ചയുള്ളനാലു പുരുഷന്മാർ ഞങ്ങളുടെയിടയിലുണ്ട്. യഥാർത്ഥ സമർപ്പണം സംഭവിക്കേണ്ട നേർച്ച പുതിയനിയമവും പരിചയപ്പെടുത്തുകയാണ് നേർച്ച സ്വാർത്ഥമായ നേട്ടങ്ങൾക്കുവേണ്ടി യാകരുത്. നിസ്വാർത്ഥമായി ജീവിക്കാൻ വേണ്ടിയാകണം.

## വഴിപാട്

ആദ്യമായി വഴിപാടുകഴിക്കുന്നതു കായേനും-ഹാബേലുമാണ് -ഹാബേൽ അവന്നുള്ളതിൽ നല്ലതിനെ വഴിപാടുകഴിച്ചു (ബലി)

ഉല്പത്തി 4:3-4 കയിൻ നിലത്തെ അനുഭവത്തിൽ നിന്ന് യഹോവയ്ക്ക് ഒരു വഴിപാടുകൊണ്ടുവന്നു. ഹാബേലും ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽ നിന്ന് അവയുടെ മേദസുകളിൽ നിന്നുതന്നെ ഒരുവഴിപാടുകൊണ്ടുവന്നു. സമാഗമന കൂടാരങ്ങൾക്കും. ഉപകരണങ്ങൾക്കും ദൈവം മോശ മുഖാന്തിരം വഴിപാടാവശ്യപ്പെട്ടു.

പുറപ്പാട്-35:4-5 മോശ പിന്നേയും യിസ്രായേൽ മക്കളുടെ സർവ്വ സഭയോടും പറഞ്ഞത്. യഹോവ കല്പിച്ചതെന്തെന്നാൽ നിങ്ങളുടെയിടയിൽ നിന്ന് യഹോവക്ക് ഒരു വഴിപാടെടുപ്പീൻ- നല്ല മനസുള്ളവനെല്ലാം യഹോവയ്ക്കു വഴിപാടുകൊണ്ടുവരട്ടെ ദൈവം മോശയോട് ജനങ്ങളിൽ നിന്ന് വഴിപാടു കൊണ്ടുവരുവാൻ കല്പിച്ചു. അങ്ങനെ തിരുനിവാസം-അതിലെ ഉപകരണങ്ങൾ എല്ലാം ജനങ്ങൾ കൊണ്ടുവന്നു.

പുറപ്പാട് 25:1-2 യഹോവ മോശയോടു കല്പിച്ചതെന്തെന്നാൽ എനിക്കു വഴിപാടു കൊണ്ടുവരുവാൻ ഇസ്രായേൽ മക്കളോടുപറക-നല്ല മനസ്സോടെ തരുന്നവനോട് നിങ്ങൾ എനിക്കു വേണ്ടി വഴിപാടു വാങ്ങേണം. ദൈവകല്പന പ്രകാരം ജനത്തിൽ നിന്നു വഴിപാടു വാങ്ങാനുള്ള നിയമം കൊടുക്കുന്നു.

**പുതിയ നിയമം**

രണ്ടു കാശിട്ട വിധവയെ കർത്താവു പുകഴ്ത്തുന്നു. ലൂക്കോസ് 21:1-4 അവൻ തല പൊക്കി നോക്കി ധനവാന്മാർ ഭണ്ഡാരത്തിൽ വഴിപാടിടുന്നതു കണ്ടു ദരിദ്രയായ വിധവ രണ്ടു കാശിടുന്നത് കണ്ടിട്ട് അവൻ ഈ ദരിദ്രരായ വിധവ എല്ലാവരെക്കാളും അധികമായിട്ടിരിക്കുന്നു എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. വഴിപാടിന്റെ എല്ലാം മകുടം യാഗപീഠം ആകുന്നു എന്നു കർത്താവു കല്പിക്കുന്നു. എല്ലാറ്റിനേയും അനുഗ്രഹിക്കുന്നതു യാഗപീഠമാണന്നു കർത്താവു കല്പിക്കുന്നു.

മത്തായി 23:18-19 യാഗപീഠത്തെ ചൊല്ലി സത്യം ചെയ്താൽ ഏതുമില്ല. അതിന്മേലുള്ളവ വഴിപാടു ചൊല്ലി സത്യം ചെയ്യുന്നവൻ കടക്കാരൻ എന്നു നിങ്ങൾ പറയുന്നു-കുരുടന്മാരായുള്ളോരെ ഏതു വലിയത് വഴിപാടോ വഴിപാടിനെ ശുദ്ധീകരിക്കുന്ന യാഗപീഠമോ.

കർത്താവിനു വേണ്ടി കഷ്ടമനുഭവിക്കുന്നവൻ വഴിപാടു കഴിക്കുന്നു. (കഷ്ഠപെടുത്തുന്നവൻ)എന്നു വിചാരിക്കും എന്ന് കർത്താവു മുൻകൂട്ടി തന്റെ ശിഷ്യന്മാർക്കുണ്ടാകുന്ന കഷ്ടപാടുകളെക്കുറിച്ചു കല്പിച്ചിരിക്കുന്നു.

യോഹന്നാൻ 16:2 അത്രയുമല്ല നിങ്ങളെ കൊല്ലുന്നവനെല്ലാം ദൈവത്തിന് വഴിപാടു കഴിക്കുന്നു എന്ന നാഴിക വരുന്നു വഴിപാടു കല്പിക്കാൻ പോകുന്നതിനുമുമ്പ് നാം നമ്മെ തന്നെ പരിശോധിക്കേണ്ടത് കർത്താവു നമ്മെ ഓർപ്പിക്കുന്നു.

മത്തായി 5:23-24 ആകയാൽ നിന്റെ വഴിപാടു യാഗപീഠത്തിങ്കൽ കൊണ്ടു വരുമ്പോൾ സഹോദരനു നിന്റെ നേരെ വല്ലതുമുണ്ട് എന്ന് അവിടെ വച്ചോർമ്മ വന്നാൽ നിന്റെ വഴിപാട് യാഗപീഠത്തിനു മുമ്പിൽ വച്ചേച്ച് ഒന്നാമതു ചെന്ന് സഹോദരനോടു നിരന്നു കൊൾക പിന്നെ വന്നു നിന്റെ വഴിപാടു കഴിക്ക-

വഴിപാടു കഴിപ്പാൻ എല്ലാവർക്കും അവകാശമില്ല. ദൈവം നിയമിക്കുന്നവർക്കു മാത്രമെ സാധിക്കൂ.

എബ്രായർ-5:1-4 മനുഷ്യരുടെയിടയിൽ നിന്നെടുക്കുന്ന ഏതു മഹാപുരോഹിതനും പാപങ്ങൾക്കായി വഴിപാടും യാഗവുമർപ്പിപ്പാൻ ദൈവകാര്യത്തിൽ മനുഷ്യർക്കുവേണ്ടി നിയമിക്കപ്പെടുന്നു... എന്നാൽ അഹറോനെപോലെ ദൈവം വിളിക്കുന്നവനല്ലാതെ ആ സ്ഥാനം സ്വതവെ എടുക്കുന്നില്ല.

സഭയിൽ വഴിപാടു നടത്തിവന്നു എന്നും, അതുകഴിക്കാനുള്ള അവകാശം ദൈവത്താൽ വിളിക്കപ്പെട്ട പുരോഹിതന്മാർക്കാണന്നും നാം വായിക്കുന്നു.

വഴിപാടു കഴിക്കുന്നതു യാഗപീഠമുള്ള ദേവാലയത്തിലാണെന്നും ഓർക്കണം.

*(പി.ഇ. സ്ക്കറിയ, പുന്നക്കാട്ടിന്റെ കണ്ടെടുക്കപ്പെട്ട പുരാതന ഡയറിക്കുറുപ്പുകളിൽ നിന്നും...)*

■


മാർ തേവോദോസിയോസ് മെമ്മോറിയൽ മെഡിക്കൽ മിഷൻ സ്കൂൾ ഓഫ് നഴ്സിംഗ്
ശാസ്താംകോട്ട
Ph.0476 2830258, 2833258, 9447019084
(KNC & INC Approved)
ജൂൺ 1 മുതൽ ആരംഭിക്കുന്നു.
+2/VHSE കോഴ്സുകൾക്ക് 40% ത്തിൽ കൂടുതൽ മാർക്കുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

ഭാഗ്യസ്മരണാർഹനായ

**ഔഗേൻ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ**

അഞ്ചാം ഓർമ്മ,
ജൂൺ 6



“കർത്താവിൻ സന്തോഷത്തിൽ - വാനിൽ പന്തിയിരിക്കുമവൻ”
ആബൂൻ മാർ ദിവന്നാസിയോസ് നേടട്ടെ നിത്യ സ്മരണം

Inserted by:

**TIJU PUNNOOSE & FAMILY, DUBAI**



# ശെമവോന്റെ സങ്കീർത്തനം

പ്രകൃതിയേയും മനുഷ്യന്റെ മൃദുലഭാവങ്ങളെയും പ്രതിപാദിക്കുന്ന ചൊൽക്കവിതകളിലൂടെ കേരളത്തിലെ ക്യാംപസുകൾ നെഞ്ചേറ്റിയ കവി. മലയാള സിനിമയിലെ പ്രശസ്ത പിന്നണി ഗാന രചയിതാവ്.



**അനിൽ പനച്ചൂരാൻ**

"അവർ പോകുമ്പോൾ ശീമോൻ എന്നു പേരുള്ള കുറേനക്കാരനെ കണ്ടു...
അവന്റെ ക്രൂശു ചുമപ്പാൻ നിർബന്ധിച്ചു" *വി. മത്തായി 27:32*

രക്ഷകാ... നീ കനിവിന്റെ പുസ്തകത്താളുമായ്
നിസ്തുല സ്നേഹ പ്രതീകമായ്
വിഷ്ടപത്രാണനാർത്ഥം വന്നു പിറന്നോരു പുൽക്കൂട്ടിൽ
മഞ്ഞുതിരുന്ന രാത്രിയിൽ
ഇരുളിൽ ഇളപൂണ്ടു കിടന്ന വാൽ നക്ഷത്രം
ഒളിപൂണ്ട മാത്രയിൽ
ഇരവിന്റെ നക്ഷത്ര മാലാഖമാർ
കൺമെഴുതിരി ദീപം കൊളുത്തി വരവേൽക്കെ-
ഇതിഹാസദ്യോവിൽ നിന്നീ
മർത്യദുഃഖചരിത്രത്തിലേക്ക് നീ പദമൂന്നി
ദേവകുമാരനായ്...

അമ്മമറിയത്തിൽ കന്യാതപസ്സ് പൊടിയാതെ (2)
തിളപൂണ്ട ഭൂമിക്ക് ആകാശമേഘങ്ങൾ കൽപ്പിച്ചയച്ചൊരു
നിറവിന്റെ തുള്ളിപോൽ
തൻ രക്തമിറ്റിച്ച് പാരിന്റെ പാപം കഴുകുന്ന ത്യാഗമായ്
എത്തി നീ എങ്കിലും,
ഇപ്പോഴും നീ എവിടെയും ക്രൂശിതൻ.

കുരുതിയ്ക്ക് പ്രാവിനെ പോറ്റുന്ന പള്ളിയിൽ
കണ്ടു ഞാൻ നിന്നെ (2)
പരീശപ്രമാണികൾ പലിശയ്ക്ക് നൽകാൻ പണംകൂട്ടി വയ്ക്കും
വക്രവചസ്സിന്റെ സംക്രാമ ഭൂമിയിൽ
ആക്രോശ മന്ത്രമായ് കേട്ടു ഞാൻ നിന്നെ.-
വിത്തിന്റെയുള്ളിലെ കത്തുന്ന ജീവനെ
വിളയായ് പൊലിയ്ക്കും കരുത്തിൻ കരങ്ങൾ
കൈയ്ക്കോട്ടുമായിപ്പണിയും നിലങ്ങളിൽ,
നദിജലം വീഞ്ഞായ് പതഞ്ഞൊഴുകും അത്ഭുതവാർത്തയിൽ
ചെയ്യരുതാത്തതു ചെയ്തവൾ പാപസ്രവം തുടയ്ക്കാൻ
കുമ്പസാരത്തിന്റെ കൈലേസു തുന്നവേ
ആശ്രയം നൽകും വചസ്സിന്നഭയമായ്
ആലംബഹീനർ വിളിയ്ക്കും വഴികളിൽ
സ്നേഹം വിതയ്ക്കുവാൻ വന്നു നീ
കരുണാദിവാകരാ...

പുണ്യദിനത്തിന്റെ അത്താഴമേശയിൽ
അപ്പവും വീഞ്ഞും വിളമ്പി നീ
അവസാന സദ്യയ്ക്ക് മാംസവും രക്തവും പകുത്തു നീ
കാത്തുവെച്ചുനീ ജീവന്റെ അഗ്നിയെ
അപ്പൊഴും വിണ്ണിന്റെ കൽപ്പനയ്ക്കായ്
ത്യാഗതപ്തമാം യാത്രയിൽ നിൻ വഴിത്താരയിൽ
വന്നില്ല അപ്പോസ്തലൻമാർ
രാത്രിയിൽ തള്ളിപ്പറഞ്ഞവൻ വന്നില്ല.
കാശിനായ് നിന്നെ ചതിച്ചവൻ കണ്ടതില്ല
യാതനാ വഴിയിൽ നിൻ കുരിശുചുമ്മാൻ
വിധിക്കപ്പെടുന്നു ഞാൻ ശേമോൻ

സ്നേഹം വിതച്ചാറെ ദ്രോഹം സഹിച്ചേറെ
ദ്യോവിലേക്കേറിയ മഹാത്മൻ
ക്കുരിശിന്റെ ചില്ലയിലുറങ്ങിയുണരാൻ
പ്രാണൻ എത്രയോ കാതം നടന്നു.
ആണിമുനകൊണ്ടിട്ടു മുറിവേറ്റ തിരുവുടൽ
കാണി നേരം വേദനിച്ചു.
പിന്നെ ഇരുളിന്റെ മക്കളിൽ തിരിനാളമേകാൻ
പ്രാർത്ഥിച്ചു മരണം വരിച്ചു

സ്നേഹമേ നിൻ മതം ത്യാഗമേ ജീവിതം
ചൊന്നതെല്ലാം നന്മ മാത്രം
നിത്യതയിലെത്താൻ ഞാൻ തുടിക്കുമ്പോഴും
ഉള്ളം ഉച്ചത്തിലെന്നും വിളിച്ചു ചോദിക്കുന്നു
ജീസസ്സ് നീ എന്തിന്നു ക്രൂശിതൻ?

Hear this Poem in the following link
www.youtube.com/watch?v=zWOGkvTcHR4

കവിത

# നാമഃകിം

ഡോ. കെ. എം. എ.

നിലാവത്ത് നിലവിളിച്ചുകൊണ്ട്
ഓടിപ്പോയ പെൺകുട്ടിയുടെ
പേരറിയാമോ? 'നീലാംബരി'
നീലിച്ച മനസ്സുകളുടെ
നികൃഷ്ടതയിൽ അംബരം
(വസ്ത്രവും ആകാശവും)
നഷ്ടപ്പെട്ടവൾ

കടൽത്തീരത്ത്, കടന്നുപോയ
കാലത്തിന്റെ കാറ്റേറ്റിരിക്കുമ്പോൾ
കൈനഷ്ടപ്പെട്ട ആൺകുട്ടിയുടെ
പേരറിയാമോ? സുഭഗൻ
സൗഭാഗ്യങ്ങളുടെ കോവേണിയിൽ
കൈപിടിച്ചുയരങ്ങളിലേക്ക്
ചേക്കേറാൻ വെമ്പുന്നവൻ


ഹാലജൻ വിളക്കുകളുടെ
പ്രകാശപ്രളയത്തിൽ ചൂതാടി-
ക്കൊണ്ടിരിക്കെ കണ്ണുകൾ
നഷ്ടപ്പെട്ടവൻരെ പേരറിയുമോ?
പദ്മലോചനൻ
കാഴ്ചയുടെ അയഥാർത്ഥ്യങ്ങളിൽ
സുഖിച്ചു പുളഞ്ഞ് കളിക്കവേ
താമരയിതളിന്റെ അലിപ്ത
തത്വങ്ങൾ മറന്നുകളഞ്ഞവൻ

പേരിന്റെ പൊരുളുകൾ
തിരഞ്ഞു നടന്ന
'അനാമിക'യ്ക്ക്
ബൗദ്ധികതയ്ക്കപ്പുറം
തെളിഞ്ഞതോ-ഹിമരൂപങ്ങളുടെ
വിഭ്രമങ്ങൾക്കതീതമായ
പുരുഷദർശനം!



കനൽ വഴികൾ

# പൊതുജന താല്പര്യാർത്ഥം



സത്യവാൻ കൊട്ടാരക്കര





**തിരക്കു പിടിച്ച അനന്തപുരിയിൽ സ്ക്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ഒരാൾ ലഘുരേഖകൾ വിതരണം ചെയ്യുന്നു. പാൻമസാലയുടെ ദുരന്ത വഴികൾ... പാൻ മസാല ഉപയോഗിച്ചു വികൃതമായ മുഖവും ശരീരാവയവങ്ങളും കണ്ടു കുട്ടികൾ ഒരമ്പരപ്പോടെ പുതിയ അറിവിലേക്ക്...**

* * * * *

കേരള സർക്കാർ പാൻ മസാല നിരോധിച്ച ചരിത്ര സംഭവം നടക്കുന്നതിന് ഏഴു വർഷങ്ങൾക്കു മുമ്പാണ് ഈ ഒറ്റയാൾ സമരം ആരംഭിച്ചത് പാൻമസാല ദൂഷ്യങ്ങളെപ്പറ്റി സണ്ടേസ്ക്കൂൾ ക്ലാസുകളിൽ ബോധവൽക്കരണം നടത്തുക, പാതയോരങ്ങളിൽ നോട്ടീസ് വിതരണം ചെയ്യുക തുടങ്ങിയവ... പിന്തുണ നൽകാൻ ആളുകളേറെയുണ്ടായി. നിയമസഭയിലെ മുഴുവൻ എം.എൽ.എ. മാർക്കും, ലോക്സഭയിലെ മലയാളി പ്രതിനിധികൾക്കും ഉപേക്ഷപങ്ങൾ ഉന്നയിക്കാൻ അഭ്യർത്ഥന നൽകി. തിരുവനന്തപുരത്ത് മത-സാംസ്ക്കാരിക നായകരെ കൂട്ടി വരുത്തി ഏകദിന ഉപവാസം സംഘടിപ്പിച്ചു. പാൻമസാല നിരോധനത്തിന് കോടതി വഴി പൊരുതൻ ഹൈക്കോടതി അഭിഭാഷകൻ സഹസ്രനാമത്തിനെ കണ്ടു ചർച്ചകൾ നടത്തി...

ഈ മുന്നേറ്റം തുടർന്നു കൊണ്ടു പോകാനാകാത്ത വിധത്തിൽ ആരോഗ്യം ബലഹീനമായ അയാൾ വിശ്രമ ജീവിതത്തിനു കീഴടങ്ങി

സത്യവാൻ കൊട്ടാരക്കരയെന്ന മത്തായിക്കുഞ്ഞിന്റെ സംഭവ ബഹുലമായ ജീവിതത്തിന്റെ ഒരേടാണിത്. സാമൂഹ്യ പരിഷ്കരണത്തിന്റെ ആത്മാവബോധവുമായി ഓടി നടന്ന കാലത്തെ ഒരു പ്രധാനപ്പെട്ട കോടതി വിധിയായിരുന്നു സ്ക്കൂളുകളിൽ കക്ഷിരാഷ്ട്രീയം നിരോധിച്ചുകൊണ്ടുള്ള ബഹു. ഹൈക്കോടതി ഉത്തരവ്.

സത്യവാൻ കൊട്ടാരക്കരയുടെ അശ്രാന്ത പരിശ്രമ ഫലമായി രൂപം കൊടുത്ത വിദ്യാഭ്യാസ സുരക്ഷാ സമിതിയായിരുന്നു കേസിൽ വാദിഭാഗം. സഹസ്രനാമമായിരുന്നു അവിടെയും വക്കീൽ.

പരാതി കൊടുത്താൽ തെളിവുകളില്ലാതെ കടലിൽ കായം കലക്കിയ മാതിരി പേപ്പറുകൾ നഷ്ടമാകുന്ന കാലത്ത് ഇദ്ദേഹം നൽകിയ പരാതിയിന്മേൽ സർക്കാർ ഇറക്കിയ ഉത്തരവാണ് 'കൈപ്പറ്റ് രസീത്' (21124/ D2/95 സർക്കുലർ)

ആകാശവാണിയുടെ സുഭാഷിതങ്ങൾ രാവിലെ സ്ക്കൂൾ അസംബ്ലിയിൽ കേൾപ്പിക്കുന്ന പദ്ധതി ആരംഭിച്ചു. വിദ്യാഭ്യാസ മന്ത്രിയായിരുന്നു തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തത്.

ജനങ്ങൾ നടക്കേണ്ട നടപ്പാത കച്ചവടക്കാർ കൈയ്യേറുന്നതിനെതിരേ പരാതി നൽകി (പരിഹാരമുണ്ടായില്ല)

അന്ധർക്കു കാഴ്ച നൽകാൻ സ്വന്തം നിലയിൽ നേത്ര സംഭരണ കേന്ദ്രം ആരംഭിച്ചു.

സ്ക്കൂളിലെ കക്ഷി രാഷ്ട്രീയത്തിനെതിരേ പ്രവർത്തിക്കുന്ന സമയത്ത് മാത്യൂസ് പ്രഥമൻ ബാവാ തന്നെ അനുഗ്രഹിച്ച് ആശീർവദിച്ചതായും ഇത് ലോകം അംഗീകരിക്കുന്ന ഒരു കാലം വരുമെന്ന് പറഞ്ഞതായും ഇദ്ദേഹം ഓർക്കുന്നു.

തന്റെ ഏത് സാമൂഹിക പ്രവർത്തനങ്ങൾക്കും അന്തരിച്ച പത്മശ്രീ കെ. എം. മാത്യു വാർത്താ പ്രാധാന്യവും സാമ്പത്തിക വാഗ്ദാനവും, പിന്തുണയും നൽകിയിട്ടുണ്ടെന്നതും അദ്ദേഹം പ്രസ്താവിക്കുന്നു. കക്ഷി രാഷ്ട്രീയ വിധി വന്ന ഞായർ സൺഡേ സപ്ലിമെന്റിലെ മെയിൻ സ്റ്റോറി സത്യവാൻ കൊട്ടാരക്കരയുടേതായിരുന്നു (1996 നവം. 17)

ആകാശവാണി, ദൂരദർശൻ ഉപദേശക സമിതി അംഗമായിരുന്ന ഇദ്ദേഹത്തിന് നിരവധി പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി അതിരൂപത പി.റ്റി.എ. അവാർഡ്, 1996 അലക്സാണ്ടർ മാർത്തോമ്മ ഡയലോഗ് സെന്റർ അവാർഡ്, 1997 സെന്റ് ഗ്രിഗോറിയോസ് അവാർഡ് ന്യൂയോർക്ക്, 1997 ലോക്സേവ ഇന്റർ നാഷണൽ ട്രസ്റ്റ് - 2002 (കമലസുരയ്യ പ്രസിഡന്റായിരുന്നു) കൊല്ലം റോട്ടറി ക്ലബ്ബ് വൊക്കേഷണൽ അവാർഡ് കെ.സി. മാത്യു അന്തർദേശീയ പഠന കേന്ദ്രം അവാർഡ്, എ. പി. താമരാക്ഷൻ അവാർഡ് നിരവധി ബഹുമതികൾക്കിടയിലും നിരത്തിലിറങ്ങി സാധാരണക്കാർക്കു വേണ്ടി പ്രവർത്തിക്കാനാകാത്തതിന്റെ വിഷമത്തിൽ സത്യവാൻ.

തിരുവനന്തപുരം സ്ക്കൂൾ ഓഫ് ആർട്സിലും പാരീസിലും ചിത്രകല അഭ്യസിച്ചിട്ടുള്ള ഇദ്ദേഹം (ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയാണ് ഐക്കണോഗ്രഫി പഠിക്കാൻ ഇദ്ദേഹത്തെ പാരീസിലയച്ചത്) സ്ക്കൂളിലെ ചിത്രാധ്യാപകനായിരുന്നു ഇദ്ദേഹം വരച്ച ചിത്രങ്ങൾ സെമിനാരി ഫാക്കൽറ്റി മെസ് ഹാളിലും ദേവലോകം നാലുകെട്ട് പുരയിലും കാണാൻ കഴിയും.

പാൻമസാല ലോബി ഭീഷണികൾക്ക് മുന്നിൽ പോലും തലകുനിക്കാത്ത ഇദ്ദേഹം പ്രായാധിക്യത്തിലും ഓർമ്മപ്പിശകിലും അതൊക്കെ ചികയുന്നു.

"അവരെന്നെ കൊല്ലുമെന്ന് പറഞ്ഞു... ഞാൻ പറഞ്ഞു എന്റെ ജീവൻ പോയാലും ഞാൻ എന്റെ രാഷ്ട്രത്തിനു വേണ്ടി നിലകൊള്ളും...."

കൊട്ടാരക്കര ചന്തമുക്ക് എസ്. എം. ഹൗസിൽ വിതുമ്പുന്ന വാക്കുകളോടെ സത്യവാൻ എന്ന പോരാളി.

എം.കെ. സാറാമ്മയാണ് സഹധർമ്മിണി. മക്കൾ ശാന്തി, പ്രീതി; മരുമക്കൾ-ജോൺസൺ, ഫാ. കെ.ജി. മാത്യൂസ്.

# സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് റാസൽഖൈമ, യു.എ.ഇ.

## ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നു

മലങ്കര ഓർത്തഡോക്സ് സഭ കാതോലിക്കേറ്റ് പുനഃസ്ഥാപന ശതാബ്ധി ആഘോഷങ്ങളുടെ ഭാഗമായി റാസൽഖൈമ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവക, 2012 വർഷത്തിൽ ഏറ്റെടുത്തു നടത്താനാഗ്രഹിക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളിലേക്ക് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഓർത്തഡോക്സ് സഭാംഗങ്ങളും അല്ലാത്തവരുമായ അർഹതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ അതാതു സ്ഥലത്തെ ഓർത്തഡോക്സ് ഇടവക വികാരിമാർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

**ഭവനനിർമ്മാണ പദ്ധതി:** സ്വന്തമായി വീടില്ലാത്തവരും കുറഞ്ഞത് 5 സെന്റ് സ്ഥലമെങ്കിലും സ്വന്തമായിട്ടുള്ളവരും നിർദ്ധനരുമായിട്ടുള്ളവർക്ക് അപേക്ഷിക്കാം. പരമാവധി 2.5 ലക്ഷം രൂപയാണ് ഒരു വീടിന് ചെലവാക്കുവാൻ ഉദ്ദേശിക്കുന്നത്. അപേക്ഷയോടൊപ്പം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളും വില്ലേജ് ആഫീസിൽ നിന്നുള്ള പൊസ്സക്ഷൻ സർട്ടിഫിക്കറ്റും ചേർക്കേണ്ടതാണ്.

**വിവാഹസഹായപദ്ധതി:** വിവാഹചെലവുകൾ വഹിക്കുവാൻ നിവൃത്തിയില്ലാത്ത പെൺകുട്ടികളുടെ മാതാപിതാക്കൾ വിശദമായ വിവരങ്ങളും വരുമാന സർട്ടിഫിക്കറ്റുകളും അപേക്ഷയോടൊപ്പം ചേർക്കേണ്ടതാണ്.

വിദ്യാഭ്യാസ സഹായ പദ്ധതി: പഠിക്കുവാൻ സമർത്ഥരും എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നവരുമായ കുട്ടികളുടെ മാതാപിതാക്കൾ കുട്ടി വിജയിച്ച പരീക്ഷയുടെയും തുടർന്ന് പഠിക്കുവാൻ ആഗ്രഹിക്കുന്ന കോഴ്സിന്റെയും വിശദാംശങ്ങൾ സഹിതം അപേക്ഷിക്കുക.

**ചികിത്സാ സഹായപദ്ധതി:-** ചികിത്സിക്കുവാൻ പണം കണ്ടെത്താൻ സാധിക്കാത്ത നിർദ്ധനരായ രോഗികൾ ഡോക്ടറുടെ ശുപാർശയും വിശദാംശങ്ങളും ചേർത്ത് അപേക്ഷിക്കേണ്ടതാണ്. അപേക്ഷകൾ 30-ന് മുമ്പായി-

**The Vicar, St. Mary s Orthodox Church, Post box No. 4780, Ras Al Khaimah, U.A.E.**

എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

40-ാം വിവാഹ വാർഷികം,
2012 മെയ് 29





**ശ്രീ. കെ. തോമസ് ജോൺ &**
**ശ്രീമതി മറിയാമ്മ ജോൺ**
**കുഴികാലായിൽ, വയലത്തല പി.ഒ., പത്തനംതിട്ട**

WEDDING ANNIVERSARY

അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ്, തിരുമേനിയുടെ (കാലം ചെയ്ത പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ) പ്രധാന കാർമ്മികത്വത്തിൽ 1972, മെയ് 29-ാം തീയതി മാർ സേവേറിയോസ് സ്ലീബാ ഓർത്തഡോക്സ് വലിയ പള്ളിയിൽ വച്ചു നടത്തപ്പെട്ട വിവാഹത്തിന്റെ 40-ാം വാർഷികം

ഇത്രയും ദൈവാശ്രയത്തിൽ ജീവിക്കുവാൻ ഞങ്ങളോടു കാരുണ്യം ചെയ്ത ദൈവത്തെ നന്ദിയുള്ള ഹൃദയത്തോടെ സ്തുതിക്കുകയും ശിഷ്ടായുസ്സ് അനുഗ്രഹപ്രദമായിത്തീരാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഞങ്ങളുടെ ബന്ധുമിത്രാദികൾക്കും അഭ്യുദയകാംഷികൾക്കും നന്ദി രേഖപ്പെടുത്തുന്നു.

## ചുറ്റുവട്ടം — ജോയി കുളനട




# വ്യത്യസ്തതകൾക്ക് നടുവിലും കൂട്ടായ്മ അനിവാര്യം

## – കർദ്ദിനാൾ മാർ ആലഞ്ചേരി



വ്യത്യസ്തതകൾ നിലനിൽക്കെതന്നെ കൂട്ടായ്മ ആചരിക്കുകയും സഭകൾ തമ്മിലുള്ള സൗഹാർദ്ദം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് സീറോ മലബാർ സഭയുടെ അത്യുന്നത കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പ്രസ്താവിച്ചു.

കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ സ്വീകരണത്തിന് നന്ദിപറയുകയായിരുന്നു അദ്ദേഹം. മനുഷ്യനന്മയ്ക്കായി ക്രിസ്തീയ ദർശനങ്ങളിൽ അടിയുറച്ച് സഹകരിച്ച് പ്രവർത്തിക്കണമെന്ന് കർദ്ദിനാളിനെ സ്വാഗതം ചെയ്തുകൊണ്ട് മലങ്കര ഓർത്തഡോക്സ് സഭാ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അഭിപ്രായപ്പെട്ടു. ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്, ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, ബിഷപ്പ് തോമസ് ചക്യത്ത് എന്നിവർ കർദ്ദിനാളിനോടൊപ്പം ഉണ്ടായിരുന്നു. എക്യുമെനിക്കൽ റിലേഷൻസ് കമ്മറ്റി പ്രസിഡണ്ട് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, സെക്രട്ടറി ഫാ. ഏബ്രഹാം തോമസ് എന്നിവർ ആശംസകൾ നേർന്നു.

തോമസ് മാർ അത്താനാസ്യോസ്, ഗീവർഗീസ് മാർ ഈവാനിയോസ്, ഡോ. തോമസ് മാർ അത്താനാസ്യോസ്, പൗലോസ് മാർ പക്കോമിയോസ്, ഡോ. സഖറിയാസ് മാർ തെയോഫിലോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, ഡോ. സഖറിയാസ് മാർ അപ്രേം എന്നീ മെത്രാപ്പോലീത്താമാരും സഭാ വർക്കിംഗ് കമ്മറ്റി അംഗങ്ങളും പങ്കെടുത്തു. ■

## സംയുക്ത ഓർമ്മപ്പെരുന്നാൾ

കൊച്ചി മെത്രാസനത്തിലെ ഭാഗ്യസ്മരണാർഹരായ കാലം ചെയ്ത അഭി. ശെമവൂർ മാർ ദിവന്നാസിയോസ്, അഭി. പൗലോസ് മാർ സേവേറിയോസ്, അഭി. യൂഹാനോൻ മാർ സേവേറിയോസ്, അഭി. യാക്കോബ് മാർ പോളികാർപ്പോസ് എന്നീ പിതാക്കന്മാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ 2012 മെയ് മാസം 18, 19 തീയതികളിൽ കൊരട്ടി സീയോൻ സെമിനാരിയിൽ നടത്തി. പെരുന്നാൾ ശുശ്രൂഷകൾക്ക് പ. കാതോലിക്കാ ബാവാ, ഇടവക മെത്രാപ്പോലീത്താ അഭി. യാക്കോബ് മാർ ഐറേനിയോസ്, അഭി. മാർ പോളികാർപ്പോസ്, അഭി. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താമാർ നേതൃത്വം നൽകി.

"കുഞ്ഞേ ഇതാണ് ഞാൻ ആദ്യമേ നിന്നോട് പറഞ്ഞത്....
ഈ ലോകം നിന്നെപ്പോലെയുള്ളവർക്കുള്ളതല്ലായെന്ന്...

# ആധുനികം

ചെറുകഥ

**സാജൻ പാളയം**

### രംഗം1

അവന് ഒരു പേരില്ല... തൽക്കാലം അവനെ നമുക്ക് 'മനുജൻ' എന്നു വിളിക്കാം... അവൻ സഹജീവികളെ സ്നേഹിച്ചു... സമൂഹത്തെ സേവിച്ചു... സമൂഹത്തിന്റെ അധഃപതനത്തിൽ ദുഃഖിച്ചു.

സമൂഹ നന്മയ്ക്ക് ഒരു രക്ഷകനാവാൻ അവൻ ആഗ്രഹിച്ചു. അത്യുന്നതനായ ദൈവത്തോട് അവൻ പ്രാർത്ഥിച്ചു.

"ദൈവമേ... എന്റെ ഈ സമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുവാനുള്ള വരം എനിക്ക് തരുമോ...? നാടിനെ നശിപ്പിക്കുന്ന അക്രമ രാഷ്ട്രീയത്തിൽ നിന്ന്..., സംസ്ക്കാരത്തെ നശിപ്പിക്കുന്ന ചൂഷകരിൽ നിന്ന്...." ഈ സമൂഹത്തിന് രക്ഷവേണം... അതുപോലെ അവശത അനുഭവിക്കുന്ന ജനതയ്ക്കുവേണ്ടി പ്രത്യേകിച്ച്, രോഗികൾക്കുവേണ്ടി... നന്മ ചെയ്യുവാനുള്ള അവസരം എനിക്ക് തരൂ...."

ചെറുചിരിയോടെ ദൈവം പറഞ്ഞു "കുഞ്ഞേ... ഈ ആധുനിക ലോകം.... നീ വിചാരിക്കും പോലെയല്ല... ഇത് ചതിയുടെയും വഞ്ചനയുടെയും സ്വാർത്ഥതയുടെയും ലോകമാണ്. ഈ വരം തേടിയ നീ തന്നെ, വരം... വേണ്ട എന്ന് വിളിച്ചു പറയും.."

"ഇല്ല....! എന്തും നേരിടാൻ ഞാൻ ഒരുക്കമാണ് ഈ ജന്മത്തിൽ എന്റെ സമൂഹത്തിനായി ത്യാഗം സഹിക്കാൻ ഞാൻ തയ്യാറാണ്..."

'ആ മനുജന്റെ' നിർബന്ധത്തിന് വഴങ്ങി... ദൈവം അത്ഭുതവരദാനം നൽകി...!!

പ്രതീക്ഷയോടെയും സന്തോഷത്തോടെയും 'മനുജൻ' തന്റെ ദൗത്യത്തിനായി ഇറങ്ങി.... സമൂഹത്തിന്റെ സ്പന്ദനം അടുത്തറിഞ്ഞ 'മനുജൻ' ഞെട്ടി...

ജനാധിപത്യമെന്നാൽ..., ജനത്തിനു നേരെയുള്ള ആധിപത്യം മാത്രം...!

അഴിമതിയും പാരവെയ്പും...!

അക്രമ രാഷ്ട്രീയത്തിന്റെ ശവപറമ്പാകുന്ന നാട്...

'അക്ഷരമുറ്റ'ങ്ങൾ... ആയുധമുറ്റങ്ങളാകുന്നു....

സ്വാർത്ഥരാഷ്ട്രിയ നേട്ടങ്ങൾക്കായി. വിദ്യാർത്ഥികളുടെ ഭാവി കുരുതി കൊടുക്കുന്ന രാഷ്ട്രീയ നേതാക്കന്മാർ....! ഇരുളിൻ മറവിൽ സഹോദരന്റെ രക്തത്തിനായി പതിയിരിക്കുന്ന അക്രമ രാഷ്ട്രീയക്കാരന്റെ നാട്....

ഈ മണ്ണിൽ 'മനുജൻ' നന്മയുടെ വിത്ത് പാകി....!

മെല്ലെ വിത്ത് വളർന്നു. ഇളം തൈകൾ വന്നു തുടങ്ങിയപ്പോൾ ഇതിനെതിരെ കൊടിയ വിഷവുമായി ശത്രു എത്തി... അവർ ആ വിഷവിത്തുകൾ ഈ മണ്ണിലെറിഞ്ഞു...

'മനുജൻ' തളർന്നില്ല... നന്മയുടെയോ.... തിന്മയുടെയോ എന്ന് വിത്ത് ഈ മണ്ണിൽ വിളയും എന്നറിയാൻ അവൻ കാത്തു നിന്നു...!

### രംഗം: 2

ഇപ്പോൾ 'മനുജൻ' നിൽക്കുന്നത്... ഭിക്ഷാടനം നടക്കുന്ന ഒരു പള്ളിപ്പെരുന്നാൾ സ്ഥലത്താണ്.... മുടന്തരും അംഗഹീനരുമായ അനേകം രോഗികളെ 'മനുജൻ' കണ്ടു... 'മനുജനെ'കണ്ട ഭിക്ഷക്കാർ ഭിക്ഷാപാത്രം മനുജനു നേരെ നീട്ടി...

മനുജൻ സന്തോഷത്തോടെ അവരോട് പറഞ്ഞു... "പണമൊന്നും എന്റെ കൈയ്യിൽ ഇല്ല... പക്ഷേ എന്നിലുള്ള വലിയ ഒരു സമ്മാനം ഞാൻ നിങ്ങൾക്ക് നൽകുന്നു... "

ദൈവത്തിൽ നിന്നും 'മനുജന്' ലഭിച്ച അത്ഭുത വരദാനത്താൽ അവിടെയുള്ള രോഗികൾ സുഖം നേടി...!! മുടന്തർ നടന്നു... കുരുടർ കാഴ്ച നേടി... മാറാവ്യാധികൾ പൂണ്ടവർ സൗഖ്യം നേടി...."

പക്ഷേ..., ഒരിക്കലും പ്രതീക്ഷിക്കാത്ത മറുപടിയായിരുന്നു 'മനുജന്റെ' കാതിൽ വന്നു വീണത്...

"ഞങ്ങളുടെ കഞ്ഞികുടി മുട്ടിച്ചല്ലെടോ കാലമാടാ നീ..."

അമ്പരന്നു നിന്ന 'മനുജന്റെ' മുന്നിൽ ഒരു തടിമാടൻ വന്നു നിന്നു...

"എന്തു തോന്ന്യവാസമാടാ നീ കാണിച്ചത്... എന്റെ ബിസ്സിനസ്സു തകർത്ത നീ ആരാടാ..."

അയാൾ അലറി....

'മനുജൻ' ഞെട്ടി... വന്നവൻ ഭിക്ഷാടന മാഫിയാ തലവനായിരുന്നു...

ആ സ്ഥലത്തെ രോഗസൗഖ്യത്തിന് 'മനുജന്' കിട്ടിയ സമ്മാനം ക്രൂര മർദ്ദനമായിരുന്നു...!

### രംഗം 3

ഏതാനും മാസങ്ങൾക്കു ശേഷം 'മനുജൻ' പൂർവ്വാധികം ശക്തിയോടെ എഴുന്നേറ്റു..

വീണ്ടും ദൈവത്തിന്റെ മുമ്പിൽ....!

"എന്താ കുഞ്ഞേ.. നിന്റെ ദൗത്യം ഉപേക്ഷിയ്ക്കുന്നോ....? ഞാൻ പറഞ്ഞില്ലേ... ഇത് കാലം കെട്ട കാലമാണ്"

ദൈവത്തിന്റെ ചോദ്യത്തിന് ചെറുചിരിയോടെ മനുജൻ പറഞ്ഞു

"എന്റെ ദൗത്യം ഞാൻ തുടരും... ത്യാഗങ്ങൾ സഹിച്ചാലല്ലേ... ദൗത്യം പൂർത്തിയാക്കാൻ പറ്റൂ...!"

"ശരി... നിന്റെ ഇഷ്ടം പോലെ... ഈ പാനപാത്രം നീ ഏറ്റുവാങ്ങുക...."

### രംഗം 4

ഈ സമയം 'മനുജൻ' നിൽക്കുന്നത് ഒരു പറ്റം സാധാരണക്കാരായ രോഗികളുടെ ഇടയിലാണ്.... നിസാര രോഗങ്ങൾക്കു പോലും വിലയേറിയ ടെസ്ററിനും സ്കാനിങ്ങിനും പണ ഇരകളായ രോഗികൾ....!

ഈ രോഗികൾക്കിടയിൽ 'മനുജനിൽ'ക്കൂടി സൗഖ്യം ഒഴുകി എത്തി... ലാബുകൾക്കു മുമ്പിൽ നീണ്ട ക്യൂ കുറ



ഞ്ഞു.. വന്നു! പണമോഹികളുടെ ബാങ്ക് ബാലൻസ് കുറഞ്ഞു... ദുഷ്ട ബുദ്ധികൾ ഉണർന്നു... പക്ഷേ ജനം 'ആ നന്മയുടെ വിത്തി'ന്റെ ഫലം അനുഭവിച്ചു തുടങ്ങി....

**രംഗം 5**

മനുജനുമുമ്പിൽ ദൈവമെത്തി....

"കുഞ്ഞേ... നിന്റെ ദൗത്യം വിജയമാകുന്നു...

പക്ഷേ നീ സൂക്ഷിക്കണം... നീതിമാന് കുരിശ് പണിയുന്ന ലോകമാണിത്.... നീ ഒരു കാര്യം കൂടി ഈ സമൂഹത്തോടു പറയണം... ദുഷ്ടത ഒഴിയാത്തവരുടെ ഇടയിൽ ഞാൻ മഹാപ്രളയം സൃഷ്ടിക്കുമെന്ന്... എല്ലാം നശിപ്പിക്കുമെന്ന്"

'മനുജൻ' ആ ദൗത്യവും ഏറ്റെടുത്തു ദുഷ്ടശക്തികൾ 'മനുജനെ' പരിഹസിച്ചു.. 'പ്രളയത്തെക്കുറിച്ച് പ്രവചിക്കാൻ ഇവനാര് നോഹയോ' ഒടുവിൽ ദുഷ്ട ശക്തികൾ ഒരു തീരുമാനത്തിലെത്തി 'മനുജന്' മരണശയ്യ...! തീരുമാന നടത്തിപ്പിനായി അവർ ഒന്നിച്ചു കൂടി...

അക്രമ രാഷ്ട്രീയ ശവംനീതികൾ വിധിച്ചു...

"രാഷ്ട്രീയ ബലിയ്ക്കായി തീയും വിറകും കരുതി വച്ച് അണികളായ ആടുകളെ ഒരുക്കി നിർത്തി. പക്ഷേ... അവൻ നന്മയുടെ ശക്തിയാൽ ഞങ്ങളെ പരാജയപ്പെടുത്തി... ആയതുകൊണ്ട് അവന് മരണം...."

ഭിക്ഷാടന മാഫിയ വിധിച്ചു...

"രോഗികളെ ഇരയാക്കി ഭിക്ഷാടനത്തിലൂടെ ലക്ഷങ്ങൾ നേടിയിരുന്ന ഞങ്ങളുടെ ഭിക്ഷാടന മാഫിയായെ അവൻ തകർത്തു. ആയതുകൊണ്ട് അവന് മരണം....!!"

ആതുരസേവനം കച്ചവടമാക്കിയവർ വിധിച്ചു... നിസാര രോഗങ്ങൾക്കു പോലും ലാബ് ടെസ്റ്റിനെഴുതി കമ്മീഷൻ ഇനത്തിൽ മാസം തോറും ലക്ഷങ്ങൾ നേടിയിരുന്ന ഞങ്ങളുടെ പണമോഹം അവൻ നശിപ്പിച്ചു.... ആയതുകൊണ്ട് അവന് മരണം...

**രംഗം 6**

യോഗതീരുമാനം നടപ്പിലായി. 'വാഹനാപകട'ത്തിൽ അതീവ ഗുരുതരവാസ്ഥയിൽ 'മനുജൻ' ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടു. 'അജ്ഞാത വാഹനം ഇടിച്ച് 'മനുജൻ' ആശുപത്രിയിൽ... അങ്ങനെ ഒരു വാർത്തയിൽ മാത്രം ഈ സംഭവം ഒതുങ്ങി (ഒതുക്കി)...

'മനുജൻ' മരണത്തോടടുത്തു... ദൈവം അവന്റെ മുന്നിലെത്തി... സൃഷ്ടാവിനു വേണ്ടി മാത്രം അവന്റെ നാവ് ചലിച്ചു....

"എനിക്ക് ഈ ലോക ജീവിതം... ഇനി.... ഇനി വേണ്ട..."

ദൈവം പറഞ്ഞു.

"കുഞ്ഞേ ഇതാണ് ഞാൻ ആദ്യമേ നിന്നോട് പറഞ്ഞത്.... ഈ ലോകം നിന്നെപ്പോലെയുള്ളവർക്കുള്ളതല്ലായെന്ന്... ഇനിയൊരു ഉയർത്തെഴുന്നേല്പ് നിനക്കു വേണ്ട... നിന്നെ അനുഭവിക്കാൻ ഈ ലോകത്തിനു ഭാഗ്യമില്ല... എന്റെ കൈകളിൽ നിന്നെ ഞാൻ ഏറ്റു വാങ്ങാം... പ്രളയമായും മഹാഭൂകമ്പങ്ങളുമായി ഈ ലോകത്തെ ഞാൻ നശിപ്പിക്കാൻ പോകുന്നു"

സൃഷ്ടാവാം ദൈവം തന്റെ ദൗത്യത്തിനായി ഒരുങ്ങി....!

സമയം സമാഗതമായി... ആകാശത്തുനിന്നും മഹാമാരി...! സമുദ്രങ്ങൾ, തിരമാലകളെ സംഹാരദൗത്യവുമായി തീരത്തേക്ക് വിട്ടു... പാറകൾ പിളർന്നു... വൻ മരങ്ങൾ കടപുഴകി വീണു... ഭൂമി സർവ്വനാശത്തോടടുത്തു...!

പക്ഷേ അതിനുമുമ്പേ 'മനുജന്റെ ' ജീവൻ തന്റെ സൃഷ്ടാവിന്റെ കൈകളിൽ ഭദ്രമായിരുന്നു. ■


**ഒന്നാം ചരമവാർഷികം**
**11 – 6 – 2012**



**ജെയിംസ് ദാനിയേൽ**
വലിയതറയിൽ വടശ്ശേരിക്കര,

ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

**3 –ാം ചരമ വാർഷികം, (18 – 06 – 2012)**



പി.ജി. ഹൗസ്
കരിക്കം പി.ഒ.
കൊട്ടാരക്കര

***പി.കെ. ജോർജ്ജ്കുട്ടി***
(P.K. Georgekutty)

പരേതന് ആത്മശാന്തി നേർന്നുകൊണ്ട്, ഭാര്യ പൊന്നമ്മ ജോർജ്
മക്കൾ:– ജിബിൻ ജോർജ്, ജോബിൻ ജോർജ്

3RD Death Anniversary
14-06-2012



**MRS. RAICHEL VARUGHESE**
**PAREL HOUSE, MALLAPPALLY**

"നിന്റെ മഹത്വമുദിക്കുന്നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

*എന്ന് ദുഃഖാർത്തരായ*

**P.T. Varughese**
**&**
**Children**

സ്ത്രൈണം

# കാത്തിരിപ്പൂ...

രോഹിണി വർഗീസ്,
തിരുവല്ല

ഉരുക്കുന്ന വേനൽച്ചൂടിൽ പരീക്ഷയെഴുതി വിദ്യാർത്ഥികൾ ഫലമറിയാൻ കാത്തിരിക്കുന്ന കാലം. കാത്തിരിക്കുക എന്നത് സൗന്ദര്യമുള്ള പദമാണ്. ക്ഷമയുള്ളവരാണ് കാത്തിരിക്കുക-പ്രത്യാശയുള്ളവർ. പ്രത്യാശ ഒരു ക്രിസ്ത്യാനിയുടെ വാക്കാണ്. ജീവിക്കുവാൻ പ്രേരണ നൽകുന്ന പദം. പ്രത്യാശയുടെ സൽഫലങ്ങളാണ് ദീർഘക്ഷമയും കാത്തിരിപ്പും.

വി. ബൈബിൾ കാത്തിരിപ്പിന്റെ പുസ്തകമാണെന്നു തന്നെ പറയാം. യഹോവയ്ക്കായി, മശിഹായ്ക്കുവേണ്ടി, രണ്ടാംവരവിനു വേണ്ടി ഒക്കെയുള്ള കാത്തിരിപ്പ്. മശിഹായെ കാത്തിരുന്നു കണ്ടവരായിരുന്നു ശിമയോനും ഹന്നായും. കാത്തിരിക്കുവാൻ അപാരകഴിവുള്ളവരാണ് മുക്കുവർ. കടലിൽ വലയെറിഞ്ഞും കായലിൽ ചൂണ്ടയിട്ടും ഒക്കെ മണിക്കൂറുകൾ കാത്തിരുന്നു ശീലമുള്ളവർ – ഹെമിങ്‌വേയുടെ Old Man and the Sea ലെ സാന്റിയാഗോ എന്ന വൃദ്ധനെപ്പോലെ. 84 ദിവസം അയാൾക്ക് ഒരു മീൻ പോലും പിടിക്കാൻ സാധിച്ചില്ല. എന്നിട്ടും വീണ്ടും കടലിൽ പോയി രണ്ടുദിനം കാത്തുകിടന്ന് ഒരു ഭീമൻമത്സ്യത്തെ കൊണ്ടുവരുന്ന ആ വൃദ്ധൻ കടപ്പുറത്തെ മുഴുവൻ ചെറുപ്പക്കാരെയും അമ്പരപ്പിക്കുകയാണ്. എന്തൊരു ക്ഷമ! അതുകൊണ്ടുതന്നെയാവാം യേശുതമ്പുരാൻ മുക്കുവരെ തന്റെ ശിഷ്യരാക്കി, മനുഷ്യരെ പിടിക്കുവാൻ പ്രാപ്തരാക്കി എടുത്തത്.

കാത്തിരിക്കുവാൻ ഒരാളുണ്ടെങ്കിൽ ജീവിതം എത്ര പ്രകാശമുള്ളതാകും! പ്രവാസികളെ താങ്ങി നിർത്തുന്നത് മാമലകൾക്കിപ്പുറത്ത് മരതകപ്പട്ടുടുത്തു നിൽക്കുന്ന കേരളത്തിൽ അവർക്കായി കണ്ണിലെണ്ണയുമൊഴിച്ചു കാത്തിരിക്കുന്ന കുടുംബാംഗങ്ങളാണ്. ബാല്യകാലസ്മരണയിലെ ദീപ്തമായ കാത്തിരിപ്പ്, ആർമിയിൽ നിന്നും വർഷത്തിലൊരിക്കൽ കൈനിറയെ സമ്മാനങ്ങളുമായി വരുന്ന അപ്പനുവേണ്ടിയുള്ളതായിരുന്നു. മക്കൾക്ക് വേനലവധി കിട്ടുന്ന സമയത്തു തന്നെ അദ്ദേഹവും രണ്ടുമാസത്തെ ലീവിനുവരും. സ്വീകരിക്കാൻ, കൽക്കരി എഞ്ചിൻ വച്ചോടുന്ന തീവണ്ടിയുടെ വരവും കാത്തു ഞങ്ങൾ പോയി നിൽക്കും. പലതരം പഴവർഗ്ഗങ്ങൾ നിറച്ച കൂടകൾ, വർണ്ണക്കടലാസിൽ പൊതിഞ്ഞ മിഠായികൾ, വടക്കേ ഇന്ത്യൻ മധുരപലഹാരങ്ങൾ, വിരിഞ്ഞ പാവാടകളും, ഏപ്രണും, തൊപ്പിയും ധരിച്ച ഹോളണ്ടിലെ പാൽക്കാരികളുടെ പടമുള്ള ബിസ്കറ്റ് ടിന്നുകൾ, അമ്മയ്ക്കുള്ള സാരികൾ..ഒക്കെയായി ഒരുത്സവം തന്നെ. പോയവർഷം പഠിച്ച കവിതകൾ, പാട്ടുകൾ, വരച്ച ചിത്രങ്ങൾ ഒക്കെ അപ്പന്റെ മുന്നിൽ അവതരിപ്പിക്കുവാൻ മത്സരമാണ്. അടുത്ത സ്കൂൾവർഷത്തേക്കു വേണ്ട നോട്ട് ബുക്കുകൾ ഉണ്ടാക്കിക്കുക, യൂണിഫോം, കളർഡ്രസ് ഒക്കെ തുന്നിക്കുക, ബന്ധുവീടുകളിലും, സുഹൃത്തുക്കളുടെ ഭവനങ്ങളിലും വിസിറ്റ് പോവുക, ആർമിക്കഥകൾ കേൾക്കുക, മൃഗശാലയും കടലും കാണാൻ തിരുവനന്തപുരത്തുപോവുക, പള്ളിപ്പെരുന്നാൾ,... എങ്ങിനെ രണ്ടുമാസം സ്വപ്നം പോലെ പറന്നുപോകുന്നു എന്നു പറയേണ്ടതില്ലല്ലോ. ഒടുവിൽ നിറകണ്ണുകളോടെ വിട...



അടുത്ത വേനലവധിയും കാത്തുകാത്തിരിക്കുക. - പ്രിയപ്പെട്ട അപ്പന്റെ വരവിനായി.

They also serve who stand and wait എന്ന് കവി ടെന്നിസൻ നിരീക്ഷിക്കുന്നു (യൂളിസിസ്സ്). കാത്തുനിൽക്കുന്നവരുടെ ക്വാളിറ്റി അത്രയേറെയാണ്. സ്ത്രീ ഗർഭം ധരിച്ച് കുഞ്ഞിനുവേണ്ടി ഒമ്പതുമാസം ആകാംക്ഷയോടെ കാത്തിരിക്കുന്നു. താമരമൊട്ട് ഉഷസ്സിനായി കാത്തിരിക്കുന്നു -സൂര്യന്റെ ആദ്യചുംബനമേറ്റ് പൊട്ടിവിടരുവാൻ.

വേനൽ മൂക്കുമ്പോൾ, ഭൂമി വിണ്ടുകീറുമ്പോൾ വേഴാമ്പൽപക്ഷികൾ മരങ്ങളുടെ ഉയർന്ന ചില്ലകളിൽ കയറിയിരുന്ന്, സ്വർഗ്ഗത്തേക്കുനോക്കി അവയുടെ വലിയ ചുണ്ടുകൾ പിളർന്ന് ഉറക്കെ നിലവിളിച്ച് ശബ്ദമുണ്ടാക്കും. മഴയ്ക്കുവേണ്ടി ഒരുതരം സമരകാഹളം. അതുകേട്ടു സഹിക്കവയ്യാതെ ദേവന്മാർ സ്വർഗ്ഗം തുറന്ന് ഭൂമിയിലേക്ക് മഴ പെയ്യിക്കാൻ തുടങ്ങും എന്നാണ് സങ്കല്പം. ഈ കാത്തിരിപ്പിന്റെ പക്ഷിയാണ് നമ്മുടെ സംസ്ഥാനപക്ഷി.

യെരുശലേമിൽ ആട്ടുവാതിൽക്കൽ ബെഥസ്ദാ എന്ന എബ്രായകുളക്കരയിൽ (യോഹ. 5:1-9) പണ്ടൊരു പക്ഷവാതക്കാരൻ കാത്തുകിടന്നു, നീണ്ട 28 വർഷങ്ങൾ! ദൈവത്തിന്റെ ദൂതൻ കുളത്തിലെ വെള്ളം കലക്കുമ്പോൾ ആദ്യമിറങ്ങി സൗഖ്യം പ്രാപിക്കാൻ അവന് ഒരിക്കലും കഴിഞ്ഞില്ല. അപ്പോഴാണ് കാത്തിരിപ്പിന് അന്ത്യം കുറിച്ചുകൊണ്ട് സാക്ഷാൽ ദൈവപുത്രൻ അടുത്തുചെന്നവനെ സുഖപ്പെടുത്തിയത്.!

ഇന്ന് കാത്തിരിപ്പ് മറ്റുപലതിനും വേണ്ടിയാണ്. കുടിവെള്ളത്തിനായി കാക്കുന്ന ജനങ്ങളും, എച്ചിൽ ഇല കാത്തിരിക്കുന്ന യാചകരും, കസ്റ്റമറെ കാത്ത് കവലകളിൽ കാത്തുനിൽക്കുന്ന ഗണികകളും, വോട്ടുചെയ്ത് ജയിപ്പിച്ചുവിട്ട മന്ത്രിയെ കാത്തുനിൽക്കുന്ന പൊതുജനവും, തങ്ങളുടെ നമ്പർ വിളിക്കാൻ കാതോർ ക്കുന്ന കാൻസർ രോഗികളും... ഇവരെയൊക്കെ തോൽപ്പിക്കുന്ന ക്ഷമയോടെ ബെവറേജസ് കോർപ്പറേഷൻ സ്റ്റോറുകളുടെ മുമ്പിൽ നീണ്ടനേരം ക്യൂപാലിക്കുന്ന പുരുഷകേസരികളും....

കർത്താവിനുവേണ്ടി കാത്തിരിക്കുക (മർക്കോ. 13:32-37). യജമാനൻ എന്നുവരുമെന്ന് ദാസൻ അറിയുന്നില്ല. പക്ഷെ ബുദ്ധിയുള്ള കന്യകമാരെപ്പോലെ വിളക്കിൽ നിറച്ചെണ്ണയുമായി ഉണർന്നും ജാഗ്രതയോടെയും ഇരിക്കേണ്ടതാണ്. പരിശുദ്ധാത്മ നിർവൃതിയുടെ ഈ ദിനങ്ങളിൽ മനുഷ്യൻ അവന്റെ ധൃതികളും, അക്ഷമയുമെല്ലാം വെടിഞ്ഞ് കേൾക്കാൻ പഠിച്ചെങ്കിൽ, മൗനമായിരിക്കാൻ ശീലിച്ചെങ്കിൽ. യാക്കോബ് ശ്ലീഹായെ ഓർമ്മപ്പെടുത്തിക്കൊണ്ട് കബീറും പാടുന്നു:

ഖുദാ നേ ഹംകോ ദോ കാനേ ദിയേ
ലേകിൻ ജീബ് ഏക് ഹീ ദിയേ

ഈശ്വരൻ നമുക്കു രണ്ടു കാതുകൾ തന്നു, പക്ഷെ നാവ് ഒന്നുമാത്രം. അതീവശ്രദ്ധയോടെ കേൾക്കാനും, സാവകാശം മാത്രം മറുപടി പറയാനും. സ്വർഗ്ഗാരോഹണസമയത്ത് കർത്താവ് പറഞ്ഞത് പോയി യെരുശലേമിൽ കാത്തിരിക്കുവാനാണ് - ബഹളങ്ങളിൽ നിന്നൊഴിഞ്ഞ്, ഒരുമനപ്പെട്ട്, പ്രാർത്ഥനയോടെ.

കാത്തിരുന്നാൽ തെളിയാത്ത ഒരു പുഴയുമില്ല ശ്രീബുദ്ധൻ ശിഷ്യനെ പഠിപ്പിച്ചു.

കാത്തിരിപ്പിനൊടുവിൽ എന്താണു ലഭിക്കുക? സാക്ഷാൽ മണവാളനെ ത്തന്നെ.

യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുകയറും, അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും (യെശ. 40:31). ■




## ആയുർ ദർശനം

ഡോ. കെ. എം. അനൂപ്

# 'സ്വസ്ഥസ്യ സ്വാസ്ഥ്യരക്ഷണം'

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഭേദ്യവും ജൈവീകവുമായ സഹ വർത്തിത്വം അവന്റെ ആരോഗ്യ അവസ്ഥയെ സമ്യക്കായി നിലനിർത്തുന്നു. ഈ സന്തുലിതാവസ്ഥയിലുള്ള ചെറിയ താളം തെറ്റലുകൾ പോലും പ്രവചനാതീത മായ പ്രത്യാഘാതങ്ങളാണ് മനുഷ്യനിലുളവാകുന്നത്. ഈയൊരു സവിശേഷ സാഹ ചര്യത്തിലാണ് ആയൂർവേദത്തിന്റെയും കാലികമായ പ്രസക്തി. മനുഷ്യനേയും പ്രകൃതിയേയും അതുൾക്കൊള്ളുന്ന അനേകജാതി ജീവജാലങ്ങളേയും ഒരേ ചര ടിൽ കോർത്തിണക്കുന്ന ഒരു ചികിത്സാ പദ്ധതിയാണിത്. ചികിത്സാ പദ്ധതി എന്ന തിന്നപ്പുറം ഒരു ജീവിത ചര്യയാണ്, സംസ്ക്കാരമാണിത്.

'രാഗാദിരോഗാൻ സതതാനുഷ്ക്താ-<br>
നശേഷകായ പ്രസൃതാനശേഷാൻ<br>
ഔത്സുക്യമോഹാരതിദാൻ ജഘാന<br>
യോടപൂർവ്വവൈദ്യായ നമോസ്തു തസൈ്മ'

ആയുസ്സിനെ സംബന്ധിക്കുന്ന വേദമാണ് ആയുർവേദം. ആയുസ്സെന്നാൽ സ്വാഭാവിക മരണം വരെയുള്ള ഒരു ജീവിയുടെ സമഗ്രമായ വികസന പരിണാമ ങ്ങളുടെ ആകെതുകയാണ്. വേദമെന്നാൽ അറിവ് അഥവാ അറിവിന് ആധാരമായ പ്രമാണം എന്നാണ്. രാഗം (അസൂയ/അടങ്ങാത്ത ആഗ്രഹം), ക്രോധം, മദം, അഹ ങ്കാരം, ലോഭം, മാത്സര്യം എന്നീ വിഷകരമായ രോഗാവസ്ഥകളും, അബോധാവ സ്ഥ, പേപറച്ചിൽ തുടങ്ങിയ മരണലക്ഷണങ്ങളും മാറ്റുവാൻ സാധിക്കുന്ന അപൂർവ്വ വൈദ്യന്/ആദിവൈദ്യന്/ഈശ്വരന് നമസ്കാരം പറഞ്ഞതുകൊണ്ടാണ് ശാസ്ത്ര ഗ്രന്ഥങ്ങൾ ആരംഭിക്കുന്നത്.

'സ്വസ്ഥസ്യ സ്വാസ്ഥ്യ രക്ഷണം<br>
ആതുരസ്യ വികാര പ്രശമനംച'

ആരോഗ്യമുള്ള ഒരു വ്യക്തിയുടെ ആരോഗ്യം സംരക്ഷിക്കുകയും, രോഗമുള്ള ഒരാളുടെ രോഗം ഭേദമാക്കുകയും ചെയ്യുക എന്നുള്ളതാണ് ആയുർവേദത്തിന്റെ പ്രയോജനവും ലക്ഷ്യവും. Ayurveda gives its prime importance to maintain the health (wellness) of a healthy person and secondary to cure the discase of a ill person'. ഏതാണ്ട് 3500 വർഷങ്ങൾക്ക് മുമ്പ് രചിച്ച ഈ ആത്മ ലിഖിതങ്ങളിൽ 'prevention is better than cure' എന്നതിന്റെ വേരുകൾ നമുക്ക് കാണാം. ഇവിടെ 'സ്വാസ്ഥ്യം' എന്ന വാക്കിന്റെ അർത്ഥതലങ്ങൾ വളരെ പ്രാധാന്യമുള്ളതാണ്.

'സമദോഷ സമാഗ്നിശ്ച സമധാതു<br>
മലക്രിയ പ്രസന്ന ആത്മ ഇന്ദ്രീയമനാഃ<br>
സ്വസ്ഥഇത്യഭീധീയതേ!'

ത്രിദോഷങ്ങൾ (വാത,പിത്ത, കഫം) ദഹനാഗ്നി ഉൾപ്പെടെയുള്ള മറ്റ് അഗ്നി കൾ, രസ, രക്ത, മാംസ മേദസ്സ് ആദിയായി 7 ധാതുക്കൾ എന്നിവയുടെ സമസ ന്തുലിത അവസ്ഥ, 3 മലങ്ങളുടേയും (മലം, മൂത്രം, സ്വേദ) ശരിയായ രീതിയി ലുള്ള വിസർജനം; കണ്ണ്, ചെവി മുതലായ 5 ജ്ഞാനേന്ദ്രീയങ്ങളുടേയും 5 കർമ്മേ ന്ദ്രീയങ്ങളുടേയും, ആത്മാവിന്റേയും, മനസ്സിന്റേയും സുഖകരവും പ്രസന്നവുമായ അവസ്ഥ-ഇതെല്ലാം ഒത്തുചേർന്നിരിക്കുന്ന വ്യക്തി 'സ്വസ്ഥൻ' അഥവാ സ്വസ്ഥാ വസ്ഥയിലുള്ളയാൾ എന്നു പറയാം.


ഒരു വ്യക്തിയുടെ സാമൂഹികവും, സംസ്ക്കാരികവും ശാരീരകവും, മാനസി കവും, ആദ്ധ്യാത്മികവുമായ സന്തുലിതാവസ്ഥയാണ് സ്വാസ്ഥ്യം എന്നു ചുരുക്കി പറയാം. രോഗമില്ലാത്ത അവസ്ഥയ്ക്കപ്പുറം (ആരോഗ്യം) സ്വാസ്ഥ്യത്തിലാണ് (wellness) നാം വളരേണ്ടത്. താളിയോലകളിലും, പൗരാണിക ആയൂർവേദഗ്രന്ഥ ങ്ങളിലും നാം കാണാതെ-ഒരുപക്ഷെ കാണാൻ ശ്രമിക്കാതെ-കിടക്കുന്നു. ആരോഗ്യ -ജീവിത ദർശനങ്ങളിലൂടെയുള്ള ഒരു യാത്രയാണ് ഇത്.

**a) 'ആയു: കാമയ മാനേന ധർമ്മാർത്ഥസുഖ സാധനം' b) 'ധർമ്മർത്ഥകാ മമോക്ഷാണാം കാരണം ആരോഗ്യമൂലമുത്തമം'**

ധർമ്മം (സദ്കർമ്മ/കടമകൾ), അർത്ഥം (ധനം/ജീവനോപായം) കാമം (സദ് ആഗ്രഹങ്ങൾ), മോക്ഷം (പരമമായ അറിവ്/ സാക്ഷാത്കാരം) എന്നീ പുരുഷാർത്ഥ ങ്ങൾ സാധിക്കണമെങ്കിൽ ആയുസ്സ് അത്യാവശ്യമാണ്. ആയുസ്സ് ആരോഗ്യത്തെ ആശ്രയിച്ചിരിക്കുന്നു. ആയതിനാൽ യുക്തമായ ആഹാര-വിഹാര-അനുഷ്ഠാന ങ്ങളിലൂടെആരോഗ്യം കാത്തു സൂക്ഷിക്കേണ്ടതാണ്.

## സ്മൃതി

# സി. പി. ചാണ്ടിസാറിന്



വീ-ണാരവമായ്<br>
ആലയമതിനുള്ളിൽ<br>
നീളെ മുഴങ്ങീടും<br>
സാന്ദ്രമതാം സ്തുതി ഗീതമതും<br>
മോഹനസുരഭില ഭാവമതും<br>
ആത്മാവിൻ നന്തുനിയാലെ<br>
ഗീതകമാക്കിയ മുനിശ്രേഷ്ഠാ<br>
വാഴ്ക നിന്നീരടികളിലൂടെ.

## കൈപ്പറ്റി

### 1. അക്ഷരങ്ങളുടെ തേജസ്സ്

ധ്യാനാത്മക ജീവിതത്തിൽ നിന്നും വന്ന ഉദ്ധരണികളുടെ സഞ്ചിത രൂപമാണ് ഈ ഗ്രന്ഥം. പ്രസംഗകർക്കും വായനക്കാർക്കു മൊക്കെ ഒരുപോലെ പ്രയോജനപ്പെടുന്ന ഉദ്ധരണികളാണിവ. രചയിതാവ്: ഫാ. വർഗീസ് പി. ഇടിച്ചാണ്ടി, ഒലിവ് ക്രിയേ ഷൻസ് ബാംഗ്ലൂർ, വില-50/-

### 2. ആടുകളെ തേടി

**(ഓഡിയോ സി.ഡി.)**

ബാംഗ്ലൂർ ഓർത്തഡോക്സ് കൺവൻഷൻ ഗീതങ്ങൾ. രചന : ഫാ. വർഗീസ് പി. ഇട ച്ചാണ്ടി, സംഗീതം: അനീഷ് ചെറിയാൻ, വില. 100/-


**അഭിനേതാക്കളെ തേടുന്നു**

**കാതോലിക്കേറ്റ് ശതാബ്ദിയോടനുബന്ധിച്ച് സൺഡേസ്ക്കൂൾ പ്രസിദ്ധീകരിക്കുന്ന ഡോക്യുമെന്ററിയിൽ അഭിനയിക്കാൻ താൽപ ര്യമുള്ള സൺഡേസ്ക്കൂൾ വിദ്യാർത്ഥി - വിദ്യാർത്ഥിനികൾ ജൂൺ 30-നകം കേന്ദ്ര ഓഫീസുമായി ബന്ധപ്പെടുക.**

**ഫോൺ: 0481-2572890, 9447123111**

21-ാം പേജിൽ നിന്നു തുടർച്ച...

യൊന്നാം ദിവസം തുടങ്ങിയ ദിവസത്തേതുപോലെ ഒരു മണിക്കൂർകൊണ്ട് അവസാനിപ്പിക്കണം. ഉഴിച്ചിലിന്റെ പത്ഥ്യകാലത്തും ഇതേക്രമംതന്നെ തുടരണം.

എട്ടുദിവസംകൂടുമ്പോൾ മരമഞ്ഞൾക്കഷായത്തിൽ സമം ആട്ടിൻപാൽ ചേർത്ത് വറ്റിച്ച രസാഞ്ജനം മിഴിയിലെഴുതണം. ഇത് മിഴിക്ക് അഴകും നല്ല കാഴ്ചശക്തിയും നൽകും.

തിരുമ്മൽ ദിവസങ്ങളിൽ ഔഷധക്കൂട്ട് ചേർത്ത് തിളപ്പിച്ചാറ്റിയ വെള്ളത്തിൽ കുളിക്കണം. ശുദ്ധജലത്തിലും ആവാം. സോപ്പ് ഉപയോഗിക്കരുത്. കടല, പയർ, മുതിര, വാക എന്നിവയുടെ പൊടിയോ ഇഞ്ചയോ ഏതെങ്കിലും ഒന്നുമതി.

പതിനാലു ദിവസത്തെ ഉഴിച്ചിലാണെങ്കിൽ ആദ്യ ദിവസം ഒരു മണിക്കൂറും പിന്നെ ഏഴുദിവസവും വരെ അഞ്ചുമിനിറ്റുവീതം കൂട്ടിയും എട്ടാം ദിവസം മുതൽ അഞ്ചുമിനിറ്റുവീതം കുറച്ചും പതിന്നാലാം ദിവസം ഒരു മണിക്കൂർ കൊണ്ടും അവസാനിപ്പിക്കണം. പത്ഥ്യകാലത്തും ഇതുപോലെ ആവർത്തിക്കണം.

ദുർഗന്ധിയല്ലാത്തതും ലഘുത്വമുള്ളതും മൃദുവുമായ എണ്ണകളും സുഖദായകങ്ങളായ ചൂർണ്ണങ്ങളും നനുത്ത തുണികളും ഉഴിച്ചിലിനു വേണ്ട ആവശ്യവസ്തുക്കളാണ്. സ്വസ്ഥശരീരമാണെങ്കിൽ നല്ലെണ്ണ, കുയുമ്പെണ്ണ, ചന്നലെണ്ണ, ഓടലെണ്ണ സ്ഥൂലശരീരമാണെങ്കിൽ ഒലിവെണ്ണ, പുങ്കെണ്ണ, മെലിഞ്ഞ ശരീരമാണെങ്കിൽ വേപ്പെണ്ണ, വെളിച്ചെണ്ണ, കടുക് എണ്ണ, മരോട്ടി എണ്ണ ഇവയിലേതെങ്കിലുമൊന്നോ നിശ്ചിത അളവിൽ ഇവയുടെ മിശ്രിതമോ ഉപയോഗിക്കണം. ശരീരമാകെ എണ്ണ തേയ്ച്ചിടാതെ ഉഴിയുന്ന ഭാഗങ്ങളിൽ അതാതു സമയം എണ്ണ പുരട്ടിയാൽമതി. തൈലമോ മറ്റ് ലേപനങ്ങളോ ഇല്ലാതെ പച്ചവെള്ളം കൊണ്ടും ഉഴിയാം. തണുത്ത ഉഴിച്ചിൽ അഥവാ ശീതതിരുമ്മൽ എന്നാണ് ഇതറിയുന്നത്.

തൈലം കൊണ്ടും ചൂർണ്ണം (Powder) കൊണ്ടും ഉഴിഞ്ഞു തുടങ്ങുന്നത് കാൽവെള്ളയിൽ നിന്നാണെങ്കിൽ തണുത്ത ഉഴിച്ചിൽ തുടങ്ങുന്നത് തലയിൽ നിന്നാണ്. പാദങ്ങളിൽ അവസാനിക്കും. മഞ്ഞുകൊണ്ടതോ മൺപാത്രത്തിലിരുന്നു തണുത്തതോ ആയ വെള്ളം തണുത്ത ഉഴിച്ചിലിനു പാടില്ല. രക്തത്തിലെ ശ്വേതാണുക്കളുടെ എണ്ണം വർദ്ധിപ്പിക്കുകയും കൊഴുപ്പിന്റെ തോതു കുറയ്ക്കുകയും ധമനികളെ ഉത്തേജിപ്പിക്കുകയും ചെയ്യുന്ന ഈ ഉഴിച്ചിലിനു ശേഷം കുറച്ചു വിശ്രമിക്കണം. പരുത്ത (cotton) തുണി നനച്ച് വലതുകൈത്തണ്ടയിൽ ചുറ്റിയാണ് തണുത്ത ഉഴിച്ചിൽ സാധാരണ ചെയ്യുന്നത്. ജൂലായ്, ഒക്ടോബർ മാസങ്ങളാണ് ചികിത്സയ്ക്കു ഏറ്റവും അനുയോജ്യമായ കാലം.

ആരെ ഉഴിഞ്ഞാലും സ്വന്തം ശരീരമാണെന്നു വിചാരിച്ച് അതീവ ജാഗ്രതയോടെ ഉഴിയണം. ശാസ്ത്രവിധിയനുസരിച്ചുള്ള കമ്പനവും താഡനവും ഘർഷമന്നംകൊണ്ട് മർമ്മഭാഗങ്ങളെ ഉണർത്തേണ്ടതുള്ളതിനാൽ വിരലുകളിൽ അമിതമായ ശക്തിയും വേഗതയും എത്താതെ നിയന്ത്രിക്കണം. ഉഴിച്ചിൽ വിരലുകൊണ്ടുള്ള ശസ്ത്രക്രിയയാണെന്ന് പാശ്ചാത്യർ പറഞ്ഞത് ഇതുകൊണ്ട് തന്നെയാണ്.

ചാന്ദ്രിക വിദ്യപ്രകാരം ഗർഭിണികളേയും ഉഴിയാം. പക്ഷേ, വയറിന്റെ ഭാഗത്ത് സ്പർശിക്കരുത്. മനസ്സിനു സുഖം പകരുന്ന സുഗന്ധചൂർണ്ണങ്ങളോ, എണ്ണയോ ഉപയോഗിക്കണം. പ്രസവം യത്നരഹിതമാക്കുന്നതിനും ശസ്ത്രക്രിയ ഒഴിവാക്കുന്നതിനും പ്രസവാനന്തരം യോഷ ക്ഷീണിതയും ദുഃഖിതയും ആകാതിരിക്കുന്നതിനും പ്രൗണ്ഡേയന്മാർ എന്ന പേരിൽ വിഖ്യാതരായിരുന്ന വൈദ്യന്മാർ അലസ ഉഴിച്ചിൽ വേണമെന്നും നിർദ്ദേശിച്ചിരുന്നു. കൈകൊണ്ടുള്ള ഉഴിച്ചിലാണ് ഉചിതം.

കുട്ടികളുടെ വളർച്ചയ്ക്ക് അമ്മിഞ്ഞ പോലെ ഉഴിച്ചിലും അത്യാവശ്യമാണ്. നെയ്യോ, വെണ്ണയോ, സാന്ദ്രത കുറഞ്ഞ എണ്ണയോ കൊണ്ടു മൃദുവായി തിരുമ്മണം. ഇളവെയിൽ കൊള്ളിച്ചുകൊണ്ടുള്ള തിരുമ്മൽ ഏറെ പ്രയോജനകരം. അമ്മയോ മുത്തശ്ശിയോ ഇത് ചെയ്താൽ മതി. അല്പനേരത്തെ ഉഴിച്ചിൽകൊണ്ട് കുഞ്ഞിനു ലഭിക്കുന്നത് അതിശയിപ്പിക്കുന്ന സദ്ഫലങ്ങളാണ്. സ്നേഹസ്യണമായ താഡനവും തലോടലും കൊണ്ട് കുഞ്ഞിന്റെ അസ്ഥികൾ ശരിയാംവണ്ണം വികസിക്കുകയും വളരുമ്പോൾ ഒത്തപൊക്കവും ബലിഷ്ഠമായ പേശികളും ലഭിക്കുകയും ചെയ്യുന്നു.

രക്തസമ്മർദ്ദമുള്ള രോഗികൾക്കും ഉഴിച്ചിൽ ആശ്വാസമേകും. ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കാത്തവരായിരിക്കണം.

പുനലൂരിൽ ഈ രംഗത്ത് പ്രഗത്ഭനായിരുന്ന എന്റെ പിതാവ് പരേതനായ പൊന്നുമംഗലത്ത് എബ്രഹാം വൈദ്യനിൽ നിന്ന് സ്വായത്തമാക്കിയ അറിവാണ് സമ്പത്ത്. ജീവനുള്ള കോഴിയെ മർമ തിരുമ്മിലൂടെ മയക്കി അബോധാവസ്ഥയിലെത്തിക്കുകയും അതിൽ നിന്ന് വിമുക്തമായ പൂർവ്വ സ്ഥിതിയിലെത്തിച്ച് ജോയി ഗുരുക്കൾ മർമ ചികിത്സകന്റെ പ്രസക്തി സാക്ഷ്യപ്പെടുത്തുന്നു. മനുഷ്യനിൽ പരീക്ഷിക്കാൻ റെഡി എന്നാൽ അതിനു തയ്യാറാകാൻ അറപ്പുണ്ടാകുമെന്നതല്ലേ സത്യം. പ്രാർത്ഥനയും ധ്യാനവും കർമ നിരതനായ ഒരു ഗുരുക്കളുടെ ചികിത്സയ്ക്കു പിന്നിൽ തുണയാകുന്നു.

കളരിയഭ്യാസം വശമാക്കാനായെങ്കിലേ മർമ ചികിത്സ പഠിക്കാനാവൂ. കളരിയിലൂടെ ശരീര ശാസ്ത്രവും പിന്നെ ചികിത്സാ വിധിയും ഒരു വ്യക്തി അടി, ഇടി, വീഴ്ച എന്നിവിലൂടെ മർമ ക്ഷതത്തിലായി ബോധം നശിച്ചാൽ രക്ഷപ്പെടുത്താൻ അറിയുക. അതാണ് കളരി ഗുരുവായ മർമ ചികിത്സകന്റെ ധർമ്മം.

അഗസ്ത്യമുനിയുടെ താളിയോല ഗ്രന്ഥങ്ങളിൽ നിന്നാണ് കളരിയും അതിലൂടെ മർമ്മത്തെ കുറിച്ചുള്ള അറിവും ചികിത്സയും നമുക്ക് സ്വന്തമായത്. തമിഴായിരുന്നു താളിയോലകളിൽ നാരായത്താൽ രചിക്കപ്പെട്ട ഭാഷ. മർമ പീഠിക, മർമ കണ്ണാടി, മർമ പീരേങ്കി തുടങ്ങിയ അൻപതിലധികം രചനകളാണ് അഗസ്ത്യ മുനിയുടെ സംഭാവന.

ഞരമ്പ് തെറ്റിയാലും ക്ഷതമേറ്റാലും സ്ഥാനഭ്രംശം ഉണ്ടായാലും അതെല്ലാം സഞ്ചാര മാർഗ്ഗങ്ങളിലെ തടസ്സങ്ങളാണ്. നട്ടെല്ലിനുണ്ടാകുന്ന തകരാർ ഗുരുതരമാണെന്നു പറയേണ്ടതില്ലല്ലോ. ഇവയെ സുഖപ്പെടുത്താനാണ് മർമ്മ ചികിത്സ. അതിൽ സുപ്രധാനമാണ് തിരുമ്മുക. തിരുമ്മുകൾ മൂന്നുതരമുണ്ട്. സുഖതിരുമ്മ് രക്ഷതിരുമ്മ്, കച്ച തിരുമ്മ് എന്നിവയാണത്. തിരുമ്മിന് രീതികൾ ആറാണ്. നേർവാരി, കുറുവരി, വില്ലുവട്ടം, പാട്, കോണ്, കൂട്ടടക്കം. തിരുമ്മുന്നതിന് കൈപാകങ്ങൾ നാലുവിധമാണ്. തിരുമ്മുക, തേയ്ക്കുകക, അമർത്തുക, വലിക്കുക.

മർമ്മസ്ഥാനത്തിൽ ക്ഷതമേറ്റാൽ അബോധാവസ്ഥ ഉണ്ടാവുകയോ, രോഗങ്ങളുണ്ടാകുകയോ ചെയ്യും. ശക്തിയായ ക്ഷതമായാൽ മരണം സംഭവിക്കാം. മർമ്മചികിത്സ അവിടെ രക്ഷയുടെ മാർഗമാണ്. അതിനായി അറിവിന്റെ അക്ഷയപാത്രമാണ് മർമശാസ്ത്രം.

*സെക്രട്ടറി, കൊല്ലം ജില്ലാ കളരിപ്പയറ്റ് അസ്സോ. ട്രഷറർ, കേരള കളരിപ്പയറ്റ് അസോസിയേഷൻ*

■

# സഭയ്ക്ക് 359 കോടി രൂപയുടെ ബജറ്റ്

മലങ്കര ഓർത്തഡോക്സ് സഭയുടെ 2012-13 വർഷത്തെ 359 കോടി രൂപയുടെ ബജറ്റ് പ. കാതോലിക്കാ ബാവായ്ക്കു വേണ്ടി അസ്സോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫ് അവതരിപ്പിച്ചു. പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ പഴയ സെമിനാരി സ്മൃതി ഓഡിറ്റോറിയത്തിൽ കൂടിയ മാനേജിംഗ് കമ്മറ്റിയുടെ യോഗത്തിലാണ് ബജറ്റ് അവതരിപ്പിച്ചത്.

കാതോലിക്കേറ്റിന്റെ സ്ഥാപന ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് സബർമതി ആശ്രമത്തിന് സമീപം ഗാന്ധി സ്മരൺ ഓർത്തഡോക്സ് ഗസ്റ്റ് ഹൗസ് എന്ന പേരിൽ അഹമദാബാദ് മെത്രാസനത്തിന്റെ ചുമതലയിൽ ഒരു സാംസ്കാരിക മന്ദിരം നിർമ്മിക്കുന്നതിന് ബജറ്റിൽ തുക ഉൾപ്പെടുത്തി. കേരളത്തിൽ നിന്നും സബർമതി ആശ്രമം സന്ദർശിക്കാനെത്തുന്ന ഓർത്തഡോക്സ് സഭാംഗങ്ങൾക്കും ഇതര മത സമുദായാംഗങ്ങൾക്കും ഇവിടെ സൗജന്യമായി താമസിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്.

കാർഷിക ഉൽപ്പാദനത്തിൽ സഭാംഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി പഴം പച്ചക്കറി വിത്തുകളും തൈകളും സഭാംഗങ്ങളുടെ ഭവനങ്ങളിൽ എത്തിക്കുക എന്ന കർമ്മ പദ്ധതി ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (നവജ്യോതി സംഘങ്ങളിലൂടെയായിരിക്കും എല്ലാ ഭവനങ്ങളിലും പച്ചക്കറി വിത്തുകളും തൈകളും എത്തിക്കുക).

കോട്ടയം നഗരത്തിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഓർത്തഡോക്സ് ചർച്ച് സെന്റർ ബഹുനില ഓഡിറ്റോറിയ നിർമ്മാണത്തിന് തുക വകയിരുത്തി. നഗരത്തിന്റെ ഹൃദയഭാഗത്ത് നിർമ്മിക്കുന്ന പ്രസ്തുത ഓഡിറ്റോറിയം നിലവിൽ വരുന്നത് പൊതുസമൂഹത്തിന് വളരെയേറെ പ്രയോജനകരമായിരിക്കുമെന്ന് വിലയിരുത്തപ്പെടുന്നു.

സൺഡേസ്കൂൾ പരീക്ഷകളിൽ മികച്ച നിലവാരം പുലർത്തുന്ന നിർധനരായ വിദ്യാർത്ഥികൾക്ക് പ്ലസ്ടുവിന് ശേഷമുള്ള സെക്കുലർ വിദ്യാഭ്യാസത്തിന് പലിശരഹിത വായ്പ നൽകാൻ പദ്ധതി ബജറ്റിൽ ആവിഷ്കരിച്ചിട്ടുണ്ട്. മെത്രാസനങ്ങളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നിർധന കുടുംബത്തിൽപ്പെട്ട സഭാംഗങ്ങളായ നിരവധി വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

നിർധനരായ സഭാംഗങ്ങൾക്കായി കഴിഞ്ഞ വർഷം ആരംഭിച്ച ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിലേക്ക് ഈ വർഷവും അർഹരായ കൂടുതൽ സഭാംഗങ്ങളെ ഉൾപ്പെടുത്തുന്നതിനും യോഗം അംഗീകാരം നൽകി. നിലവിലുള്ള വിവിധ ജീവകാരുണ്യ പദ്ധതികളായ വിവാഹ സഹായം, ചികിത്സാ സഹായം, ഭവന നിർമ്മാണ സഹായം, വിദ്യാഭ്യാസ സഹായം എന്നിവയ്ക്കും തുക വകകൊള്ളിച്ചിട്ടുണ്ട്. നിലവിൽ വൈദികർക്കും, പള്ളികളിലെ പ്രധാന ശുശ്രൂഷകർക്കും പള്ളി സൂക്ഷിപ്പുകാർക്കുമുള്ള ഇൻഷുറൻസ് പദ്ധതിയ്ക്കും തുക വകയിരുത്തി. വൈദികരുടെ ശമ്പള പദ്ധതയിലേക്ക് ഒന്നര കോടിയിൽ പരം തുക കേന്ദ്രവിഹിതമായി സബ്സിഡി നൽകുന്നതിനായി ഉൾപ്പെടുത്തി.

കാതോലിക്കേറ്റ് ശതാബ്ദി വിപുലമായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

ബാഹ്യകേരളത്തിൽ പഠനത്തിനായും ജോലിക്കായും പോകുന്ന യുവജനങ്ങൾക്കായി ബാഹ്യ കേരളാ മെത്രാസനങ്ങളുടെ ആഭിമുഖ്യത്തിൽ കാതോലിക്കേറ്റ് യൂത്ത് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ആരാധന ക്രമങ്ങൾ വിവിധ ഭാഷകളിലേക്ക് തർജ്ജമപ്പെടുത്തുന്നതിനുള്ള പദ്ധതിയും അംഗീകരിച്ചു.

മട്ടാഞ്ചേരി കൂനൻ കുരിശ് തീർത്ഥാടന കേന്ദ്രം, തിരുവിതാംകോട് തീർത്ഥാടന കേന്ദ്രം, ചെന്നൈയിലെ മാർത്തോമ്മൻ തീർത്ഥാടന കേന്ദ്രം, മുളന്തുരുത്തിയിലെ പരുമല തിരുമേനിയുടെ സ്മൃതി മന്ദിരം എന്നിവയ്ക്കും സഭയിലെ മറ്റ് തീർത്ഥാടന കേന്ദ്രങ്ങൾക്കും സഭയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ അനാഥാലയങ്ങൾക്കും അശരണരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന വിവിധ പ്രസ്ഥാനങ്ങൾക്കും സഭയുടെ ദയറാകൾ, ആശുപത്രികൾ, വിവിധ അദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ എന്നിവയ്ക്കും തുക മാറ്റി വെച്ചിട്ടുണ്ട്. പ്രകൃതി ദുരന്ത സഹായ നിധി, നവജ്യോതി സ്വയം സഹായ സംഘം, പഴയ സെമിനാരി നാഗ്പൂർ സെമിനാരി അവികസിത മേഖലകളിൽ നിൽക്കുന്ന പള്ളികൾ ആ പള്ളികളിൽ പാഴ്സനേജ് നിർമ്മിക്കുന്നതിനുള്ള പദ്ധതി തുടങ്ങിയവയും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സഭയ്ക്ക് വടക്കൻ മെത്രാസനങ്ങളിൽ വിഘടിത വിഭാഗത്തിൽ നിന്നുമുണ്ടാകുന്ന അക്രമ പ്രവർത്തനങ്ങളെ യോഗം അപലപിച്ചു. സഭയ്ക്ക് അവകാശപ്പെട്ട പള്ളികളിൽ പ്രവേശിക്കുന്നതിന് അക്രമ പ്രവർത്തനങ്ങളിലൂടെ തടസ്സം നിൽക്കുന്നവർക്ക് നേരെ സർക്കാർ നിയമനടപടികൾ സ്വീകരിക്കണമെന്നും അല്ലാത്തപക്ഷം ശക്തമായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചു.

പ്രസ്തുത യോഗത്തിൽ മെത്രാപ്പോലീത്താമാരും സഭയിലെ മുപ്പത് മെത്രാസനങ്ങളിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുത്തു. ഫാ. ബിജു ആൻഡ്രൂസ് ധ്യാനപ്രസംഗം നടത്തി. ഫാ. വി. ജെ. ജോസഫ്, കെ. ഗീവറുഗീസ് എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. സഭാ മാനേജിംഗ് കമ്മറ്റിയുടെ അടുത്ത യോഗം ജൂൺ 6 -ന് തുടർന്ന് നടത്തുന്നതിനും തീരുമാനിച്ചു. യോഗശേഷം മാനേജിംഗ് കമ്മറ്റി അംഗങ്ങൾ മാമലശ്ശേരി മാർ മിഖായേൽ പള്ളി സന്ദർശിച്ചു.

■


വെങ്കലത്തിൽ (ബെൽ മെറ്റൽ)
നിർമ്മിക്കുന്ന പള്ളി മണികൾ,
പള്ളിയുടെ കൊടിമരം
(കോപ്പർ, ബ്രാസ്സ് No. 1 ക്വാളിറ്റിയിൽ)
വിളക്കുകൾ മുതലായവ...

PHILIP VARGHESE
K.G. METAL STORES
Koratty, Ambalam Jn. Mannar-689622,
Alappuzha Dist.
Ph: 0479-2312192, 2312392,
Mob. 9447463698

# ഒടുവിൽ നിരോധനം

## മരണം വിൽക്കുന്ന വർണ്ണക്കൂടുകൾ






ഇന്ത്യയിലെ പാൻമസാല രാജാവ് മണിക് ചന്ദ് ധാരിവാൾ തന്റെ മകൾക്ക് വിവാഹ സമ്മാനമായി നൽകിയത് 5, 6 കോടി രൂപ വിലമതിക്കുന്ന കാർ (10 വർഷം മുമ്പ്). രാഷ്ട്രീയ ഗതി വിഗതികൾ നിയന്ത്രിക്കുന്ന പുകയില കുത്തകകൾ ലാഭം കൊയ്യുന്നത് നമ്മുടെ തലമുറയെ മാറാരോഗത്തിലേക്കും, മരണത്തിലേക്കും തള്ളിയിടുന്ന പാൻ മസാലകൾ വിറ്റു കൂട്ടുന്നതിലൂടെ...

കേരള സർക്കാർ പാൻ മസാല നിരോധിച്ചിരിക്കുകയാണ്. കുത്തകകളുടെയും, ബിനാമികളുടെയും ഭീഷണിക്കു മുന്നിൽ വഴങ്ങാതെ ഒരു സുധീര തീരുമാനം. പൊതുസ്ഥലത്തെ പുകവലി പോലെയും ചാരായ നിരോധനം പോലെയും ഇതും നിസ്സാരമായി കാണാതെ ആരോഗ്യത്തിന്റെ അവസാന നാഡിയെയും നശിപ്പിക്കുന്ന ഈ മാരക വിഷം പൂർണ്ണമായും ഇല്ലായ്മ ചെയ്യാൻ മതങ്ങളും, സംഘടനകളും മുന്നിട്ടിറങ്ങേണ്ട സമയം.

പായ്ക്കറ്റ് ഭക്ഷണ വസ്തുതകളുടെ പുറത്ത് ഒരു പച്ച അടയാളം (വെജിറ്റേറിയൻ സിംബൽ) മുദ്രണം ചെയ്തിട്ടുണ്ട്. പായ്ക്കറ്റിനുള്ളിൽ ഭക്ഷ്യവസ്തുവാണെന്നതാണ് അതിന്റെ സൂചന. പാൻ മസാലകളെ ഭക്ഷ്യവസ്തുക്കളിൽ ഉൾപ്പെടുത്തി എന്നതാണ് ക്രൂരമായ ഫലിതം.

സത്യവാൻ കൊട്ടാരക്കര കൺവീനറായ വിദ്യാഭ്യാസ സുരക്ഷാ സമിതിയാണ് പാൻ മസാലയ്ക്കെതിരെ ആദ്യമായി നിരത്തിലിറങ്ങിയ സംഘടന. പിന്നീട് രാഷ്ട്രീയ മത, സാമുദായിക നേതാക്കന്മാർ പ്രതികരിച്ചിരുന്നു.

പാൻ മസാല നിരോധിച്ചതിന് അത്ര കണ്ട് വാർത്താ പ്രാധാന്യം കിട്ടാതെ പോയി. രാഷ്ട്രീയ എഴുത്തുകൾക്കിടയിൽ. ഒരു സാമൂഹ്യ തിന്മയെ മാധ്യമങ്ങൾ കണ്ടില്ലെന്നു നടിച്ചു. പാൻ മസാല നിരോധനം മൂലം വർഷം 15 കോടി രൂപ നികുതിയിനത്തിൽ നഷ്ടമുണ്ടാകുമെന്ന് ഒരു പത്രം എഴുതിക്കളഞ്ഞു. പാൻ മസാലമൂലം വരുന്ന രോഗ ചികിത്സയ്ക്ക് സർക്കാർ മുടക്കുന്ന പണം ഇതിനിരട്ടിയാണ്.

ഈ മാരക വ്യാധിക്കെതിരെ നിരവധി സംഘടനകൾ സമരമുഖത്തെത്തിയിട്ടുണ്ട്. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ലഹരി വിരുദ്ധ സന്ദേശ യാത്ര നടത്തിയിരുന്നു. പാൻ മസാലയ്ക്കെതിരേ ശക്തമായ ഭാഷയിൽ 2006 ജൂൺ 8-ന് കാലം ചെയ്ത പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ ഇടയലേഖനം പുറപ്പെടുവിച്ചിരുന്നു.

- **വായിലെ ക്യാൻസറിന് മുഖ്യ കാരണം പാൻമസാലയാണ്. പാൻപരാഗ്. ശംഭു, തുളസി, ഖൈനി ഖൈനി, ഹാൻസ് മുതലായ നൂറോളം ഇനങ്ങൾ വിപണിയിൽ സുലഭം.**
- **വാഹനങ്ങളിൽ നിന്നുള്ള പുക, ഹെറോയിൻ, ചുണ്ണാമ്പ്, ടാർ, ഡി.ഡി.റ്റി., ഉറക്ക ഗുളിക, ഗുളിക, കഞ്ചാവിന്റെ എണ്ണയിൽ വറുത്ത അടയ്ക്ക, വായിൽ മുറിവുണ്ടാക്കി ലഹരി വേഗത്തിൽ ഉള്ളിൽ പ്രവേശിക്കാൻ കുപ്പിച്ചില്ലിന്റെ പൊടി ഇവയാണ് പാൻമസാലയിലെ ചേരുവകൾ.**
- **ഇവ ഉപയോഗിക്കുന്നവരിൽ തലചുറ്റൽ, ഓർമ്മക്കുറവ്, പഠനത്തിൽ താല്പര്യക്കുറവ്, വായിൽ നീറ്റൽ മുതലായവ അനുഭവപ്പെടുന്നതിന് പുറമേ വായുടെ ചലനശേഷി നഷ്ടപ്പെട്ട് മാംസം അടർന്നുവീഴും. അതിവേദനയോടെ മരിക്കും. ഇതിനടിമയാൽ ഒരിക്കലും മോചനമില്ല.**
- **വിദ്യാർത്ഥികളിൽ 22% പാൻമസാലയ്ക്ക് അടിമകളാണ് (മാതൃഭൂമി) കേരളത്തിൽ പ്രതിമാസം 370 കിന്റൽ പാൻമസാല വിറ്റഴിക്കുന്നു (ദേശാഭിമാനി). വരുന്ന 10 വർഷങ്ങൾക്കകം ഇൻഡ്യയിലെ യുവാക്കളിൽ പാൻമസാലമൂലം ക്യാൻസർ കാട്ടുതീ പോലെ പടരും (ലോകാരോഗ്യ സംഘടന).**

■ ■

സകല ഭാരവും മുറുകെപ്പറ്റുന്ന രഹസ്യ പാപവും വിട്ട്, എന്റെയും ഭാര്യയുടെയും പ്രവർത്തന വഴികൾ പൂർത്തിയാക്കി. ഞങ്ങൾ നല്ല പോർ പൊരുതി, ഓട്ടം തികച്ചു; വിശ്വാസം കാത്തു.  എനിക്കും ഭാര്യക്കും (First Lady Income Tax Officer in Kerala) പരിശുദ്ധാത്മ ശക്തി നിത്യമായി ലഭിച്ചു.


വീട്ടിൽ എന്നെ എതിർക്കുന്നവരെ ഏറ്റവും ബലഹീനരാക്കി. ശത്രുക്കളേയും, പിശാചിനേയും, നുണയേയും, പൈശാചിക തന്ത്രങ്ങളേയും ജയിക്കുവാൻ എനിക്ക് പരിശുദ്ധാത്മ ശക്തി നിത്യമായി ലഭിച്ചു വിജയിച്ചു.












**T.V. Varghese,** Rtd Deputy Director of Education
**Kunjanam,** Rtd Income Tax Officer
Plot 74, Nehru Nagar, Thrissur-6

ഫാ. ജേക്കബ് മാത്യു, കാരിച്ചാൽ, വൈദിക സെമിനാരി






*2012 ജൂൺ 24*

## *പെന്തക്കോസ്തിക്കു ശേഷം നാലാം ഞായർ*

*(ലൂക്കോ. 10:1– 17, 21– 24)*

### അറിയിപ്പുകാരും സന്ദേശങ്ങളും

യേശുവിന്റെ പരസ്യശുശ്രൂഷയിൽ പന്തിരുവർക്കൊപ്പം എഴുപത് അറിയിപ്പുകാരെ തെരഞ്ഞെടുത്ത് നിയോഗിച്ചു എന്നും അവർക്ക് പന്തിരുവർക്കു സമാനമായ തർജ്ജനങ്ങൾ നൽകി എന്നും വേദഭാഗം (ലൂക്കോ.10:1–17, മത്താ. 10:5–16). മുൻലക്കത്തിൽ ശ്ലീഹന്മാരെ നിയോഗിച്ചതിനെക്കുറിച്ച് നല്കിയ വിശദീകരണം ഒപ്പം വായിക്കുമല്ലോ. അവ തമ്മിലുള്ള സമാനത കണക്കിലെടുത്ത്, വി. കുർബാനയിലെ ഏവൻഗേല്യോനൊപ്പം പ്രഭാത വായനകൂടെ ചേർത്ത് പ്രസംഗക്കുറിപ്പ് തയ്യാറാക്കുന്നു. ത്രിവിധ സന്ദേശങ്ങൾ.

**i) അറിയിപ്പുകാരുടെ തെരഞ്ഞെടുപ്പും ശുശ്രൂഷയും നല്കുന്ന സന്ദേശം**

ആവർത്തിച്ചു വരുന്ന പരാമർശങ്ങളാൽ എഴുപത് എന്ന സംഖ്യ തന്നെ യഹൂദന്മാർക്ക് പ്രിയപ്പെട്ടതായി കാണുന്നു (പുറ. 15:27, സംഖ്യാ. 11:24, ഉല്പ. അ. 10). അറിയിപ്പുകാർ ആരൊക്കെ എന്നതിന് വേദസൂചനയില്ല എങ്കിലും പിതാക്കന്മാരുടെ എഴുത്തുകളിൽ അറിയിപ്പുകാരുടെ പേരുകൾ നല്കിയിട്ടുണ്ട്. അതിൻപ്രകാരം ബർന്നബാസും, തീത്തോസും, തീമോത്തിയും, സുവിശേഷകന്മാരായ ലൂക്കോസ് മർക്കോസ് മുതലായവരും, ഒനേസിമോസും, ഫിലമോനും, ഒനേസിഫോറസും, രൂഫോസും അറിയിപ്പുകാരിൽ ഉൾപ്പെടും. അറിയിപ്പുകാർ എഴുപത്തിരണ്ട് എന്നുള്ള പാരമ്പര്യവും അതിൽ ലാസറസ് ഉൾപ്പെടുന്നു എന്നും രേഖപ്പെടുത്തിയിരിക്കുന്നു (വി. യൗസേബിയസ്) യേശുവിന്റെ പരസ്യശുശ്രൂഷയ്ക്ക് മുന്നൊരുക്കമായാണ് അറിയിപ്പുകൾ പ്രവർത്തിക്കുക: അവിടുന്ന് പോകേണ്ടുന്ന സ്ഥലങ്ങൾ നിശ്ചയിച്ചു കഴിഞ്ഞാൽ ആ സ്ഥലങ്ങളിലേക്ക് അയയ്ക്കപ്പെടുകയാണ് അറിയിപ്പുകാർ. പന്തിരുവരെപ്പോലെതന്നെ ശ്രമകരവും അച്ചടക്കമുള്ളതുമായ പ്രവർത്തനമാണ് അവരിൽ നിന്ന് പ്രതീക്ഷിക്കുന്നത്. വഴിയിൽ വന്ദനം ചെയ്യുന്നതുപോലും വിലക്കിയിരിക്കുന്നത് ദൂരൂഹമെന്നും മര്യാദരഹിതം എന്നും തോന്നാമെങ്കിലും സ്വന്ത കാര്യങ്ങൾക്കുപോലും സമയം നഷ്ടമാക്കാത്തത്ര തിടുക്കം ചുമതലാ നിർവഹണത്തിലുണ്ടാകണമെന്നതും അത് നിഷ്ഠയുടെ ഭാഗമാണെന്നതും ശ്രദ്ധേയം (ശേഷം വിശദീകരണം മുൻലക്കത്തിൽ ചേർത്തിരിക്കുന്ന് കാണുമല്ലോ). ചെന്നായ്ക്കളുടെ ഇടയിൽ ആടുകളെപ്പോലെ അറിയിപ്പുകാർ അയയ്ക്കപ്പെടുന്നത് ചെന്നായും ആടും ഒരുമിച്ചു പാർക്കുന്നതായുള്ള പ്രവചനത്തിന്റെ നിവർത്തിയാണത്രെ. (യെ. 11:6, 65:25, വി. അംബ്രോസ്)

**ii) സ്വർഗ്ഗപ്രാപ്തിയുടെ മുൻഗണനാക്രമം നല്കുന്ന സന്ദേശം (W. 17-20)**

അറിയിപ്പുകാരുടെ പ്രവർത്തനവും റിപ്പോർട്ടിങ്ങും ഒരിക്കലായിട്ടുള്ള കാര്യം മാത്രമാകാനിടയില്ല. അത് യേശുവിന്റെ പരസ്യശുശ്രൂഷയിൽ ഉടനീളം ആവശ്യമായിട്ടുള്ളതു തന്നെ. നല്കിയിട്ടുള്ള വിവരണം അനുസരിച്ച് "ആ എഴുപതു പേർ സന്തോഷത്തോടെ മടങ്ങി വന്നു" (വാ. 17). അവരുടെ പ്രവർത്തനത്തിൽ, കർത്തൃനാമത്തിൽ ഭൂതങ്ങൾ അവർക്കു കീഴടങ്ങുന്നു, പാമ്പുകളുടെയും തേളുകളുടെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ അധികാരം ലഭിക്കുന്നു. വിരുദ്ധ ശക്തികളോടെതിരിടുന്നു എങ്കിലും ഒരു ദോഷവും അവർക്കു ഭവിക്കുന്നില്ല (വാ. 17–19), എന്നിങ്ങനെയുള്ള കാര്യങ്ങളാൽ അവർ ഏറെ സന്തുഷ്ടരാണ്. എന്നാൽ യേശു അവരോട് പറയുന്നത് അക്കാര്യമൊന്നുമല്ല, സ്വർഗ്ഗപ്രാപ്തിയുടെ മുൻഗണനാക്രമമാണ് യേശു അവരെ അറിയിക്കുന്നത് (വാ. 20). ശിഷ്യന്മാരുടെയോ അറിയിപ്പുകാരുടെയോ പ്രവർത്തനത്തിൽ നല്കേണ്ട ഊന്നൽ എന്താവണം? അവരുടെ priority എന്തായിരിക്കണം: 'സ്വർഗ്ഗവിചാരം മുന്ന വിചാരം' അതാകണം അവരുടെ പ്രധാന പരിഗണന. എന്നാൽ അത് ആത്മീയ കാര്യങ്ങളുടെ വിശദീകരണത്തിൽ മാത്രം ഒതുങ്ങി നില്ക്കേണ്ടവയോ? ഒരിക്കലുമല്ല, ആത്മീയ ഉപകാരങ്ങളും അതിന്റെ തുടർച്ചയുണ്ടാകണം. 'രോഗികളെ സൗഖ്യമാക്കുവിൻ', 'മരിച്ചവരെ ഉയർപ്പിപ്പിൻ', 'കുഷ്ഠരോഗികളെ ശുദ്ധരാക്കുവീൻ' 'ഭൂതങ്ങളെ പുറത്താക്കുവിൻ' തുടങ്ങിയ ആത്മീയ ഉപകാരങ്ങൾ യേശു കല്പിച്ചിരിക്കുന്നു. "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പീൻ" "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു ഘോഷിപ്പിൻ" ആത്മീയ ഉപകാരങ്ങൾ നിവർത്തിപ്പിൻ' എന്നിങ്ങനെയുള്ള തർജ്ജനങ്ങൾ സ്വർഗ്ഗവിചാരത്തിന്റെ മുൻഗണന വിജയിച്ചറിയുന്നവ തന്നെ. സ്വർഗ്ഗരാജ്യം ഭൂക്ഷണമോ പാനീയമോ അല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമാണ് (റോമ. 14:17) എന്ന് വി. പൗലൂസ്.

**iii) ജീവിതഭാഗ്യം തിരിച്ചറിയുന്നതിലെ സന്ദേശം (10:21–24)**

അറിയിപ്പുകാരുടെ അനന്യമായ ഭാഗ്യാവസ്ഥ യേശുവിന്റെ പ്രാർത്ഥനാ വാക്കുകളിലൂടെയും വിവരണങ്ങളിലൂ

ടെയും സുവിശേഷകൻ നല്കുന്നു. ഇക്കാര്യം തന്നെയാണ് പന്തിരുവരോടു ബന്ധിപ്പിച്ചും സുവിശേഷകൻ അവതരിപ്പിച്ചിരിക്കുന്നത്. (മത്താ. 11:25–27, 13:16–17, ലൂക്കോ. 10:21–24). പ്രവാചകന്മാരും രാജാക്കന്മാരും ഇസ്രായേലിന്റെ ആത്മീക-ഭൗതീക പൈതൃകത്തിൽ നേതൃസ്ഥാനം അലങ്കരിച്ച സുപ്രധാന കണ്ണികളാണ്. അവർപോലും ദർശിച്ചിട്ടില്ലാത്ത മഹത്വമാണ് അറിയിപ്പുകാരും പന്തിരുവരുമായ ശ്ലീഹന്മാർക്ക് ലഭിച്ചിട്ടുള്ളത് എന്ന് യേശുവിന്റെ വാക്കുകൾ. ലൂക്കോ. 10:21–24 ഭാഗം, ആദ്യം പിതാവിനോടുള്ള സ്തുതിപ്പായും ശേഷം ആത്മഗതമായും, അവസാനഭാഗം ശിഷ്യന്മാരോടുള്ള 'പറച്ചിലായും' (വാ. 24) ചേർത്തിരിക്കുന്നു. വാ. 20-ൽ എഴുതിയിട്ടുള്ള രണ്ടു കാര്യങ്ങളും ആത്മിക ഉപകാരങ്ങളും, അടയാള നിർവഹണവും ഒപ്പം സ്വർഗ്ഗത്തിൽ ചേർക്കപ്പെടുന്ന അനുഭവവും -ഒരുപോലെ അവർക്ക് വാഗ്ദാനം ചെയ്യപ്പെടുന്നതായും നിവർത്തിക്കപ്പെടുന്നതായും വേണം എടുക്കുവാൻ. അലക്സാന്ദ്രീയയിലെ വി. സിറിലും, വി. ക്ലെമന്റും, വി. ജോൺ ക്രോസോസ്റ്റവും ഇക്കാര്യം ധ്യാനപരമായി സൂചിപ്പിച്ചിട്ടുണ്ട്. ദൈവിക ശുശ്രൂഷക്കുള്ള ഭാഗ്യം വി. പൗലൂസ് വിവരിക്കുന്നത് 'ആത്യന്ത ശക്തി' എന്ന നിലയിലാണ് (2 കൊരി. 4:1–7) (ഒപ്പം വായിക്കാം. മത്താ. 11:11, 2 കൊരി. 3:6, 1 യോഹ. 3:1, 5:1, 1 പത്രോ. 2:9) ദൈവത്തെ അറിവാനും, അവിടുത്തേതിൽ വിശ്വസിപ്പാനും, ആരാധിപ്പാനും ലഭിക്കുന്ന അവസരത്തെ ഭാഗ്യമായി കണക്കാക്കേണ്ടതല്ലേ? മറ്റ് ഫലത്തിനും വേണ്ടി നന്മകൾ നാം ദൈവത്തെ നന്ദിയോടെ സ്മരിക്കാറുണ്ട്, എന്നാൽ ദൈവ'കൃപ' ഓർത്ത് സ്തുതിക്കുന്നത് വിട്ടുകളഞ്ഞുവോ? വിശകലനം സാധ്യം.

*ജൂലൈ 1*

## പെന്തിക്കോസ്തിക്കു ശേഷം അഞ്ചാം ഞായർ

*(ലൂക്കോ. 9:10–17)*

യേശുക്രിസ്തുവിന്റെ സഞ്ചാരപ്രവർത്തനങ്ങളിലെ ഏടുകളാണ് വി. ലൂക്കോസ് ഏട് ഒൻപത് പത്ത് അധ്യങ്ങളിലായി ആഖ്യാനരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. യേശു, 'ദൈവരാജ്യം പ്രസംഗിച്ചും സുവിശേഷിച്ചും കൊണ്ട് പട്ടണം തോറും സഞ്ചരിച്ചു എന്നും അവനോടു കൂടെ പന്തിരുവരും....' (8:1–2) എഴുപതു അറിയിപ്പുകാരും (10:1) വലിയൊരു പുരുഷാരവും (8:4,40) ചില പ്രത്യേക വ്യക്തികളും രക്തസ്രവക്കാരിയും, പള്ളി പ്രമാണിയും, അമ്മയും സഹോദരരും, ഹെരോദാവും) അതിൽ പങ്കാളികളും ഗുണഭോക്താക്കളും, പരാമർശിതരും ആയി അവതരിപ്പിച്ചിരിക്കുന്നു. അയയ്ക്കപ്പെട്ട അപ്പോസ്തോലന്മാരായ പന്തിരുവരുടെ പ്രവർത്തനം സംബന്ധിച്ചുള്ള റിപ്പോർട്ടിങ്ങും അപ്പം വർദ്ധിപ്പിക്കലും ആണ് വേദഭാഗത്തുള്ളത് (ലൂക്കോ. 9:10–17). ചില ആശയങ്ങൾ:

### 1. പന്തിരുവർക്കൊപ്പം വാങ്ങിപ്പോകുന്ന യേശു

യേശുവിന്റെ പ്രവർത്തനങ്ങൾ എപ്പോഴും പുരുഷാരത്തെ ആകർഷിക്കുന്നതായിരുന്നു. വലിയ പുരുഷാരം കൂടി വന്നു എന്ന് വേദഭാഗം (8:1,40). അവനെ തിരഞ്ഞ് അവർ ഗ്രാമങ്ങൾ താണ്ടിയും ഗലീല മുതൽ കുന്നും എത്തിക്കൊണ്ടിരുന്നു. നേരം വൈകിയും അവനൊപ്പം ആയിരിക്കുന്ന ആ പുരുഷാരം നിമിത്തം ഭക്ഷണം കഴിക്കുവാൻ പോലും വഹിയാത്ത സാഹചര്യം യേശുവിനും പന്തിരുവർക്കുമുണ്ടായത്രെ. എന്നാൽ തിരക്കിന്റെ മധ്യത്തിൽ നിന്ന് വേറിട്ട് ആശ്വസിക്കാനും പിൻവാങ്ങി പ്രാർത്ഥിപ്പാനും യേശു ശ്രദ്ധിച്ചു. ലൂക്കോ. 9:10 അറിയിക്കുന്നത് 'യേശു സ്വശിഷ്യന്മാരെ കൂട്ടിക്കൊണ്ട് ബേത്ത്സയിദ പട്ടണത്തിലേക്ക് തനിച്ച് വാങ്ങിപ്പോയി' എന്നാണ്. യേശു തനിയെ വാങ്ങിപ്പോകുന്ന സന്ദർഭങ്ങൾ സുവിശേഷങ്ങളിലൂണ്ടെങ്കിലും (മത്താ. 14:13) ഇവിടെ അങ്ങനെയല്ല; യേശു തന്റെ ശിഷ്യരുമൊത്ത് സ്വകാര്യനിമിഷങ്ങൾക്കായി വേറിട്ടുപോയി എന്നാണ്. തനിക്ക് പിതാവിനോടുള്ള സമ്പർക്കത്തിൽ അവരെ ചേർക്കുവാനും ഉള്ള സ്വകാര്യ നിമിഷങ്ങളാണത്. കുടുംബാംഗങ്ങൾക്ക് ദമ്പതികൾക്ക്, മാതാപിതാക്കൾക്കും കുട്ടികൾക്കും പരസ്പരം അറിയാനും അറിയിക്കുവാനും പങ്കിടുവാനും ഉള്ള സ്വകാര്യത മാനിക്കപ്പെടുന്നുണ്ടോ? പൊതുപ്രവർത്തനമോ, ഔദ്യോഗിക കൃത്യാന്തര ബാഹുല്യമോ ഈ സ്വകാര്യത ഹനിക്കുന്നതിനിടയാക്കുന്നുണ്ടോ? വിശകലനം സാധ്യം. 'പകൽ സമയത്തെ അധ്വാനങ്ങളിൽ നിന്ന് വേറിട്ട് ക്രിസ്തു സാന്നിധ്യം അനുഭവിപ്പാനുള്ള സന്ധ്യായാമങ്ങൾ ഭവനങ്ങളിൽ ക്രമീകരിക്കപ്പെടണം. അത് സംഘമായ കൂടിവരവ് എന്നതിലും കുടുംബാരാധനയുടെ നിമിഷങ്ങളാകുന്നത് അർത്ഥവത്തും ഊഷ്മളവും ആകും. സഭയിലും സമൂഹത്തിലും സ്ഥാനികളും ഭരണീയരും തമ്മിലും ഈ ബന്ധം ഊട്ടി ഉറപ്പിക്കപ്പെടുക തന്നെ വേണം. സാധാരണ ജോലിയാത്രകൾക്കോ, തുടരെയുള്ള വിദേശ യാത്രകൾക്കോ ഇടയിലുള്ള ഒരുക്കനാൾ മാത്രമായി സാധാരണ ദിനങ്ങളെ കാണുന്നവർക്ക് (വീട് സത്രമായി കണക്കാക്കപ്പെടുന്നവർക്ക് ഇത് ഉപരിപ്ലവം മാത്രമാകാം: എങ്കിലും അതിനർത്ഥമുണ്ടെന്നറിയുക ആവശ്യം.'

ക്രിസ്തുവിന്റെ വേറിട്ടുമാറൽ ഒരു ധ്യാനം തന്നെ. രമണ മഹർഷി എഴുതും പോലെ ഏകാഗ്രതയോടെ ചെയ്യുന്ന ഒരു വൃത്തി പ്രവർത്തി, മനുഷ്യരുടെ പലതായിരിക്കുന്ന മനോവൃത്തികളെ അകറ്റുന്നു എന്നും അതാണ് ധ്യാനം എന്നും അറിയുക. ചിലതിൽ നിന്നു വേറിട്ട് ചില പ്രധാന കാര്യങ്ങൾക്കായി സമയം കണ്ടെത്തുന്നത് ധ്യാനം, അലസത വിട്ട്, ഏകാഗ്രതയിൽ നല്ലതു പ്രവർത്തിക്കുക തന്നെ ധ്യാനം.

### ദൈവരാജ്യവും രോഗശാന്തിയും കല്പിക്കുന്ന യേശു

യേശുവിന്റെ ദൈവരാജ്യ സംസ്ഥാപനത്തിനുള്ളവയായിരുന്നു. ദൈവരാജ്യ മൂല്യങ്ങളിൽ നിലനില്ക്കുന്നവരെ യേശുവിന്റെ പരസ്യശുശ്രൂഷയുടെ വിജയവും പൂർത്തീകരണവും. പരസ്യശുശ്രൂഷയുടെ മുഖ്യ ലക്ഷ്യം ദൈവരാജ്യം തന്നെ; ഒപ്പം രോഗസൗഖ്യം വേണ്ടവരെ സൗഖ്യമാക്കുകും ചെയ്തു എന്നു മാത്രം. ഈ ഊന്നൽ സുവിശേഷങ്ങളിലും പ്രത്യേകിച്ച് ക്രിസ്തു ശിഷ്യരുടെ ലേഖനങ്ങളിലും വ്യക്തമാക്കപ്പെട്ടിരിക്കുന്നു. മുഖ്യം ഈ രോഗസൗഖ്യം എന്നുള്ള തരത്തിൽ ചില ആധുനിക കൂട്ടങ്ങൾ ദൈവരാജ്യ പ്രവർത്തനങ്ങളെ അവതരിപ്പിക്കുന്നത് ആദിമ സഭയുടെയും ക്രിസ്തുവിന്റെ പന്തിരുവരുടെയും താല്പര്യത്തിനു വിരുദ്ധം തന്നെ. സൗഖ്യം, ദൈവരാജ്യത്തിനു വിരുദ്ധം എന്ന നിഗമനമല്ല ഇവിടെ. ദൈവരാജ്യാനുഭവത്തിനു മുഖ്യ പ്രാധാന്യം കല്പിക്കുമ്പോൾ മറ്റെല്ലാം അപ്രധാനമെന്നേ വരൂ. (വി. അംബ്രോസ്) ആന്തരിക സംഘർഷങ്ങളാലോ മറ്റ് ശാരീരിക നൊമ്പരങ്ങളാലോ വിഷമിക്കുന്നവരെ ഗൗനിക്കേണ്ടതില്ല എന്നല്ല ദൈവരാജ്യത്തിന്റെ പ്രാധാന്യത്തിനു കടകവിരുദ്ധമായ ഊന്നലുകൾ അരുത് എന്നതാവും ശരി. സുവിശേഷങ്ങൾ നല്കുന്ന സൂചനകളിലേക്ക് കണ്ണോടിക്കാം (i) മർക്കോ. 8:34–38, "ആരെങ്കിലും എന്റെയും സുവിശേഷത്തിന്റെയും നിമിത്തം തന്റെ ജീവനെ കളഞ്ഞാൽ അതിനെ രക്ഷിക്കും" (വാ. 35) ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും തന്റെ ജീവനെ കളയുകയും ചെയ്താൽ അവന്നു എന്തു പ്രയോജനം? (വാ. 36) (ii) ".....അവസാനത്തോളം സഹിച്ചു നില്ക്കുന്നവർ രക്ഷിക്കപ്പെടും (13:13) (iii) 'പക്ഷവാതക്കാരന്റെ പാപങ്ങൾ മോചിക്കപ്പെടുന്നത് രോഗസൗഖ്യത്തിലും പ്രാധാന്യവും മുൻഗണനാർഹവുമായ കാര്യം തന്നെ (2:5,9)

iii) പശിയകറ്റൽ, സ്വശിഷ്യന്മാരുടെ ചുമതലയെന്നു കല്പിക്കുന്ന യേശു

"എന്റെ വിശപ്പ് എന്റെ ശാരീരിക പ്രശ്നമാണെങ്കിൽ എന്റെ സഹോദരന്റെ വിശപ്പ് എന്റെ ആത്മാവിനെ ബാധിക്കുന്ന പ്രശ്നമാണ്." നാലു സുവിശേഷങ്ങളിലും കാണുന്ന അപ്പം വർദ്ധിപ്പിച്ച് പുരുഷാരത്തെ പോഷിപ്പിക്കുന്ന യേശുവിന്റെ അത്ഭുത പ്രവർത്തിയിലൂടെ വിവരണത്തിലെ ഒരു പ്രധാന കല്പനയാണിത്: 'നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ' തങ്ങൾ ആയിരിക്കുന്നത് 'മരുഭൂമി

യിൽ ആണെന്നതോ' (ലൂക്കോ. 9:12) 'പകൽ കഴിവാറായി (നേരം വൈകി)' എന്നതോ (വാ. 13) തങ്ങൾ തീറ്റിപ്പോറ്റേണ്ടതു "വലിയ പുരുഷാരത്തെ" ആണെന്നതോ (മർക്കോ. 6:34) അത്ര വലിയ കൂട്ടത്തിന് ഇരുനൂറുപണത്തിന് അപ്പം വാങ്ങിയാലും തികയില്ല എന്നതോ (മർക്കോ. 6:37), ആ ചുമതലയിൽ നിന്നൊഴിയാനുള്ള കാരണമായി യേശു അംഗീകരിച്ചു കൊടുക്കുന്നില്ല: "നിങ്ങൾ തന്നെ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ" (ലൂക്കോ. 9:13) എന്നതാണ് യേശുവിന്റെ കല്പന.

വിശപ്പകറ്റലിന്റെ ആവശ്യം, തോത്, സാഹചര്യം എന്നിവ ആധുനിക സാഹചര്യത്തിൽ ഏറെ മാറിയിരിക്കുന്നു. ഭക്ഷ്യസുരക്ഷാ ക്രമീകരണങ്ങളുടെ മെച്ചം താഴെത്തട്ടിൽ ശക്തമാണിന്ന്. എന്നാൽ പശിയകറ്റലിന്റെ ബഹുമുഖമാനങ്ങൾ ആശങ്കാപരമായിതന്നെ നിലകൊള്ളുന്നുണ്ട്, രോഗങ്ങൾ, അധ്വാനത്തിന് സാധിക്കാത്ത മറ്റ് ഞെരുക്കങ്ങൾ (constructions), ആക്കിയഴിക്കലിന് ആളില്ലാത്ത ഭവന സാഹചര്യങ്ങൾ, വ്യക്തിതലത്തിലെ ദുഃശീലങ്ങളോ സാമൂഹികമായ മറ്റ് പ്രശ്നങ്ങളോ ഒക്കെ സൃഷ്ടിക്കുന്ന വിഷമവൃത്തത്തിൽ പശിയകറ്റലിന് ദൂരവ്യാപകമായ അനേക മാനങ്ങളുണ്ട്. വിശകലനം സാധ്യം. മൂന്നു ദിവസമായി ഒപ്പം ആയിരിക്കുന്ന ജനത്തിന്റെ വിശപ്പടക്കുന്ന സംഭവം. പുറ. 5:3 ലെ 'മൂന്നു ദിവസത്തെ വഴി ദൂരം ചെന്ന്' യഹോവക്ക് യാഗം അർപ്പിക്കുന്ന വിവരണത്തോട് ചേർത്ത് വി. അംബ്രോസ് ധ്യാനിക്കുന്നു. വിശകലന സാധ്യത അതിലുണ്ട്.

### ജൂലൈ 8
## പെന്തിക്കോസ്തിക്കു ശേഷം ആറാം ഞായർ
*(മത്താ. 15:32-39)*

യേശുക്രിസ്തു എന്ന ദൈവത്തെയും പൂർണ്ണ മനുഷ്യനെയും സംബന്ധിച്ച് മനുഷ്യരോടും സർവ്വപ്രപഞ്ചത്തോടും ചേർത്ത് അവിടുത്തെ കരുണയെയും കരുതലുള്ള ഇടപെടലിനെയും (interventions) അറിയിക്കുന്ന സദ്വാർത്തയാണ് ഏവൻഗേലിയോൻ. ഇന്നത്തെ വേദഭാഗം ക്രിസ്തുവിന്റെ താദൃശങ്ങളായ ത്രിവിധ ഭാവങ്ങളെക്കുറിച്ച് അറിയിക്കുന്നതായി കരുതാം.

**(i) മനസ്സലിവറിയിക്കുന്ന കർത്താവ്**

യേശുവിനെ വരച്ചു കാട്ടുന്ന സുവിശേഷകർ, അവിടുത്തെ സ്ഥായീഭാവമായി അവതരിപ്പിക്കുന്നത് മനസ്സലിവിന്റേതാണ് (മർക്കോ. 6 [34], ലൂക്കോ. 7 [47-48], മത്താ.15:32, ലൂക്കോ. 4:18-19, റോമ. 12:1, ഫിലി. 2:1-2). ഈ ആശയം മുൻലക്കങ്ങളിൽ വിശദീകരിച്ചിരുന്നു. (ഗർബ്ബോ ധ്യാനം. ലൂക്കോ. 5:12-16). ശിഷ്യവൃന്ദത്തിനിടയിൽ 'വലിയവൻ ആര്" എന്ന ചിന്ത ഉണ്ടായിരുന്നു എങ്കിലും അവർ ഈ മനസ്സലിവിലേക്ക് വളരുന്നതായി വേണം കരുതാൻ (ഗലാ. 2:9, മത്താ. 15:23). മനസ്സലിവറിയിക്കുന്ന കർത്താവിനെ അവതരിപ്പിക്കുന്ന സംഭവ വിവരണമാണ് അപ്പം വർദ്ധിപ്പിക്കലിന്റേതായി വി. മത്തായി നല്കിയിരിക്കുന്നത്. ഗലീലാക്കടലിന്റെ സമീപപ്രദേശങ്ങൾ യേശുവിന്റെ പ്രവർത്തനങ്ങളിൽ ഏറെ സമയം ചെലവഴിച്ച സ്ഥലങ്ങളാണ്. അവിടെവച്ച് നടന്നിട്ടുള്ള രോഗസൗഖ്യം വിടുതൽ എന്നിവയ്ക്കൊപ്പം ഈ സംഭവവും തന്റെ മനസ്സലിവിലേക്ക് വാതിൽ തുറക്കുന്നു. 'സൂര്യകാന്തി' എന്ന കവിതയിൽ ജി. ശങ്കരക്കുറുപ്പ് ദിനകരശോഭകണ്ട് മനംനിറഞ്ഞ സൂര്യകാന്തിയുടെ സ്നേഹകാരുണ്യ ഉപനയനത്തെക്കുറിച്ച് എഴുതുന്നു:

"സൗമ്യമായ് പിന്നെപ്പിന്നെ
വിടരും കണ്ണാൽ സ്നേഹ-
രമ്യമായ് വീക്ഷിക്കുന്നു
തിരിഞ്ഞു തിരിഞ്ഞെന്നെ".

വീറോടെ വാദിക്കുവാനും കോപം പ്രകടിപ്പിക്കുവാനും ഉള്ള അവസരങ്ങൾ സാധാരണ ജീവിതത്തിൽ ദിനംതോറും ഉണ്ടാകാറുണ്ട്. അപ്പോഴൊക്കെ, അവയ്ക്ക് പകരം അടിസ്ഥാനകാരണമായ ദുഃഖം, പ്രതീക്ഷനഷ്ടം, നിരാശ എന്നിവ പ്രകാശിപ്പിക്കുമെങ്കിൽ എത്ര നന്ന് എന്ന് ഓർക്കാറുണ്ട്. പ്രാവർത്തികമാക്കാനായിട്ടില്ല. ശ്രമം തുടരാം. മനസ്സലിവും, കാരുണ്യവും ദുഃഖം പ്രകാശിപ്പിക്കുന്നത് സ്ഥായീഭാവമാക്കുവാൻ യത്നിക്കാം: എങ്കിൽ കോപം വിളിച്ചുവരുത്തുകയില്ല. മനസ്സലിവ് കൈമാറാനുമാകും. എന്നാൽ അപാരമായ സമചിത്തത പാലിക്കുന്ന ചില വ്യക്തികൾ 'പരനിന്ദ എന്ന വാൾചുഴറ്റിയാലും' ദ്യവ്യസ്നേഹത്തിന്റെ കാരിരിമ്പിനെ മുറിപ്പെടുത്താതെ സൂക്ഷിക്കും.

**(ii) നിങ്ങൾക്കുള്ളത് തരിക എന്നാവശ്യപ്പെടുന്ന കർത്താവ്**

ഒരു തലമുറയ്ക്കപ്പുറത്തേക്ക് നിലനില്ക്കേണ്ട ഏതു കാര്യവും പ്രസ്ഥാനവും ചില സഹകരണ തലങ്ങൾ കണ്ടെത്തേണ്ടതുണ്ട്. യേശു തന്റെ ശിഷ്യന്മാരുടെ സഹകരണം തേടിയാണ് അപ്പം വർദ്ധിപ്പിക്കലിന്റെ അത്ഭുതം നിർവഹിച്ചത് എന്ന് വേദഭാഗം. തന്റെ മനസ്സലിവ് ശിഷ്യന്മാരെ അറിയിക്കുന്നതും, നിങ്ങളുടെ പക്കൽ എത്ര അപ്പം ഉണ്ട് എന്നു ചോദിക്കുന്നതും (മത്താ. 15:34) പുരുഷാരത്തിനു വിളമ്പുവാൻ അപ്പം അവരെ ഏല്പിക്കുന്നതും (വാ. 36), ശേഷിച്ചവ ഒന്നും നഷ്ടപ്പെടുത്താതെ ശേഖരിക്കുവാൻ ആവശ്യപ്പെടുന്നതും (യോഹ. 6:12) ഈ സഹകരിപ്പിക്കൽ വെളിവാക്കുന്നു. ഉത്ഥിതനായ ക്രിസ്തുവിന് കയ്യും കാലും ഇല്ല എന്ന് സ്വകാര്യം: പ്രവർത്തിക്കുവാൻ തന്നിൽ വിശ്വസിക്കുന്നവരെ പ്രചോദിപ്പിച്ച് ഏല്പിച്ച കർത്താവ് ഇനി ശേഷിക്കുന്ന പ്രവർത്തനങ്ങൾ എല്ലാം ചെയ്യുവാൻ നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നു എന്നോർക്കാം. 'നിങ്ങൾ അവനെ എവിടെ വച്ചു'. എന്ന് അന്വേഷിച്ചുകൊണ്ട് ലാസറിന്റെ കല്ലറയ്ക്കൽ എത്തിയ യേശു 'കല്ല് നീക്കിത്തരുവാനും' ആവശ്യപ്പെടുന്നു (യോഹ. 11). 'ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം' എന്ന് അറിയിച്ചുകൊണ്ട് സുവിശേഷം ആരംഭിക്കുന്ന വി. മർക്കോസ്, ആറാം അദ്ധ്യായത്തിൽ വിവരിക്കുന്ന നിസ്സഹായനായ യേശുവെക്കുറിച്ചുള്ള കാര്യം ഇതിനൊപ്പം ചേർത്തു കാണാം. തന്നിൽ വിശ്വസിക്കാത്തവരുടെയിടയിൽ അത്ഭുതം പ്രവർത്തിക്കാനാവാത്ത ക്രിസ്തു പരസ്യശുശ്രൂഷയിൽ മാത്രമല്ല ഉത്ഥാനശേഷവും ബലഹീനമാക്കപ്പെടുന്നുവോ? ദൈവശക്തിയെ കെടുത്തുന്ന അവിശ്വാസികളുടെ മനസ്സ് (2 കൊരി. 4:14) നമ്മിലുണ്ടോ? സഹോദരങ്ങൾക്ക് (തനിക്ക് ഇടപെടാനുള്ള ആർക്കും) ഇടർച്ച വരുത്താത്ത സഹകരണ ജീവിതശൈലി വളർത്തിയെടുക്കണമെന്ന് യേശു കല്പിക്കുന്നത് വിശദമായിത്തന്നെ വി. മത്തായി ശ്ലീഹാ വിവരിക്കുന്നത് കാണാം. (മത്താ. 18:1-5, 6-14, 15-35)

**(iii) തൃപ്തരാക്കുവാൻ ക്രമീകരണമൊരുക്കുന്ന കർത്താവ്**

മുന്നെഴുതിയ ആശയംപോലെ ഒരു തലമുറയ്ക്കപ്പുറത്തേക്കു കടക്കേണ്ട ഏതു കാര്യത്തിനും സഹകരണം മാത്രംപോരാ അതിനുള്ള ക്രമീകരണം കൂടി ഉണ്ടായിരിക്കണം. യേശുക്രിസ്തു അതിനുള്ള തുടക്കം കുറിക്കുന്നതായി വേദഭാഗം. 'ധർമ്മം നല്കുന്നത് അമ്മയെങ്കിലും കുട്ടിക്കൊടുക്കട്ടെ' എന്ന പ്രമാണം തലമുറയ്ക്ക് ശീലം കൈമാറാനുദ്ദേശിച്ചുള്ളതാണ്. യേശു സ്വശിഷ്യരിൽ നിന്ന് 'അപ്പപ്പൊതി' വാങ്ങി വർദ്ധിപ്പിച്ച് ശിഷ്യന്മാരെ ഏല്പിക്കുകയും അധികം വന്നവ ശേഖരിക്കുവാൻ കല്പിക്കുന്നതും നിലനിന്നുപോകേണ്ട ഉതവിയുടെ പ്രവർത്തിയെ സൂചിപ്പിക്കുകയല്ലെ. പുരുഷാരത്തിനും പന്തിരുവർക്കും തൃപ്തിവരുത്തുകയാണ് യേശുവിന്റെ ഉദ്ദേശം. അത് പൂർത്തീകരിക്കുക എന്നത് ഒരിക്കലായി നിർവഹിക്കേണ്ട കാര്യം മാത്രമല്ല: എന്നും തുടരേണ്ടവ തന്നെ. ക്രിസ്തുഭാവം ഉള്ളവരാകാൻ നമുക്ക് യത്നിക്കാം, പുനരായി സമർപ്പിക്കാം.

### ജൂലൈ 15
## പെന്തിക്കോസ്തിക്കു ശേഷം ഏഴാം ഞായർ
*(മർക്കോ. 3:20-30)*

യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷ കേന്ദ്രീകരിച്ചുള്ള വി. മർക്കോസിന്റെ സുവിശേഷത്തിലെ വിവരണം അതിന്റെ പ്രത്യേകതകളോടെ പുരോഗമിക്കുന്നു. സിനഗോഗിലെ പ്രാർത്ഥനാ സമയത്തുള്ള കാര്യം. ഗലീല കടല്ക്കരയിലെ പുരുഷാരത്തിന്റെ താല്പര്യപൂർവ്വമായ കൂടിച്ചേരൽ, ഗലീലയുടെ കിഴക്കുഭാഗത്തുള്ള മലയിൽ വച്ചുള്ള പ്രത്യേക കൂടിവരവ്, ഗലീലയിലെ ഭവന

ത്തിൽ ഊഷ്മളത അനുഭവിക്കേണ്ട സമയം, അവിടുണ്ടായ കല്ലുകടികൾ, അമ്മയും സഹോദരങ്ങളെയും ചേർത്ത് ദൈവഹിതം ചെയ്യേണ്ടതിന്റെ ആവശ്യകത അറിയിക്കുന്ന കാര്യങ്ങൾ എന്നിവ അയത്നലളിതമായി വിവരിച്ചിരിക്കുന്നു. വി. മർക്കോസ് മൂന്നാം അദ്ധ്യായത്തിൽ. വേദവായനാ ഭാഗം അടിസ്ഥാനമാക്കി ഋണാത്മകമായ മൂന്നു കാര്യങ്ങളെക്കുറിച്ചുള്ള ധനാത്മക ചിന്തകൾ പങ്കിടാം.

**(i) നിലനില്പ് അസാദ്ധ്യമാക്കുന്ന ഛിദ്രത**

ഗലീലയിലെ നസറേത്ത് ആണ് സ്ഥലം. സ്വഗൃഹത്തിൽ എത്തി എങ്കിലും ഭക്ഷണം കഴിപ്പാൻ പോലും വഹിയാതവണ്ണം പുരുഷാരം തിങ്ങിയിരിക്കുന്നു: വേദഭാഗത്ത് പരാമർശിക്കപ്പെടുന്ന ചാർച്ചക്കാർ ആരെന്ന് കൃത്യമായി നിർണ്ണയിക്കുക പ്രയാസം. അത്ഭുത പ്രവർത്തകനും പുരുഷാരത്തിന്റെ പ്രിയ പ്രഭാഷകനും ആയ യേശു ഭൂതങ്ങളുടെ തലവനായ ബെത്സെബൂലിനെക്കൊണ്ടാണ് അത്ഭുതം പ്രവർത്തിക്കുന്നത് എന്ന് ആരോപണം ഉണ്ടാകുന്നു. യേശുവിന്റെ മറുപടി, അവരോട് നേരിട്ട് എതിരിട്ടുകൊണ്ടല്ല. അവരെ ഗൗനിക്കാതെയുമല്ല യേശു മറുപടി അറിയിക്കുന്നത്. യേശുവിന്റെ മറുപടി ഉപമയിലൂടെയാണ്. തിന്മയും മനുഷ്യർക്ക് ഉപദ്രവകരവുമായവയാണ് സാത്താന്യപ്രവർത്തി. യേശുവിന്റേത് ജനോപകാരപ്രദവും. ഈ വിരുദ്ധത ചൂണ്ടിക്കാണിച്ചുകൊണ്ട് യേശു പറയുകയാണ് നന്മയുടെ പ്രവൃത്തി തിന്മയുടെ സഹായത്താൽ ചെയ്യുവാൻ എങ്ങനെ സാധിക്കും? ഈ ആശയം വിശദമാക്കുന്ന ഉപമയാണ് തുടർന്ന്: അതിനടിസ്ഥാനമായ ആശയം അത് ഒന്നാമത്തെ ചിന്ത: ഛിദ്രത നിലനില്പ് അപകടത്തിലാക്കുകയും അസാധ്യമാക്കുകയും ചെയ്യും. ഛിദ്രീക്കുന്ന ഭവനം, രാജ്യം, പ്രസ്ഥാനം, സ്ഥാപനം, വ്യക്തി – നശിക്കുക തന്നെ അതിന്റെ പര്യവസാനം. വിശകലന സാധ്യത അതിലുണ്ട്. അടിസ്ഥാനങ്ങൾ മറിഞ്ഞുപോയാൽ... എന്തുചെയ്യും എന്ന ചോദ്യത്തിനുത്തരം ഋണാത്മകമാകും. വ്യക്തി ഉള്ളിൽ ഛിദ്രിക്കപ്പെടാതെയിരിക്കുക, വ്യക്തിയുടെ പുരോഗതിക്കുമാത്രമല്ല നിലനില്പിനുതന്നെ ആവശ്യം എന്ന് മനശാസ്ത്രം. വിശകലനം സാധ്യം. പ്രലോഭനങ്ങൾ ആകുന്ന തിരമാലകളിൽ ഉലഞ്ഞ് ഉള്ളിൽ വെള്ളം കയറുന്ന വഞ്ചി (കോണി) പോലെയായിരിക്കുന്നു ഇന്ന് മനുഷ്യജീവിതം. ഓർമ്മക്കും സ്വപ്നങ്ങൾക്കുമിടയിലെ ഇന്നിന്റെ ജീവിതത്തെ ഛിദ്രമാക്കുന്ന വാസനകളെ തിരിച്ചറിഞ്ഞുപേക്ഷിക്കുവാൻ മനുഷ്യർക്ക് നല്ല ഓർമ്മ ഉണ്ടാകണമെന്ന് പൗലൂസ് മാർ ഗ്രീഗോറിയോസ്. Memory is far more than mere recall, it means living in a particular way that is in accord with one's past. നല്ല പൈതൃകത്തോടു തലമുറയെ ചേർത്തുനിർത്താൻ പരിശ്രമിക്കുക. പൈതൃക നാശം വരുത്തുന്ന ഛിദ്രവാസനകളെ ചെറുക്കുക ആവശ്യം.

**(ii) കോപ്പു കവരാനിടയാക്കുന്ന ബലം നഷ്ടമാക്കലുകൾ**

മനുഷ്യനുപകരം വരുത്തുന്ന ദൈവിക പ്രവൃത്തി നിർവഹിക്കുന്ന യേശുവിൽ വിലസുന്ന ശക്തി, ബേത്സബൂലിൽ നിന്നുള്ളതല്ല എന്ന് യേശു വെളിപ്പെടുത്തുന്നു; 'ഉള്ളിലെ ബലവാനെ പിടിച്ചുകെട്ടിയാൽ മാത്രമെ അവനുള്ള സൽ വസ്തുക്കൾ കവർച്ച ചെയ്യാനാവൂ'. പാമ്പാക്കുട നമസ്ക്കാര ക്രമം ഉപയോഗിക്കുമ്പോൾ നാം ചൊല്ലുന്നു, "നൽവരത്തിന്റെ ഭണ്ഡാരം (ശരീരവും അതിൽ ദൈവം നല്കിയിരിക്കുന്ന സർവ്വ നൽവരങ്ങളും) കവർച്ച ചെയ്യപ്പെടാതിരിപ്പാൻ, അതിന്റെ തുറക്കപ്പെട്ട വാതിലുകൾക്ക് (ഇന്ദ്രീയം, അവയവം) കർത്താവേ, അവിടുന്ന് കാവൽക്കാരെ നിയമിക്കണമെ". ബാല്യ, യൗവ്വന, വാർദ്ധക്യങ്ങൾക്ക് യോജ്യവും ദൈവത്വ-മനുഷ്യത്വങ്ങൾക്ക് അഴതായതുമായ (യോജ്യമായ) എത്ര എത്ര നല്വരങ്ങൾ/ബലങ്ങൾ ജീവിതങ്ങളിൽ ദൈവം ചേർത്തിരിക്കുന്നു! നഷ്ടമാക്കാതെ സൂക്ഷിക്കപ്പെടേണ്ടവ ഏതെന്നു തിരിച്ചറിഞ്ഞു വളരുവാൻ/തിരിച്ചറിവിൽ വളരുവാൻ തലമുറയ്ക്കിടയാവട്ടെ.

"പതിവായി കാലത്തു പള്ളിയിൽ പോകണം
പതിതരിൽ കാരുണ്യം കാട്ടിടേണം
അനുദിനം പാഠങ്ങൾ വായിച്ചു കാണേണം
വിനയത്താൽ ഉന്നതി നേടിടേണം".

**(iii) നിത്യശിക്ഷയ്ക്കു യോഗ്യമാക്കുന്ന ദൂഷണം**

ബെത്സെബൂലല്ല തന്നിലുള്ള ശക്തിക്ക് നിദാനം എന്നറിയിച്ച് യേശുപറയുന്നു പാപം ദൈവം ക്ഷമിക്കും എന്നാൽ പരിശുദ്ധാത്മാവിനെതിരെയുള്ള ദൂഷണം ക്ഷമിക്കപ്പെടുകയില്ല, അത് നിത്യശിക്ഷെക്കു യോഗ്യമാക്കുന്നതാണ് എന്ന് വേദഭാഗം. (മർക്കോ. 3:28-29, ലൂക്കോ. 12:10). പതിനായിരം താലന്ത് കടമുള്ള ദാസന് അത് യജമാനൻ (രാജാവ്) ഇളച്ചുകൊടുക്കുന്നതും, കടം ഇളച്ചു കിട്ടിയ ദാസൻ തന്നോടു 100 വെള്ളിക്കാശ് കടപ്പെട്ട കൂട്ടു ദാസനോട് കഠിനമായി പെരുമാറുന്നതുമായ ഉപമ ശ്രദ്ധേയം (മത്താ. 18:21-35). ഇളച്ചുകിട്ടാത്ത വലിയ കടംപേറി നില്ക്കാൻ ഇടയാകാതെ വരണമെന്ന് ഓരോ ആത്മത്തിന്റെയും ഇഷ്ടം. 'യേശു തന്നെ മിശിഹാ' എന്ന ആദിമ ക്രൈസ്തവ ബോധ്യത്തിലേക്ക് നീങ്ങേണ്ട ദൈവജനമായ ഇസ്രായേലിന് അതിനായില്ല. അവർ അത് നിഷേധിച്ചുകൊണ്ട് പുറംതിരിഞ്ഞു നിന്നത് അവരുടെ സ്ഥിതി തലവാചകത്തിൽ എഴുതിയതുപോലെ നിത്യശിക്ഷക്കുള്ളതാകുന്നു (1 പത്രോ. 2:7-8, എബ്രാ. 6:1-3).

*Mob. 9745691320*


**നെഴ്സിംഗ് / എഞ്ചിനിയറിംഗ്**
**പഠനത്തിന് സാമ്പത്തിക സഹായം**

സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന സമർത്ഥരായ 20 വിദ്യാർത്ഥികൾക്ക് B.Sc നെഴ്സിംഗ് / എഞ്ചിനിയറിംഗ് പഠനത്തിന് കാൽ ലക്ഷം രൂപാ വീതം നിബന്ധനകൾക്ക് വിധേയമായി പരുമല YMCA വഴി സാമ്പത്തിക സഹായം നൽകുന്നു.

ബന്ധപ്പെടുക:
**Mob : 8606445551**
*Advt.*



**ST. MARY'S EMBROIDERY**
**Palace Road, Changanacherry-686101, Kerala**


Prop: SAJU CHACKO
0481-2425444,
Res. 2724224, 2727788
(Mob.) 9447136388




കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.
വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു


*For Favours Received*



Deepak John Abraham
Trivandrum



M.K. Saramma



ഒരു വിശ്വാസി

# SUNDAY SCHOOL NEWS



## ഫാ. ഡോ. ഒ. തോമസ്
(ഡയറക്ടർ ജനറൽ)

### ഒ.വി.ബി.എസ്. 2012

പൊതുവെ എല്ലായിടങ്ങളിലും ഭംഗിയായി നടത്തപ്പെട്ടു എന്നറിയാൻ കവിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു. അയർലണ്ടിലെ ഡബ്ലിനിലുള്ള സെ. തോമസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തപ്പെട്ട ഒ.വി.ബി.എസിൽ സംസാരിക്കാൻ ഇടയായത് പ്രത്യേകമായ അനുഭവമായിരുന്നു 8 ദിവസത്തെ പരിപാടികൾ മൂന്നുപൂർണ്ണമായ ദിനങ്ങളിൽ ക്രമീകരിച്ചു. മാതാപിതാക്കൾ കുട്ടികളോടൊപ്പം ചേർന്ന് ഒ.വി.ബി.എസ്. നടത്തി. കുട്ടികൾക്കു തന്നെ വിദൂരമായ രാജ്യത്ത് സ്വന്തമല്ലാത്ത പള്ളികളിൽ എത്തിച്ചേരാൻ ആവുകയില്ലല്ലോ. പ്രവാസത്തിൽ ജീവിക്കുമ്പോഴുള്ള ഗൃഹാതുരത്വം അതിജീവിക്കുന്നത് ഈ തരത്തിലുള്ള കൂട്ടായ്മകളിലൂടെയാണ്. അതുകൊണ്ടുതന്നെ അവരുടെ ഒ.വി.ബി.എസ്. കൂടുതൽ ഗൗരവത്തോടും താല്പര്യത്തോടുമുള്ളതായി തോന്നി. മാവേലിക്കര നോർത്ത് ഡിസ്ട്രിക്കിന്റെ ആഭിമുഖ്യത്തിൽ 6 പള്ളികൾ ചേർന്ന് കുട്ടംപേരൂർ സെ. ഗ്രീഗോറിയോസ് പള്ളിയിൽ വച്ച് സംയുക്തമായി സമാപന സമ്മേളനം നടത്തിയതും വളരെ അനുഗ്രഹമായിരുന്നു. താദൃശ്യമായ നല്ല അനുഭവങ്ങൾ പലയിടത്തും ഉണ്ടായിക്കാണും. കേവലം വിനോദമായി മാത്രം ഒ.വി.ബി.എസിനെ തരംതാഴ്ത്തിയിട്ടുണ്ടാവില്ലെന്നു പ്രത്യാശിക്കുന്നു. യൂണിറ്റ്, ഡിസ്ട്രിക്ട്, ഭദ്രാസന, കേന്ദ്രങ്ങളിൽ ഒ.വി.ബി.എസിന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാ സഹപ്രവർത്തകരേയും അഭിനന്ദിക്കുന്നു.

### 11, 12 ക്ലാസ്സുകൾ

11-ാം ക്ലാസ്സിലേക്കുള്ള പുതിയ പുസ്തകവും പ്രസിദ്ധീകരിച്ചു. തുടർച്ചയായി അടുത്ത വർഷം തന്നെ 12-ാം ക്ലാസ്സിലെയും പ്രസിദ്ധീകരിക്കും. വ്യത്യസ്തമായ, ആനുകാലിക വിഷയങ്ങളെ ഉള്ളടക്കമാക്കിയാണ് ഈ ക്ലാസ്സുകളിലെ പഠന പദ്ധതി ക്രമീകരിച്ചിരിക്കുന്നത്. കുട്ടികൾ ഇതു പഠിക്കാതെ പോയാൽ വലിയ നഷ്ടം തന്നെയായിരിക്കും. പത്താം ക്ലാസ്സിൽ നിന്നു പാസ്സാകുന്നതിന്റെ പിന്നിൽ ചിലർ മാത്രമേ തുടർ പഠിക്കുന്നുള്ളു. പുതിയ പാഠ്യപദ്ധതി പഠിപ്പിക്കുവാൻ അദ്ധ്യാപകർ താല്പര്യമെടുക്കുകയും കൂടുതൽ പേർ 12-ാം ക്ലാസ്സ് പാസ്സാകുവാൻ സൺഡേക്കൂളിൽ പഠിപ്പിക്കുവാൻ ഇടയായാൽ അദ്ധ്യയന നിലവാരം ഉയരുമെന്ന് സംശലേശമന്യേ ഉറപ്പാക്കാം. എങ്ങനെ പഠിപ്പിക്കണമെന്നുള്ള രീതികളും പുതിയ പുസ്തകത്തിൽ നാം ഉൾക്കൊള്ളിക്കുന്നുണ്ട്.

### കുഞ്ഞാടുകളുടെ വലിയ ഇടയന്മാർ

ശ്രീ. കെ. വി. മാമ്മൻ രചിച്ച ഈ പുസ്തകത്തിന് അവതാരിക എഴുതിയിട്ടുള്ളത് പ്രസ്ഥാനത്തിന്റെ മുൻ ഡയറക്ടർ ജനറൽ ആദരണീയനായ ബ. ജോഷ്വാ അച്ചനാണ്. സൺഡേസ്ക്കൂൾ പ്രസ്ഥാനത്തിന്റെ അമരക്കാരനായി പ്രവർത്തിച്ച് മൺമറഞ്ഞ പിതാക്കന്മാരേയും പ്രസ്ഥാനത്തിന്റെ ചരിത്രത്തേയും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഓരോ സൺഡേസ്ക്കൂളുകളിലും ഇതിന്റെ ഒരു കോപ്പി വാങ്ങി സൂക്ഷിക്കേണ്ടതും സൺഡേസ്ക്കൂൾ അദ്ധ്യാപകർ നിശ്ചയമായും വായിക്കുകയും ചെയ്യേണ്ടതാണ്. കോപ്പികൾ ആവശ്യമുള്ളവർ കേന്ദ്ര ഓഫീസിൽ ബന്ധപ്പെട്ടാൽ ലഭിക്കുന്നതായിരിക്കും.

### സൺഡേസ്ക്കൂൾ ദിനം

മേയ് 20 ഞായറാഴ്ച സൺഡേസ്ക്കൂൾ ദിനമായി ആചരിച്ചുവല്ലോ. അതേ സംബന്ധിച്ച പ. ബാവാ തിരുമേനിയുടെ കല്പന എല്ലാപള്ളികളിലും വായിച്ചിട്ടുണ്ട്. സൺഡേസ്ക്കൂൾദിനത്തിലെ കാണിക്കയും കവർപിരിവുമാണ് പ്രസ്ഥാനത്തിന്റെ പ്രധാന വരുമാന മാർഗ്ഗം. പുതിയ പുസ്തകങ്ങൾ ഇറക്കുന്നത് ഉൾപ്പെടെ പ്രസ്ഥാനത്തിന്റെ ദൈനംദിന ചെലവുകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണന്ന് ഏവർക്കും ബോദ്ധ്യമുണ്ടല്ലോ. ചിലപള്ളികൾ കാണിക്ക മുഴുവനായി അയച്ചു തരുന്നില്ല. സൺഡേസ്ക്കൂൾ ഹെഡ്മാസ്റ്റർമാർ വികാരിയച്ചന്മാരുമായി ബന്ധപ്പെട്ട് കാണിക്ക മുഴുവനായി അയക്കുവാൻ സ്നേഹപൂർവ്വമായി താല്പര്യപ്പെടുത്തണം. അന്നേ ദിവസം എല്ലാ സൺഡേസ്ക്കൂളുകളിലും പ്രത്യേക പ്രാർത്ഥന നടത്തിയിട്ടുണ്ട്.

വീണ്ടും ഒരു പെന്തിക്കോസ്തി പെരുന്നാൾ നാം ആചരിച്ചു. പരിശുദ്ധാത്മാവിന്റെ നൽവരങ്ങളെ നമ്മിൽ വീണ്ടും പുതുക്കത്തക്കവിധം ആരാധനയിൽ സംബന്ധിക്കാം. പരിശുദ്ധാത്മാവിലുള്ള പുസ്തകം ഒരു യാഥാർത്ഥ്യമായിത്തീരട്ടെ.

# വേദനയുടെ തുരുത്തിൽ ഒരു തിരിനാളമായ്...

## മാർ ഒസ്താത്തിയോസ് പാലിയേറ്റീവ് ഹോം കെയർ സെന്റർ

ജോർജ് വർഗീസ് (Project Manager SGICCC Parumala)

രോഗത്തിന്റെയും വേദനയുടേയും ഏകാന്ത താഴ്‌വരകളിൽ ഒറ്റപ്പെട്ടു പോകുന്ന മനുഷ്യർക്ക് സ്വാന്ത്വനത്തിന്റെ തൂവൽസ്പർശമേകുകയാണ് പാലിയേറ്റീവ് കെയർ അഥവാ സ്വാന്തനചികിത്സ രോഗം സുഖപ്പെടുത്താനാവാതാതെ. വരുമ്പോൾ തങ്ങളുടെ ജോലി അവസാനിച്ചതായി ഡോക്ടർമാർ കരുതാറുണ്ട്. ഇനിയൊന്നും ചെയ്യാനില്ല രോഗിയെ വീട്ടിൽ കൊണ്ടുപോകാം എന്ന അവസാന വാക്കോടെ സുഖപ്പെടാത്ത രോഗത്തിന്റെ തുരുത്തിൽ രോഗിയും കുടുംബവും ഒറ്റയ്ക്കാവുന്നു. ഈ ദുരവസ്ഥയ്ക്ക് ഒരു മറുകുറിപ്പ് എഴുതുകയാണ് സാന്ത്വന ചികിത്സ അഥവാ പാലിയേറ്റീവ് കെയർ.

The definition of Palliative Care is The active total care of patient whose disease is not responsive to curative treatment, control of pain, of other symptoms, and of pshychological, social and spiritual problems is paramount. The goal of Palliative care is achievement of the best quality of life for patients and their families'' (WHO)





രോഗത്തിന്റെ സുഖപ്പെടുത്താനാവാത്ത അവസ്ഥ അംഗീകരിക്കാനും കഴിവതും സമാധാനത്തോടെ മരിക്കാനും രോഗിയെ സഹായിക്കുകയുമാണ് ഈ ചികിത്സയുടെ ലക്ഷ്യം.

### സാന്ത്വന ചികിത്സയുടെ പ്രാധാന്യം

മരണമടുത്ത രോഗികൾക്കു മാത്രമല്ല പാലിയേറ്റീവ് കെയർ പ്രയോജനപ്പെടുക. ദീർഘകാലം കൂടി ജീവനോടിരിക്കേണ്ടവരുടെ ശുശ്രൂഷയും പ്രധാനമാണ്. ഉദാ: എയ്ഡ്സ്, പതുക്കെ വളരുന്ന ക്യാൻസർ, ശ്വാസകോശ രോഗങ്ങൾ എന്നിവ ബാധിച്ച രോഗികൾ വളരെക്കാലം ജീവനോടിരുന്നേക്കാം. പക്ഷെ അവർക്കും പാലിയേറ്റീവ് പരിചരണം കൂടിയേ തീരൂ. അർബുദത്തിനും എയ്ഡ്സിനും മാത്രമല്ല ജീവിതം ദുസ്സഹം എന്ന് ചിന്തിപ്പിക്കുന്ന തരത്തിലുള്ള ഹൃദ്രോഗം, കിഡ്നി രോഗം, തുടർച്ചയായ വേദനകൾ തുടങ്ങി ഏതു രോഗത്തിനും വേണം ഈ സാന്ത്വന പരിചരണം.

കടുത്ത ശാരീരിക വേദനയിൽ നിന്ന് രോഗിയെ മോചിപ്പിക്കൽ പ്രധാന ലക്ഷ്യമാണ്. തീവ്ര അർബുദ വേദനയുടെ ചികിത്സയിൽ സ്ഥായിയായ മരുന്ന് മോർഫിൻ ഗുളിക തന്നെ. മോർഫിൻ ഗുളുകയെക്കുറിച്ചുള്ള ധാരണകൾ പൂർണ്ണമായും ശരിയല്ല.

മോർഫിൻ ഗുളിക ശ്വാസോച്ഛ്വാസ സംബന്ധമായ വിഷമങ്ങൾ ഉണ്ടാക്കുന്നില്ല. രോഗികൾ അവരുടെ ജോലി തുടരുകയും മോർഫിൻ ഉപയോഗിക്കുമ്പോൾ തന്നെ സാധാരണ ജീവിതം നയിക്കുകയും ചെയ്യാം. ശരിയായ അളവിലാണ് ഉപയോഗമെങ്കിൽ ദീർഘകാലം ഉപയോഗിച്ചാലും ആസക്തരായിത്തീരുമന്ന് ഭയപ്പെടേണ്ടതില്ല.

പാലിയേറ്റീവ് കെയറിൽ സാന്ത്വനം രോഗിക്കു മാത്രമല്ല, കുടുംബത്തിനും കൂടി വേണ്ടിയുള്ളതാണ്. ആ സ്ഥിതിക്ക് രോഗി മരിക്കുമ്പോൾ പോലും ചികിത്സ അവസാനിക്കുന്നില്ല. മരണാനന്തരം ആ കുടുംബത്തിന് നേരിടുന്ന നഷ്ടബോധത്തിലും വേദനയിലും മറ്റും താങ്ങാവുന്നതും പാലിയേറ്റീവ് കെയറിന്റെ പരിധിയിൽ പെടുന്നു.

ഡോക്ടർ, നഴ്സസ്, സോഷ്യൽ വർക്കേഴ്സ്, കൗൺസിലർ തുടങ്ങി എല്ലാ വിഭാഗക്കാരും ചേർന്നാണ് പാലിയേറ്റീവ് ചികിത്സ നടത്തേണ്ടത്. വോളണ്ടിയർമാർക്ക് രോഗി പറയുന്ന കാര്യങ്ങൾ കേൾക്കാനുള്ള കഴിവ് വേണം കൗൺസിലിങ്ങിനുള്ള കഴിവും സമ്പാദിക്കണം. ഇപ്പോൾ പാലിയേറ്റീവ് കെയർ പ്രോഗ്രാമുകളിലൂടെ വോളണ്ടിയർമാർക്കായി പരിശീലന പരിപാടികൾ നടത്തുന്നുണ്ട്.

### മാർ ഒസ്താത്തിയോസ് പാലിയേറ്റീവ് ഹോം കെയർ സെന്റർ (MOPS)

പരുമലയിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരുന്ന മാർ ഒസ്താത്തിയോസ് പാലിയേറ്റീവ് സർവ്വീസിന്റെ നേതൃത്വത്തിൽ നടക്കുന്ന ഹോം കെയർ സർവ്വീസുകൾ സാന്ത്വന ചികിത്സ ആവശ്യമായി വരുന്ന രോഗികളെ ഭവനങ്ങളിൽ പോയി പരിച

രിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ 450 പേർക്ക് സൗജന്യ ചികിത്സയും ശുശ്രൂഷയും നൽകാൻ സാധിച്ചിട്ടുണ്ട്.

ജാതിമതഭേദമെന്യേ, നിർദ്ധനരായ അനേകം വ്യക്തികളെ ഈ പദ്ധതിയിലൂടെ സഹായിച്ചു വരുന്നു. ഇപ്പോൾ ഇതിന്റെ ഗുണഭോക്താക്കളായിട്ടുള്ള പാലിയേറ്റീവ് ഹോം കെയർ രോഗികളേയും അവരുടെ കുടുംബങ്ങളേയും ആഴ്ചയിൽ 5 ദിവസം സന്ദർശിച്ച് കാര്യക്ഷമമായ പരിചരണം നൽകുന്നു.

### ക്യാൻസർ ബോധവൽക്കരണ/നിർണ്ണയ ക്യാപ് (PCCP)

എല്ലാ ശനിയാഴ്ചകളിലും കേരളത്തിന്റെ വിവിധ ഗ്രാമപ്രദേശങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകളും സൗജന്യ രോഗനിർണ്ണയ ക്യാമ്പും നടത്തപ്പെടുന്നു.

### ലക്ഷ്യം

ഇപ്പോൾ പരുമലയുടെ പ്രാന്ത പ്രദേശങ്ങളിലുള്ള പത്തോളം ഗ്രാമപഞ്ചായത്തുകളിൽ മാത്രമേ പാലിയേറ്റീവ് ഹോം കെയർ സേവനം എത്തിക്കുന്നതിന് സാധിക്കുന്നുള്ളു. ഈ വർഷം 5 പഞ്ചായത്തുകൾകൂടെ ഉൾപ്പെടുത്തി സേവനം കൂടുതൽ രോഗികൾക്ക് എത്തിക്കുന്നതിന് ആഗ്രഹിക്കുന്നു.

പാലിയേറ്റീവ് കെയറിലൂടെ പരുമല ആശുപത്രിയിലും, ഹോം കെയറിലൂടെ വിവിധ വിദൂര ഭവനങ്ങളിലും സേവനം നൽകുന്നതിനായി യാത്രാപ്പടി, മരുന്ന് സാധനങ്ങൾ, വാട്ടർബെഡ്, വീൽചെയർ, മറ്റു മെഡിക്കൽ ഉപകരണങ്ങൾ, പെൻഷൻ സ്കീമിലേക്കു വേണ്ടി വരുന്ന കരുതൽ ധനം ഇങ്ങനെ നല്ലൊരു ശതമാനം തുക ചെലവിനത്തിൽ വേണ്ടതുണ്ട്. സഭാംഗങ്ങളും അല്ലാത്തവരുമായ സുമനസ്സുകളുടെ സഹകരണം തുടർന്നും ഉണ്ടാകേണ്ടിയിരിക്കുന്നു.

### നിങ്ങൾക്കും പങ്കാളികളാകാം

1. വിലയേറിയ പ്രാർത്ഥനയിലൂടെ...

2. ഒരു ക്യാമ്പിന്റെ തുകയായ 3600 രൂപ നൽകി.

3. ക്യാൻസർ ബോധവൽക്കരണ നിർണ്ണയ ക്യാംപിന്റെ ഒരു മാസത്തെ ചെലവായ 11,250 രൂപ നൽകി.

4. ഹോം കെയർ പ്രൊജക്ടിന്റെ ഒരു മാസത്തെ ചെലവായ 74,500 രൂപ നൽകി.

5. ഒരു ദിവസത്തെ ചെലവായ 2500 രൂപ നൽകി.

6. ഒരു മാസത്തെ പാലിയേറ്റീവ് ഹോം കെയർ യൂണിറ്റിന്റെ മെഡിസിന്റെ വില 45,000 രൂപ നൽകി.

7. ഒരു രോഗിയുടെ ഒരുമാസത്തെ മരുന്നിന്റെ തുകയായ 2000 രൂപ നൽകി.

**സംഭാവനകൾ അയയ്ക്കേണ്ട വിലാസം:**

ദി ഫിനാൻസ് ഡയറക്ടർ
സെന്റ് ഗ്രിഗോറിയോസ് ഇന്റർനാഷണൽ ക്യാൻസർ കെയർ സെന്റർ
പരുമല പി.ഒ., തിരുവല്ല-689626
ഫോൺ: 9446600107, 9526390810

*Cheques/Drafts to be drawn in favour of*

St. Gregotios International Cancer Care Centre, Parumala
A/c No.11310200003697
IFC Code: FDRL000131

35AC/80G Income Tax ഇളവുകൾ

സംഭാവനകൾ നികുതി രഹിത 35AC/80G സർട്ടിഫിക്കറ്റുകളിൽക്കൂടി കൂടുതൽ പ്രയോജനപ്പെടുത്തുവാൻ സാധിക്കും.


**വിശുദ്ധനാട് തീർത്ഥാടനം**

യോർദ്ദാൻ, ഇസ്രയേൽ, പാലസ്തീൻ, ഈജിപ്ത്

**വന്ദ്യരായ വൈദികരുടെ നേതൃത്വത്തിൽ എല്ലാ മാസവും പുറപ്പെടുന്നു**

**പ്രത്യേകതകൾ:**

* വൈദികരുടെ നേതൃത്വം
* കുറഞ്ഞ യാത്രാ ചിലവ്
* അംഗീകാരമുള്ള ഗൈഡുകൾ
* പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, അത്താഴം
* എയർ കണ്ടീഷൻ ബസുകളിൽ യാത്ര
* 3/4 സ്റ്റാർ ഹോട്ടലുകളിൽ താമസം
* സൗജന്യ ട്രാവൽ ഇൻഷുറൻസ്

പുറപ്പെടുന്ന തീയതികൾ:
2012 July 12, Aug 11, Oct. 22, Dec. 21

**Contact:**

Fr. K. G. Mathew Thekkedathu
9496326726, 9526788928

Mr. Binu David
(Co-ordinator-Out side Kerala)
09974099367

**JORDAN VALLEY**
**PILGRIMAGE ASSOCIATION**
**PATHANAMTHITTA**




Resting In The Arms Of Christ

4th Death Anniversary
on 11-6-2012



Mrs. Elizabeth Geevarghese
Kochalummutil Nellicomathu, Budhanoor

Your Loved Ones,
Thane, Maharashtra



# LETTERS TO THE EDITOR

## ക്രിസ്തു വിപ്ലവകാരിയോ?

ക്രിസ്തു കാലങ്ങളായി പല രീതിയിൽ വ്യാഖ്യാനിക്കപ്പെട്ടു കഴിഞ്ഞു. വ്യാഖ്യാതാവിന്റെ ആഗ്രഹങ്ങൾക്കും ലാഭങ്ങൾക്കും അനുസരിച്ച് ക്രിസ്തുവിന് പല ഭാഷ്യങ്ങൾ രചിച്ചു. 'ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം' 'ഡാവിഞ്ചി കോഡ്' തുടങ്ങി ഏറ്റവും ഒടുവിൽ ബന്യാമിന്റെ 'യിസ്രായേൽ അനുഭവവും ചരിത്രവും' എന്ന യാത്രാവിവരണം വരെ അതിനുദാഹരണങ്ങളാണ്. അധഃപതിച്ച പാശ്ചാത്യ ജീവിതരീതിയ്ക്ക് ക്രിസ്തുവിന്റെ ജീവിതം ഒരു വിലങ്ങു തടിയാണെന്നറിയുന്ന ചിന്തകന്മാരും എഴുത്തുകാരും ആ അധാർമ്മികതയെ ന്യായീകരിക്കാൻ ക്രിസ്തുവിന്റെ ധാർമ്മികതയെ ചോദ്യം ചെയ്തു. മഗ്ദലന മറിയം ക്രിസ്തുവിന്റെ ഭാര്യയായിരുന്നെന്നും അതിൽ കുട്ടികൾ ഉണ്ടെന്നുമുള്ള ആശയങ്ങൾക്ക് പിന്നിലും തങ്ങളുടെ സദാചാരവിരുദ്ധ പ്രവർത്തനങ്ങളുടെ വെള്ള പൂശലായിരുന്നു. ക്രിസ്തുവിന്റെ ജീവിതം ഒരു കേവല ഒരു കേവല മനുഷ്യന്റെ ജീവിതമാണെന്നു കാണിയ്ക്കുക വഴി തങ്ങളുടെ കുത്തഴിഞ്ഞ ജീവിത രീതിയ്ക്കും ലൈസൻസ് ലഭിക്കുമെന്ന് അവർ കണക്കുകൂട്ടി ഇതൊരുതരം സൈക്കോളജിക്കൽ കച്ചവടമാണ്. അത്തരം കൃതികൾ പത്രത്താളുകളിൽ പീഢനകഥകൾ വായിക്കുന്നവർക്കുണ്ടാവുന്ന നിർവൃതി നൽകുന്ന സൈക്കോളജി.

ക്രിസ്തുവിന്റെ വിപ്ലവം സ്നേഹത്തിലൂന്നിയതായിരുന്നു. അത് അത്മാവിന്റെ മുറിവുകളെ ഉണക്കുകയും ശത്രുതയെ ഇല്ലായ്മ ചെയ്യുകയും ചെയ്യുന്ന വിപ്ലവമാണ്. അത് വാളിന്റെ ഭാഷയല്ല മറിച്ച് സ്നേഹത്തോടെയുള്ള ഒരാശ്ലേഷമാണ്. അത് ലോകത്തിന്റെ ചരിത്രത്തെ മാറ്റിമറിച്ചു. റോമാസാമ്രാജ്യത്തെ എതിർത്ത് ഇടയ്ക്കിടെ പോരാടിക്കൊണ്ടിരുന്ന യഹൂദന്മാരിൽ പലർക്കും ക്രിസ്തുവിന്റെ ഈ ഭാഷ സഹിക്കാവുന്നതിനപ്പുറമായിരുന്നു. അവരുടെ വിപ്ലവം 'കണ്ണിനു കണ്ണും പല്ലിനു പല്ലും' ആയിരുന്നു. "നിന്റെ ഒരു കരണത്തടിച്ചാൽ മറ്റേ കരണവും കാണിക്കുക" എന്ന ക്രിസ്തുവിന്റെ ഭാഷ അവരെ വിറളിപിടിപ്പിച്ചു 'സീസറിനുള്ളതു സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും' എന്ന ഒരു ഒത്തുതീർപ്പ് ഭാഷ അവരുടെ ക്രോധത്തിന് ആഴം കൂട്ടി. സ്നേഹത്തിലൂടെയും രോഗശാന്തിയിലൂടെയും ആതുരസേവയിലൂടെയും ക്രിസ്തു കാണിച്ച വിപ്ലവം അതുവരെ ലോകം കണ്ടിരുന്നില്ല. സ്വയം കുരിശിലേറ്റപ്പെട്ടപ്പോഴും 'ഇവരോടു ക്ഷമിക്കണമേ' എന്നു പറഞ്ഞ വിപ്ലവകാരി ലോകചരിത്രത്തിലുണ്ടോ! കുരിശിൽ കിടന്നുകൊണ്ട് 'ഇതാ നിന്റെ അമ്മ' എന്നു പറഞ്ഞുകൊണ്ട് സ്വന്തം മാതാവിനെ ശിഷ്യന് ഏൽപ്പിക്കുന്ന സ്നേഹത്തിന്റെ വിപ്ലവം.

ഇതൊക്കെ ഏത് യുക്തിവാദിയ്ക്കാണ് മനസ്സിലാകുന്നത്? ക്രിസ്തുവിനെ വികലമാക്കി ബുദ്ധി ജീവി ചമയുന്ന ഏത് എഴുത്തുകാരനാണ് മനസ്സിലാകുന്നത്? ക്രിസ്തുവിനെ കേവലമൊരു വിപ്ലവകാരി ആയി ചിത്രീകരിച്ച യുക്തിവാദികൾ അത് ജനങ്ങളിൽ യാതൊരു പ്രതികരണവും ഉണ്ടാക്കുന്നില്ലെന്ന് കണ്ട് അദ്ദേഹം ജീവിച്ചിരുന്നില്ല എന്ന പുസ്തകമെഴുതി സ്വയം കൃതാർത്ഥരാവാൻ ശ്രമിച്ചു.

ക്രിസ്തുവിന്റെ ചരിത്രം ആദിമക്രിസ്ത്യാനികളുടെ ചരിത്രം തന്നെയാണ്. ഇരുട്ട് ഇരുട്ടും വെളിച്ചം വെളിച്ചമാണെന്നതുപോലെ അത് സത്യമാണ്. അതൊന്നും കാണാതെ കണ്ണടച്ച് ഇരുട്ടാക്കുന്നവർ സ്നേഹത്തിന്റെ മാനവികതയുടെ വക്താവിനെയാണ് എതിർക്കുന്നത് എന്ന് ഓർക്കുന്നില്ല. വിജാതീയരേയും സ്വജാതീയരേയും ചുങ്കക്കാരേയും പാപികളേയും രോഗികളേയും അവശരേയും ദരിദ്രരേയും എല്ലാം ഒന്നിപ്പിക്കുന്ന ഒരു വിശ്വമാനവികതയായിരുന്നു ക്രിസ്തുവിന്റെ വിപ്ലവം. ക്രിസ്തുവിനെ സ്നേഹിക്കുന്നവർ ഒന്നുമാത്രം പ്രാർത്ഥിക്കുക 'പിതാവേ ഇവർ ചെയ്യുന്നതെന്തെന്ന് ഇവർക്കറിയാത്തതിനാൽ ഇവരോടു ക്ഷമിക്കണമേ'

**തോമസ് ബേബി,**
**കെ.ജി. കോളജ്,**
**പാമ്പാടി, 9446516859**

## മധുരം തിരികെ വേണം

അഭി. അന്തോണിയോസ് തിരുമേനിയുടെ മുഖക്കുറിപ്പായിരുന്ന ലളിതം മധുരം അവസാനിപ്പിച്ചത് കഷ്ടമായിപ്പോയി. മാസികയുടെ വായനാക്ഷമത വർദ്ധിപ്പിക്കുന്ന തരത്തിൽ ഉള്ള ഒരു ചെറുകുറിപ്പായിരുന്നു അത്. സത്യത്തിൽ മാസികയുടെ എല്ലാ ലേഖനങ്ങളും വായിക്കാൻ പ്രേരിപ്പിച്ചിരുന്നത് ലളിതം മധുരം തന്നെയായിരുന്നു. പത്രാധിപ സമിതി ഒരു മുന്നറിയിപ്പും കൂടാതെ അത് അവസാനിപ്പിച്ചതിലുള്ള വായനക്കാരുടെ പ്രതിഷേധം അറിയിക്കുകയാണ്.

**സാറമ്മ വർഗീസ്, കോയമ്പത്തൂർ**

## ലളിതം ഗംഭീരം

കൺവൻഷൻ വേദികളിലെ ഇടിനാദമൊന്നുമല്ലായിരുന്നുവെങ്കിലും ലളിതമായ വാക്കുകളിലൂടെ വായനക്കാരന്റെ ഹൃദയത്തെ കീഴടക്കിയ അഭി. അന്തോണിയോസ് തിരുമേനിക്ക് ആയിരമായിരം അഭിനന്ദനങ്ങൾ.

ജീവിതത്തിലെ ഒരു ചെറിയ സംഭവം പോലും ഇത്ര ചാരുതയോടെ പങ്കു വയ്ക്കുവാനും അവതരിപ്പിക്കുവാനും മറ്റാർക്കു കഴിയുമെന്ന് ആലോചിച്ചു പോവുകയാണ്. മനസ്സിനെ സ്പർശിക്കുന്ന ഒരു പ്രവേശനക്കുറിപ്പു തന്നെയായിരുന്നു അഭി. തിരുമേനിയുടേത് എന്നു പറഞ്ഞാൽ അതിശയോക്തിയില്ല.

പള്ളികളുടെ ചരിത്രം പംക്തിയായി ആരംഭിച്ചത് വളരെയധികം പ്രയോജനകരമാണ്. എന്നാൽ അന്തോണിയോസ് തിരുമേനിയുടെ ലളിതം മധുരം ഒഴിവാക്കേണ്ടന്നായിരുന്നു എന്റെ എളിയ അഭിപ്രായം.

**സി. കെ. പൊന്നച്ചൻ,**
**പത്തനംതിട്ട.**

## പ്രതികരണമുണ്ടാവണം

ജനാധിപത്യത്തിൽ രാഷ്ട്രീയ കക്ഷികൾ അവിഭാജ്യഘടകമാണെങ്കിലും അക്രമരാഷ്ട്രീയത്തിലൂടെ ഭീതി സൃഷ്ടിക്കുന്ന സാഹചര്യം ഒഴിവാക്കപ്പെടുകയും സഭ ശക്തമായി പ്രതികരിക്കുകയും ചെയ്യേണ്ടതുണ്ട്.

രാഷ്ട്ര പുനർനിർമ്മിതിക്കായി ജനങ്ങളെ സഹായിക്കാൻ പ്രതിജ്ഞാബദ്ധരായ രാഷ്ട്രീയ കക്ഷികൾ സ്വാർത്ഥ ലാഭത്തിനായി എതിരാളികളെ നിർദ്ദയം കൊന്നൊടുക്കുകയും അത് പരസ്യമായി പ്രസ്താവിക്കുകും ചെയ്യുന്നത് ഈ നാട്ടിലല്ലാതെ മറ്റെവിടെ നടക്കും.

കൊള്ളയും കൊലപാതകങ്ങളും അക്രമങ്ങളും നടമാടുന്ന രാജ്യങ്ങൾ കണ്ടേക്കാം. പക്ഷേ അവിടെയെങ്ങും ക്രിയാത്മകമായ ഭരണകൂടമോ ലിഖിത രേഖകളോ ഉദ്യോഗസ്ഥ സംവിധാനങ്ങളോ ഇല്ലായെന്നുള്ളത് പച്ചപരമാർത്ഥമാണ്.

ഭാരതത്തെപ്പോലെ വ്യവസ്ഥാപിതവും ഭരണഘടനാധിഷ്ഠതവുമായ ഒരിടത്ത് ക്രൂരമായ രാഷ്ട്രീയ പകപോക്കലുകൾ നടക്കുന്നുവെന്നത് ലജ്ജാവഹം തന്നെ.

രാജഭരണകാലത്തുള്ള സംരക്ഷണം പോലും ഈ നാട്ടിലെ ജനങ്ങൾക്കില്ലാതെ പോകുന്നല്ലോ.

സഭയ്ക്ക് ഈ സാമൂഹിക പ്രശ്നത്തോട് ക്രിയാത്മകമായി പ്രതികരിക്കാനുള്ള ബാധ്യതയുണ്ട്.

# Martha Mariyam Samajam Result

## Junior

1. Sneha Susan Jacob, Jerusalem St. Mary s Orthodox Church, Vakathanam, Kottayam Dioces, 2. Sinu Susan Jacob, St. George Orthodox Church, Perumkuzhy, Kottarakkara, Punalur Dioces. 3. Reena Shajan, St. Behanan s Orthodox Church, Adhichanalloor, Thiruvanantha puram Diocese.

## Senior

1. Reena Jogi, St. Mary s Orthodox church, Pandanad, Chengannur Diocese; 2. Kochumariamma John, St. George Orthodox Church, Chungathara, Malabar Diocese. 3. Sheela John, Mar Gregorios Orthodox Church, Hebbal, Banglore.

& Daisy Jose, Ignatius Cathedral, Kaipattoor, Thumpamon Diocese.

## Super Senior

1. Molly Koshy, St. Mary s Cathedral, Ernakulam, Kochi Diocese

2. Annakutty Abraham, St. Geroge Orthodox Church, Manalel, Kottayam

3. Omana John, Thrikkunnathu Seminary, Aluva, Angamaly Diocese.

## Essay Junior

1. Annamma Jacob, St. George Orthodox Church, Cheppad, Mavelikkara Diocese; 2. Shynu Gigi, Mar Gregorios Orthodox Church, Nellimala, Chengannur Diocese; 3. Merlin M.T., St. Mary s Orthodox Church, Villoor, Kottarakkara, Punalur Dicoese.

## Senior

1. Susy Babu, St. George Orthodox Church, Cheppad, Mavelikkara Diocese; 2. Ammini George, St. John s Valiyapally, Pampakuda, Kandanad West Diocese; 3. Ponnamma Lukose, St. Behanan s Adichanalloor, Thiruvananth apuram Diocese.

## Quiz

1. Mavelikkara Diocese : Annie S. Varghese & Mercy Oommen

2. Kottarakkara Punalur Diocese: Mini Jacob & Sinu Susan Jacob

& Chengannur Diocese : Sali Thomas & Mini Johnson

3. Kochi Diocese

Leela Paulose & Elizabeth Varghese


നല്ല നാളേയ്ക്കായി
നമ്മുടെ വരികൾ

മലങ്കരസഭ
മാസിക

മലങ്കര
ഓർത്തഡോക്സ് സഭ
യുടെ ഔദ്യോഗിക
മാധ്യമം




# പഴമപ്പെരുമ



കുന്നംകുളം അർത്താറ്റ് പള്ളി

കേരളത്തിലെ ഏറ്റവും പുരാതന ക്രൈസ്തവ ദേവാലയങ്ങളിലൊന്നാണ് ആർത്താറ്റു കുന്നംകുളം സെന്റ് മേരീസ് കത്തീഡ്രൽ. ഇന്ന് കുന്നംകുളം ഭദ്രാസനത്തിലുള്ള ഏതാണ്ട് എല്ലാ പള്ളികളുടേയും തലപ്പള്ളിയാണ് ആർത്താറ്റ് പള്ളി.

ആർത്താറ്റ് പ. മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച ആദ്യ സഭകളിലൊന്നാണിതെന്നു വിശ്വസിക്കപ്പെടുന്നു. ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിൽ മദ്ധ്യ പൗരസ്ത്യദേശവുമായി പ്രബലമായ വ്യാപാര ബന്ധം പുലർത്തിയിരുന്ന തുറമുഖങ്ങളിലാണ് സുവിശേഷം ആദ്യം പ്രചരിച്ചതും സഭകൾ സ്ഥാപിതമായതും. അത്തരം ഒരു തുറമുഖ സഭ, മിക്കവാറും ടോളമി വിവരിക്കുന്ന സുദോസ് തോമസ് നദീമുഖത്തെ തുറമുഖ സഭ, ആണ് ആർത്താറ്റ് ആസ്ഥാനം ഉറപ്പിച്ചത്. മാർത്തോമ്മശ്ലീഹാ സ്ഥാപിച്ചത് എന്ന് ഇന്നു പ്രചരിപ്പിച്ചുവരുന്ന മാർ കുറിയാക്കോസ് സഹദായുടെ നാമത്തിലുള്ള പാലയൂർ പള്ളി മുമ്പ് ആർത്താറ്റ് പള്ളിയുടെ കുരിശുപള്ളിയായിരുന്നു.

ആർത്താറ്റ് പള്ളി, മുമ്പ് ചാട്ടുകുളങ്ങരപ്പള്ളി എന്നാണ് അറിയപ്പെട്ടിരുന്നത്. 1653–ലെ കുപ്രസിദ്ധമായ ഉദയംപേരൂർ സുന്നഹദോസിൽ പങ്കെടുക്കാതിരുന്ന അപൂർവം ഇടവകകളിലൊന്നാണ് ആർത്താറ്റ് പള്ളി. പക്ഷേ പിൽക്കാലത്ത് അവിടെ ഒരു വിഭാഗം റോമൻ കത്തോലിക്കാ സഭയിൽ ചേർന്നു. അതോടെ പള്ളിയിൽ രണ്ടു കക്ഷിയായി. തുടർന്ന് ഇരു വിഭാഗവും ഊഴമിട്ട് കർമ്മം നടത്തിവന്നു.

ഇക്കാലത്ത് ടിപ്പു സുൽത്താന്റെ ആക്രമണത്തിൽ ആർത്താറ്റ് പള്ളി തീയിട്ടു നശിപ്പിച്ചു. ഇരുവിഭാഗമായി നിന്നതിനാൽ അറ്റകുറ്റപ്പണികളൊന്നും കൂടാതെ പള്ളി അനേകകാലം കിടന്നു. സുൽത്താനോട് *അയർത്ത്* (എതിർത്ത്) അറ്റുപോയത് എന്ന അർത്ഥത്തിൽ ചാട്ടുകുളങ്ങരപ്പള്ളിക്ക് *ആർത്താറ്റ് പള്ളി* എന്ന പേർ ലഭിച്ചു.

ഈ വിവാദത്തിന് അറുതി വരുത്തിക്കൊണ്ട് 1804–ൽ കൊച്ചിയിലെ ശക്തൻ തമ്പുരാൻ ചീട്ടിട്ട് പള്ളി മലങ്കര സഭയ്ക്കും, കുരിശ് റോമൻ കത്തോലിക്കർക്കും നൽകി. തുടർന്ന് പള്ളി പുനരുദ്ധാരണം നടത്തി. പഴയ സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ (പിന്നീട് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്താ) ആണ് ഇതിനു നേതൃത്വം നൽകിയത്. കേരളത്തിലെ തന്നെ ഏറ്റവും വലിയ സെമിത്തേരികളിലൊന്നാണ് ആർത്താറ്റു പള്ളിയുടേത്. പ. പരുമല തിരുമേനിയാണ് ഇത് കൂദാശ ചെയ്തത്.

വി. ദൈവമാതാവിന്റെ ജനന പെരുന്നാൾ ആണ് ഇവിടുത്തെ മുഖ്യ പെരുന്നാൾ. അനേക സവിശേഷ പ്രാദേശിക ആചാരങ്ങൾ ഇന്നും ഈ പെരുന്നാളിൽ നിലനിൽക്കുന്നു. പടിപ്പുര മാളികയും, ആനവയറൻ മതിലും ഉള്ള ആർത്താറ്റുപള്ളി നസ്രാണി ദേവാലയ വാസ്തുവിദ്യയ്ക്ക് ഉത്തമ ഉദാഹരണമാണ്. അതി വിശാലമാണ് ആർത്താറ്റു പള്ളിയുടെ വി. മദ്ബഹാ.

തീവ്ര സത്യ വിശ്വാസികളായ ആർത്താറ്റുപള്ളിക്കാരാണ് 1806–ൽ അന്ന് കേരളത്തിലുണ്ടായിരുന്ന മൂന്ന് വിദേശ ക്രൈസ്തവ ആധിപത്യങ്ങളെയും നിരാകരിച്ച് സുപ്രസിദ്ധമായ ആർത്താറ്റ് പടിയോല എഴുതിയത്. മൂന്നു മലങ്കര മെത്രാപ്പോലീത്താമാരെയും ആർത്താറ്റു പള്ളി സംഭാവന ചെയ്തു. അവർ യഥാക്രമം സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ, തൊഴിയൂർ മെത്രാനും മൂന്നു മലങ്കര മെത്രാപ്പോലീത്താമാരെ വാഴിച്ച വ്യക്തിയുമായ കിടങ്ങൻ മാർ പീലക്സീനോസ്, ആധുനിക മലങ്കര സഭയ്ക്ക് ആത്മീയവും ലൗകികവുമായ അടിസ്ഥാനമിട്ട പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ എന്നിവരാണ്.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ പ്രസിദ്ധമായ ജൂബിലിക്കാപ്പ, ആർത്താറ്റ് പടിയോല ഇവ പള്ളിയിൽ സൂക്ഷിച്ചിട്ടുണ്ട്.


## CHARITY FUND



**A Great Supportive Hand for the progress of St.Gregorios International Cancer Care Centre** by St.Thomas Indian Orthodox Syrian Church , Ahamadi, Kuwait -Releasing a grant(for the sponsership of General ward at SGICCC) amount of Rs.45 Lakhs on 25 May 2012 at 10amParumala , Cancer Project Administrative office. (Attachment: Photo: **Mr.Achenkunju John** ,Finance Convener of Philanthropic Project Committee ,St.Thomas Indian Orthodox Church ,Ahmadi ,Kuwait handing over the cheque to **Rev.Fr.Shaji.M.Baby**, Finance Director, St.Gregorios International Cancer Care Centre on 25-05-2012 ).

Rev.Fr.Abraham.P.George is the Vicar of St.Thomas Indian Orthodox Syrian Church.Mr.M.J.Georgekutty is the co-ordinator of the Philanthropic Project Committee.


## OKR റാങ്ക്



സൺഡേസ്ക്കൂൾ അസ്സോസിയേഷൻ Outside Kerala Region, 12-ാം ക്ലാസ്സിൽ ഒന്നാം റാങ്ക് നേടിയ നീതു സാറാ അലക്സ്. അലക്സ് ജോസഫിന്റെയും ലിസ്സാ അലക്സിന്റെയും മകൾ.



12-ാം ക്ലാസ്സിൽ മൂന്നാം റാങ്ക് നേടിയ ദീപ്തി എം. ജോർജ്. ജോർജ് ചെറിയാന്റെയും റേച്ചൽ ജോർജിന്റെയും മകൾ.




12-ാം ക്ലാസ്സിൽ റാങ്ക് നേടിയ സ്നേഹ സൂസൻ ജോർജ്. ജോർജ് ജോസഫിന്റെയും സിനു ജോർജിന്റെയും മകൾ. മൂവരും ബാംഗ്ളൂർ ഭദ്രാസനത്തിൽപ്പെട്ട ഇന്ദിരാനഗർ സെയിന്റ് ജോർജ് ഓർത്തഡേക്സ് ഇടവകയിലെ സൺഡേസ്കൂൾ വിദ്യാർത്ഥിനിയാണ്


## ആവശ്യമുണ്ട്

കേരളീയ ശൈലിയിലുള്ള പാചകം അറിയാവുന്ന ഓർത്തഡോക്സ് സഭാംഗമായ ഒരാളിനെ പുരാതന ഓർത്തഡോക്സ് കുടുംബത്തിലേക്ക് ആവശ്യമുണ്ട്. മാന്യമായ ശമ്പളം. പെൺകുട്ടികളാണെങ്കിൽ അവരുടെ വിവാഹം നടത്തിക്കൊടുക്കുന്ന കാര്യവും പരിഗണിക്കും. വികാരിയുടെ സാക്ഷ്യപത്രത്തോടെ Rev.Fr. Mathews Cor-Episcopa, Kuttikandathil, Theodical P.O., Thiruvalla-689613 എന്ന വിലാസത്തിൽ അപേക്ഷിക്കുക. 0469-2773239

## ബഹുമതികൾ



കന്യാകുമാരി, കുലശേഖരം സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയിലെ ഓഡിറ്ററായി തെരഞ്ഞെടുക്കപ്പെട്ട അനോവില്ലയിൽ അനീന പി. കുരുവിള.



മർത്തമറിയം സമാജത്തിന്റെ അഖില മലങ്കര പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ശ്രീമതി സാലി മാത്യു ചാമത്തിൽ, സി.ജെ. മാത്യുവിന്റെ സഹധർമ്മിണിയും മുംബൈ മലാഡ് സെന്റ് തോമസ് ഇടവകാംഗവുമാണ്.




മാവേലിക്കര അറുനൂറ്റിമംഗലം സെന്റ് കുറിയാക്കോസ് പള്ളിയുടെ ഓഡിറ്ററായി തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി ദീനാമ്മ രാജൻ, കിണറ്റുകര.



ചേറായി സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയുടെ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട മാർത്ത തരിയത് പുന്നക്കായിൽ.





കാനം സെന്റ് ജോർജ് പള്ളിയുടെ ട്രസ്റ്റിയായി ശ്രീമതി മിനി ഷാജി മുണ്ടമറ്റത്തിനെയും, സെക്രട്ടറിയായി ശ്രീമതി മിനി അജി പാലകുഴിയെയും തെരഞ്ഞെടുത്തു.

### ഓർമ്മപ്പെരുന്നാൾ

അഭി. ഔഗേൻ മാർ ദീവന്നാസിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ജൂൺ 6-ന് അദ്ദേഹം കബറടങ്ങിയിരിക്കുന്ന വള്ളിക്കാട്ട് ദയറായിൽ നടത്തുന്നു. കുട്ടികൾക്കുള്ള പഠനോപകരണ വിതരണം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് നിർവ്വഹിക്കപ്പെടുന്നു.

## ഭവനദാന പദ്ധതി

കാതോലിക്കേറ്റിന്റെ സ്ഥാപന ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് കുവൈറ്റ് ഇന്ത്യൻ ഓർത്തഡോക്സ് മേഴ്സി ഫെലോഷിപ്പിന്റെയും (IOMF) എം.ജി.ഒ.സി.എസ്.എം.ന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന ഭവനദാന പദ്ധതിയുടെ (Mercy Home 2012) അപേക്ഷ ജൂൺ മാസം 30-ാം തീയതിവരെ എം.ജി.ഒ.സി.എസ്.എം. സെൻട്രൽ ഓഫീസിൽ സ്വീകരിക്കും.

മലങ്കര സഭയിലെ ഓരോ ഭദ്രാസനത്തിലും രണ്ടു ഭവനങ്ങൾ വീതം 40 ഭവനങ്ങൾ പണിതു നൽകുവാനാണ് പദ്ധതിയിലൂടെ ശ്രമിക്കുന്നത്. ഒരു ഭവനത്തിന് 2 ലക്ഷം രൂപ വീതം, മൊത്തം 80 ലക്ഷം രൂപയാണ് പദ്ധതി പൂർത്തീകരണ ചെലവായി പ്രതീക്ഷിക്കുന്നത്.

എം.ജി.ഒ.സി.എസ്.എം. വെബ്സൈറ്റിലും കേന്ദ്ര ഓഫീസിലും അപേക്ഷാ ഫോറം ലഭ്യമാണ്. ഫാ. വർഗ്ഗീസ് വർഗ്ഗീസ്, എം.ജി.ഒ.സി.എസ്.എം., ജനറൽ സെക്രട്ടറി, സ്റ്റുഡന്റ് സെന്റർ, കോട്ടയം, പി.ബി. നം. 610 എന്ന വിലാസത്തിൽ അപേക്ഷകൾ ജൂൺ 30-നു മുമ്പായി എം.ജി.ഒ.സി.എസ്.എം. കേന്ദ്ര ഓഫീസിൽ അയച്ചുതരണം.

## അവാർഡ്



മാർ മക്കാറിയോസ് ഫൗണ്ടേഷൻ ഏർപ്പെടുത്തിയ ഇക്കൊല്ലത്തെ മക്കാറിയോസ് അവാർഡിന് ജസ്റ്റിസ് ജെ. ബെഞ്ചമിൻ കോശി അർഹനായി. പരിശുദ്ധ കാതോലിക്കാ ബാവാ അവാർഡു സമ്മാനിച്ചു.

## പൗരോഹിത്യ ജൂബിലി



കുവൈറ്റ് അഹമ്മദി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി വികാരിയയായ ഫാ. ഏബ്രഹാം ജോർജ് പാറമ്പുഴ പൗരോഹിത്യ സിൽവർ ജൂബിലി നിറവിൽ.

ശെമ്മാശ്ശനായതിന്റെ 50-ാം വർഷവും, ഷഷ്ഠിപൂർത്തിയും, വിവാഹത്തിന്റെ 30-ാം വർഷവും ആഘോഷിക്കുന്ന അച്ചൻ പ. ഗീവർഗീസ് ദ്വിതീയൻ ബാവായിൽ നിന്ന് 9-ാം വയസ്സിൽ മ്സമറോനോ പട്ടവും, പ. ഔഗേൻ ബാവായിൽ നിന്ന് കോറൂയോയും, മാത്യൂസ് പ്രഥമൻ ബാവായിൽ നിന്ന് യവപ്പദയ്ക്നോ, പൂർണ്ണ ശെമ്മാശ്ശൻ, വൈദിക പട്ടവും സ്വീകരിച്ചു. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ സെക്രട്ടറിയായി 10 വർഷം സേവനം അനുഷ്ഠിച്ചു.

സഹധർമ്മിണി: അന്നമ്മ, മക്കൾ: രഞ്ജു ഏബ്രഹാം, നെജു ഏബ്രഹാം. മരുമകൾ: സാറാ മറിയം ജോൺ.



പൗരോഹിത്യ ജൂബിലി ആഘോഷിച്ച ഫാ. വൈ. തോമസ് മുട്ടുവേലിൽ, അടൂർ-കടമ്പനാട് ഭദ്രാസനത്തിലെ വൈദികനാണ്.

## ദേവാലയ കൂദാശ



ബ്രഹ്മവാർ ഭദ്രാസനത്തിലെ കുരുഗുന്ത സെന്റ് ജോർജ് ഓർത്തഡോക്സ് ദേവാലയ കൂദാശയും, പെരുന്നാളും, മെയ് 4,5 തീയതികളിൽ അഭി. യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. വികാരി ഫാ. കുറിയാക്കോസ് തോമസ് പള്ളിച്ചിറ, ഫാ. എംസി. മത്തായി, ഫാ. ജെയിംസ് കുറ്റികണ്ടത്തിൽ, ഫാ. അജി തോമസ് ഫിലിപ്പ്, ഫാ. വർഗീസ് തേവർക്കാട്ട്, ഫാ. ഗീവർഗീസ് മാത്യു, ഡീ. പോൾ ജേക്കബ് സഹ കാർമ്മികത്വം വഹിച്ചു.

## ആചാര്യ അവാർഡുകൾ



സഭാകവി ശ്രീ. സി. പി. ചാണ്ടിയുടെ സ്മരണാർത്ഥം മലങ്കര ഓർത്തഡോക്സ് സഭ ഏർപ്പെടുത്തിയ മികച്ച അദ്ധ്യാപകർക്കുള്ള 2011-2012 ലെ ആചാര്യ അവാർഡുകൾ വിതരണം ചെയ്തു കോട്ടയം കണമലയിലെ കാളകെട്ടി അഴുത ഗവ. ട്രൈബൽ എൽ.പി. സ്ക്കൂളിലെ ഹെഡ്മിസ്ട്രസ് ശ്രീമതി പി. വി. ത്രേസ്യാമ്മയും മാവേലിക്കര തഴക്കരയിലുള്ള എം.എസ്. സെമിനാരി ഹൈസ്ക്കൂൾ അദ്ധ്യാപകൻ ശ്രീ. ജോൺ കെ. മാത്യുവുമാണ് അവാർഡിന് അർഹരായിരിക്കുന്നത്. ഇരുപതിനായിരം രൂപയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് അവാർഡ്. അവാർഡ് തുക ഇവർക്ക് വീതിച്ചു നൽകി. ശ്രീ. സി.പി. ചാണ്ടിയുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ പ്രബന്ധമൽസരത്തിൽ കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിലെ ശ്രീ. തോമസ് രാജു സമ്മാനാർഹനായി. പതിനായിരം രൂപയാണ് സമ്മാനതുക.

അഭി. കുറിയാക്കോസ് മാർ ക്ലീമ്മീസ് തിരുമേനി അഡ്വ. ശിവദാസൻ നായർ എം.എൽ.എ., ഫാ. ജേക്കബ് ഫിലിപ്പ്, ഡോ. റ്റി. എ. ജോർജ്, പ്രൊഫ. ജോൺ കുര്യൻ, പ്രൊഫ. ജി. ജോൺ, ശ്രീ. റെജി താഴമൺ, ശ്രീ. ഷാജി മഠത്തിലേത്ത് എന്നിവർ പ്രസംഗിച്ചു.

## നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ ചതുർവർഷ സമ്മേളനം

നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ 2012-ലെ ചതുർവർഷ സമ്മേളനം ബാംഗ്ലൂർ സെന്റ് ജോൺസ് കോളജിൽ വച്ച് നടത്തി. ഏപ്രിൽ 25 -ന് ആരംഭിച്ച സമ്മേളനത്തിന്റെ ചിന്താവിഷയം വേദനകളാൽ ഞരങ്ങുന്ന ലോകത്തിന് സുവിശേഷം എന്നുള്ളതായിരുന്നു. സമ്മേളനത്തിൽ മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്നും അഭി. ഗീവർഗീസ് മാർ കൂറിലോസ്, അഭി. യാക്കോബ് മാർ ഐറേനിയോസ്, ഫാ. ഡോ. ബിജേഷ് ഫിലിപ്പ്, ഫാ. ഡോ. ഗബ്രിയേൽ ജോസഫ്, ഫാ. അശ്വിൻ ഫർണാണ്ടസ്, ഫാ. തോമസ് വർഗീസ്, ഡോ. സാറാമ്മ വർഗീസ്, അഡ്വ. ജെയ്സി കരിങ്ങാട്ടിൽ തുടങ്ങിയവർ സംബന്ധിച്ചു.



ഫാ. അശ്വിൻ ഫർണാണ്ടസ്



ഡോ. സാറാമ്മ വർഗീസ്

NCCI എക്സിക്യൂട്ടീവ് അംഗങ്ങളായി അടുത്ത നാലു വർഷത്തേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടവർ.

# കോഴ്സ് തെരഞ്ഞെടുക്കലിന്റെ ആഭിജാത്യം

ഇഞ്ചപ്പാറ ജംഗ്ഷനിൽ നിന്നുകൊണ്ട് ഒരാൾ തിരുമേനിയെ ഭള്ള് പറയുന്നു; എഞ്ചിനീയറിംഗിന് സീറ്റ് കൊടുത്തില്ലത്രെ! അയാളുടെ പരിഭവം കേട്ടുകഴിഞ്ഞപ്പോൾ കേട്ടുപോയല്ലോ എന്നായിപ്പോയി. പ്രവേശന പരീക്ഷയിൽ 'യോഗ്യത' നേടാൻ പോലുമാവാതെ മാർക്കു കുറഞ്ഞ ഒരു മകൻ. അവനും വേണ്ടത് മെക്ക്-എഞ്ചിനീയറിംഗ് സീറ്റ്.

സത്യത്തിൽ നമ്മുടെ കുട്ടികൾ ഉന്നതവിദ്യാഭ്യാസം തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണ്? മകൻ മെക്കാനിക്കൽ എഞ്ചിനീയറാണെന്ന് അമ്മയ്ക്ക് സ്ത്രീവേദികളിൽ പ്രഖ്യാപിക്കാനുള്ള ഉപകരണമാണോ ആ കുട്ടി? പ്രോജക്ടിനുവേണ്ടി ഒരു ലക്ഷം ചെലവഴിച്ചുവെന്ന് നാട്ടിൽ ഇരുന്ന് വീമ്പ് പറയുന്ന മാതാപിതാക്കൾ കോയമ്പത്തൂരിലെ വെൽഡിംഗ്/ലെയ്ത്ത് വർക്ക്ഷാപ്പിലെ അണ്ണാച്ചിപ്പയ്യന്റെ ഭാവനയിൽ വിരിയുന്ന യന്ത്രം കാണുന്നുണ്ടോ ആവോ! അടിസ്ഥാന വിദ്യാഭ്യാസം മാത്രമുള്ള അവനുള്ള ടെക്നിക്കൽ മൈൻഡ് പോലുമില്ലല്ലോ ദൈവമേ ഈ 'സപ്ലി'കൾക്ക്. പലരുടെയും പ്രോജക്ട് ചെയ്തു കൊടുക്കുന്നത് ഈ അണ്ണാച്ചിപ്പയ്യന്മാരാണത്രേ.

ഇനി പഠിത്തം കഴിഞ്ഞ് കാനഡയിലും അമേരിയിലും പോകാനിരിക്കയാണിവർ. പ്രൈമറി മുതൽ പത്താം തരം വരെയും അതിനുശേഷവും സർക്കാർ ഒരു കുട്ടിക്ക് ലക്ഷങ്ങൾ അവന്റെ വിദ്യാഭ്യാസത്തിനായി ചെലവിടുന്നുണ്ടത്രെ (7.5 ലക്ഷം?)

ഭാരത സർക്കാരിന്റെ ഗ്രാന്റിൽ പഠിച്ചിട്ട് തന്റെ സേവനവും അധ്വാനവും യൂറോപ്യൻ യൂണിയന് കൊടുക്കാനിരിക്കുകയാണിവർ. വിദേശത്തു പോയി തൊഴിൽ ചെയ്താൽ നികുതിയിനത്തിലെങ്കിലും രാജ്യത്തിന് നേട്ടമുണ്ടാകുമെന്നു പറയാം, പക്ഷേ അവിടെ പോയി പൗരത്വം സ്വീകരിച്ചാലോ?

പഠനം കഴിഞ്ഞാലും സായ്വിന്റെ 'കീഴിൽ' സേവനം ചെയ്യണമെന്നല്ലാതെ ഒരു 'സംരഭകത്വം' ഒരാളിലും കാണുന്നില്ലെന്നതാണ് വസ്തുത. ജപ്പാൻ, ചൈന പോലുള്ള രാജ്യങ്ങളിൽ 'കീഴിൽ സേവനമനുഷ്ഠിക്കുക' എന്നതിനപ്പുറം 'ഒരു സേവന ദാതാവാകുക' എന്ന മനോഹര സങ്കൽപ്പമാണുള്ളത്. വിദേശ വിപണിയെ ആശ്രയിച്ചു കഴിയുന്ന ടൂറിസം, ബി.പി.ഒ. (ബിസിനസ്സ് പ്രോസസ്സ് ഔട്ട്സോഴ്സ്) തുടങ്ങി സർവീസ് ഓറിയന്റഡായ തൊഴിൽ സ്ഥലങ്ങൾ മാന്ദ്യത്തിൽ ഞെരുങ്ങിപ്പോകുന്ന കമ്പോളമാണ്.

മോഹൻലാൽ ബസ് വാങ്ങി നശിച്ച സിനിമാ കഥയൊക്കെ അവിടെ നിൽക്കട്ടെ. എത്രയെത്ര ചെറുകിട വ്യവസായങ്ങളും സംരംഭങ്ങളുമാണ് മേൽപറഞ്ഞ നാടുകളിൽ ഭൂകമ്പവും സുനാമിയുമൊക്കെ തകർത്തിട്ടും പച്ച പിടിച്ചു നിൽക്കുന്നത്.


പണ്ട് പണ്ട് ഇത്രമേൽ കരിയർ സ്വപ്നങ്ങളില്ലാത്ത, മാതാപിതാക്കൾ അഞ്ച് പൈസ നൽകി സഹായിക്കാത്ത കാലത്ത് പ്രീഡിഗ്രിയും മറ്റും പഠിച്ച് രക്ഷ പെടണമെന്ന ഉൻമത്തതയോടെ സ്വന്തം ചെലവിൽ വണ്ടികയറിയ പലരുമാണ് ആർക്കും സ്വപ്നം കാണാനാകാത്ത ശമ്പളം വാങ്ങി ഇന്ത്യ എന്ന മുൻനിരയിലേക്ക് കുതിക്കുന്ന രാജ്യത്തെ ഇന്നും നയിച്ചു കൊണ്ടിരിക്കുന്നത്.

വിജ്ഞാനം, വിവേകം എന്നൊക്കെ ചിന്തിച്ചില്ലെങ്കിൽ പോലും ഒരു പാഠ്യപദ്ധതിയെന്നാൽ പണം, ആഭിജാത്യം എന്നൊക്കെ തരംതാഴ്ത്തിക്കാണുന്നതാണ് ആധുനിക വിദ്യാഭ്യാസത്തിന്റെ ദുരവസ്ഥ. ഈ കോഴ്സുകൾ തെരഞ്ഞെടുക്കുന്ന അമ്മമാർ കൂടി ഇതറിയുക. സവിനയം.

*ഗുണിതം:– 'ഉറക്കത്തിൽ കാണുന്നതല്ല ഉറക്കം കെടുത്തുന്നതാണ് സ്വപ്നം'*

*– ഫാ. മുകളിൽ*

■



# ARE YOU a QUALITY CONCERNED ?

One Stop Solution for all kinds of high quality designing/printing needs.

Magazines, Periodicals, books, Calenders, Diaries, Suppliments, Journals, Bulletins, Souvenirs, Brochures, Notices, Lucky Draw Coupons, Question Papers, Visiting Cards, Letter Heads, Envelopes, News Letters etc.

12x7 CUSTOMER SUPPORT
+91 9745 210 970

teamimprints@hotmail.com

imprints
printographic solutions

## St. Gregorios Medical Mission Hospital

Parumala, Pathanamthitta, Pin-689626
Ph: 0479-2312266, 2312465, Fax-0479-2312866
email: sgmhospital@sify.com

## ADMISSION STARTED

**General Nursing (GNM)** 3½ വർഷം

വിദ്യാഭ്യാസ യോഗ്യത : 40% മാർക്കോടെ +2 പാസ്സായിരിക്കണം/തത്തുല്യ വിദ്യാഭ്യാസം.

**B.Sc. Nurisng** - 4 വർഷം

യോഗ്യത - +2 with 50% marks for physics, Chemistry and Biology.

**B.Sc. MLT** - 4 വർഷം,

യോഗ്യത - +2 with 50% marks for physics, Chemistry and Biology.

**Dialysis Technician Course** - 2 വർഷം,

യോഗ്യത - + 2

സമർത്ഥരായ വിദ്യാർത്ഥികൾക്ക് നേഴ്സിങ്ങ് പഠനത്തിന് സ്കോളർഷിപ്പ്/ലോണിന് അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

## To live in eternity with Christ

കർത്താവിൽ നിദ്രപ്രാപിച്ചു
18-5-2012



## GRACY OOMMEN

Vattaparampil Selamet
Kozhencherry

Sorrowing Family

THE MALANKARA SABHA,
Catholicate Office, Kottayam-686 004

REG. NO. KL/KTM/236/2012-14
RNI LICENCE NO. NO. 475, 11TH APRIL 1946.


# FATHER MATHEWS COLLEGE OF NURSING

5/1, HMT Main Road, Near HMT Stadium, Jalahalli, Bangalore- 560 013






Very Rev. V.I. MATHEWS
Cor-Episcopa
*Chairman*
Mob: 09342489889

## Admission Started For 2012-2013 Batch

# B.Sc. Nursing

(Girls Only)

Approved by INC & KNC, Govt. of Karnataka & Rajiv Gandhi University of Health Sciences

Dr. Renji Isaac Mathews
Managing Trustee
Mobile: 09341229030

No Donation
Bank Loan Facility Available

## Features:

- Excellent coaching by well trained teachers
- Best result in the University - 2005-09 Batch (4th year) 100% Pass, 2006-10 Batch (3rd year) 100% Pass, 2007 -11 Batch (2nd year) 97% Pass
- 2006-10 Batch (4th Year) 100% Pass, 2007 - 11 Batch (4th Year) 96% Pass
- Hostel in the same campus
- Kerala Food
- Safety and security guarantied
- Multi speciality parent hospital - Father Mathews Shiridi Sai Hospital -150 bedded with ICU, dialysis etc.,
- Campus interview & placement service available

**www.fathermathewscollegeofnursing.com**


PRINTED AND PUBLISHED BY FR. THOMAS P. MUKALIL FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.
PRINTED AT CATHOLICATE PRESS KOTTAYAM-38; CHIEF EDITOR DR. ZACHARIAH MAR APREM RS. 15/-